മാർച്ച് 2020
Price ₹ 25

# ജീവനും വെളിച്ചവും



ആത്മീയതയുടെ നിറവാർന്ന തപസ്
നിന്നെ യഥാർഥ മനുഷ്യനാക്കുന്നു


മാർച്ച് 11 ന് ജന്മദിനവും മാർച്ച് 19 ന് നാമഹേതുക തിരുനാളും
ആഘോഷിക്കുന്ന തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ
അഭിവന്ദ്യ സൂസപാക്യം പിതാവിന്
അതിരൂപതാ മക്കളുടെ പ്രാർഥനാശംസകൾ...

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2020 മാർച്ച്
പുസ്തകം - 44 ലക്കം - 3
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# തിന്മകൾക്കെതിരെ ക്രിസ്തുവിന്റെ നീതി

ജീവനുമേൽ ദൈനംദിനം ഉയർന്നുവരുന്ന ഭീഷണി ഭയാനകമാണ്. ഈ അടുത്തകാലത്ത് കഠ്വയിലും, ഉന്നാവിലും നടന്ന പെൺകുട്ടികളുടെ മേലുള്ള നീചമായ കയ്യേറ്റം മനുഷ്യമനസാക്ഷിയെ മരവിപ്പിക്കുന്നു. ജീവന് സംരക്ഷണ നൽകേണ്ട ഭരണകൂടങ്ങൾപോലും 'ദയാവധം', 'ഭ്രൂണഹത്യ' തുടങ്ങിയ കാര്യങ്ങളിൽ നടത്തിയ നിയമനിർമാണം ആശങ്കവർധിപ്പിക്കുന്നു. ആറുമാസം വളർച്ചയെത്തിയ ഗർഭസ്ഥ ശിശുവിനെ കൊല്ലാൻ അനുമതി നൽകുന്ന നിയമം ജീവന്മേലുള്ള കടന്നുകയറ്റമാണ്. രാജ്യങ്ങൾ പരീക്ഷണ ശാലകളിൽ തയ്യാറാക്കി വച്ചിരിക്കുന്ന ജൈവ ഉപാധികൾ പലപ്പോഴായി പുറംമൂടി ഭേദിച്ച് പുറത്തുവരുന്നത് ലോകമെമ്പാടും ഭീതി ഉളവാക്കുന്നു. വ്യാപാര കരാറുകളിലൂടെ മനുഷ്യാവകാശങ്ങൾക്കുമേൽ ഉയർന്നുവന്ന ഭീഷണി പുത്തൻരൂപങ്ങളിലും ഭാവങ്ങളിലും മനുഷ്യനെ അടിമയാക്കുന്ന സ്ഥിതി.

2020-21 വർഷത്തേക്കുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബജറ്റുകൾ അവതരിപ്പിച്ചുകഴിഞ്ഞു. തൊഴിലിടത്തും സാമ്പത്തിക രംഗത്തും ഉയർന്നുവന്നിരിക്കുന്ന മാന്ദ്യം മറികടക്കാനുതകുന്ന നിർദ്ദേശങ്ങളില്ലാത്ത കേന്ദ്രബജറ്റ് ഇതിനകം കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ഇടയിൽ വലിയ പരിഭ്രാന്തിയായി. അടിസ്ഥാന തൊഴിൽ വിഭാഗങ്ങളെ പ്രചോദിപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അഭാവം അസംഘടിത തൊഴിലാളികളിൽ വലിയ ആശങ്ക ഉണർത്തുന്നു. വമ്പൻ കോർപ്പറേറ്റുകൾക്ക് പ്രോത്സാഹനം നൽകുന്ന കേന്ദ്രബജറ്റ് ജനകോടികളുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചു. സംസ്ഥാന ബജറ്റ് 2018 ൽ 2000 കോടിയും 19 ൽ 5000 കോടിയും, 20 ൽ 1000 കോടിയും മത്സ്യമേഖലയുടെ ഉജ്ജീവനത്തിനായി വകയിരുത്തിയെങ്കിലും ദൈനംദിന ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇന്നും ഇത് ബാലികേറാമലയാണ്. അതിവേഗം കേടുവരുന്ന മത്സ്യത്തിനായി സംസ്കരണ സംവിധാനം പ്രഖ്യാപിച്ചെങ്കിലും തുക വകയിരുത്താതെ അത് ശൂന്യതയിൽ തന്നെ നിൽക്കുന്നു. "ഈ അത്ഭുതപൂർവ്വമായ വികസന ഇടപെടലിനെക്കുറിച്ച് ദൗർഭാഗ്യവശാൽ വേണ്ടത്ര അറിവ് മത്സ്യമേഖലയിൽ ഇല്ല" എന്ന ധനമന്ത്രിയുടെ പ്രസ്താവന പ്രതിഷേധാർഹമാണ്. ഇന്ദ്രപ്രസ്ഥത്തിൽ ഹാട്രിക് വിജയം നേടി ജനസമ്മതനായ അരവിന്ദ് കേജ്‌രിവാൾ വന്നത് വികസന രംഗത്തെ ദിശാസൂചനയാണ്.

ഒരു തപസ് കാലത്തിന് ഒരുങ്ങുന്ന ക്രൈസ്ത സമൂഹം കാലത്തിന്റെ വെല്ലുവിളികളെ സധൈര്യം ഏറ്റെടുക്കാൻ ആത്മബലവും, കരുത്തും ആർജ്ജിക്കാനുള്ള അവസരമാണ്. ഈ തപസ്സുകാലം തിന്മകൾക്കെതിരെ ക്രിസ്തുവിന്റെ നീതി സാന്നിധ്യമാകാനാകട്ടെ.

- പത്രാധിപർ

# പ്രതികരണങ്ങൾ

## ഫെബ്രുവരി ലക്കം ലേഖനങ്ങൾ ഗംഭീരം

ഫെബ്രുവരി മാസത്തിലെ 'ജീവനും വെളിച്ചവും' വളരെ മികവുറ്റതായിരുന്നു. പൗരത്വബില്ലിനെക്കുറിച്ച് യൂജിൻ അച്ചന്റെയും അഗസ്റ്റിൻ കണിപ്പിള്ളിയുടെയും ലേഖനങ്ങൾ, ജനങ്ങളിൽ കൂടുതൽ അറിവ് പകരുന്നതായിരുന്നു. ശ്രീ. എബ്രഹാം തോമസിന്റെ 'മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന ലേഖനം നാം അനുവർത്തിക്കേണ്ട ഒന്നാണെന്നുള്ള ബോധ്യം നൽകുന്നു. ശ്രീ. ഇഗ്നേഷ്യസ് തോമസ് സാറിന്റെ പുസ്തകപരിചയം പുതിയ അറിവ് നൽകുന്നതായിരുന്നു. എന്നാൽ അതിൽ കുറച്ചുവിവരണം കൂടി നൽകിയിരുന്നുവെങ്കിൽ അനുവാചകരിൽ അത് വായിക്കാനുള്ള ഉത്സാഹം കൂടുമായിരുന്നു എന്നു തോന്നി.

ഫ്രീഡ സെക്സ്റ്റസ്
വെട്ടുകാട്തോന്നയ്ക്കൽ

## തപസ്സുകാലം

തപസുകാലത്തെക്കുറിച്ചുള്ള മുഖവിചാരവും വചനജ്വാലയിലെ മൈക്കിൾ തോമസച്ചന്റെ ലേഖനവും ഫാ. ആന്റോ ദീപക്കിന്റെ തപസുകാല ചിന്തകളും നന്നായിരുന്നു. ലത്തീൻസഭയിൽ തപസുകാലാചരണത്തിന് അത്ര പ്രാധാന്യമുണ്ടെന്ന് തോന്നുന്നില്ല. ഈസ്റ്ററിന് അനുബന്ധമായ ഒരാചാരം അത്രതന്നെ. എന്നാൽ പ്രായമേറിയ ഒരു തലമുറ ക്രിത്യമായി നോമ്പാചരണം അർഥവത്തായി നടത്തുന്നു. നമ്മുടെ വൈദികരും ക്ഷാരബുധനിലെ ഒരു പ്രസംഗത്തിനപ്പുറം നോമ്പാചരണത്തെ പ്രോത്സാഹിപ്പിച്ചും കാണുന്നില്ല. അതിന്റെ പ്രാധാന്യത്തെയും പ്രസക്തിയെയും അത് നമ്മുടെ വ്യക്തിജീവിതത്തെ ക്രൂശിതനുമായി താദാത്മ്യപ്പെടുത്തുന്ന സ്വർഗീയബന്ധത്തെയും കുറിച്ച് യുവതലമുറയെ ബോധവാന്മാരാക്കണം. നമ്മുടെ ശരീരത്തിന്റെ ആഗ്രഹങ്ങളെയും മോഹങ്ങളെയും നിയന്ത്രിക്കാനും പിശാചിന്റെ ശക്തികളെ ഇല്ലായ്മ ചെയ്യാനും നമ്മുടെ ശരീരത്തിൽ അഴിഞ്ഞകൂടുന്ന മാലിന്യങ്ങളെ നിർമാർജനം ചെയ്യാനും തപസനുഷ്ഠാനം സഹായിക്കും.

വിജയമ്മ എം.




## 'മുഖചിത്രം' അർഥസമ്പുഷ്ടം

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം 'മുഖചിത്ര'മായി വന്ന ഫെബ്രുവരി ലക്കത്തിലെ പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ചുള്ള ലേഖനങ്ങളെല്ലാം അർഥസമ്പുഷ്ടവും ഉജ്ജ്വലവുമായിരുന്നു. അമിത്ഷാ-മോദി കൂട്ടുകെട്ട് രാജ്യത്തിനാപത്താണ്. ഇന്ത്യൻ ഭരണഘടന മാറ്റി 'മോദിഘടന' നടപ്പിലാക്കുന്നത് ജനം പൊളിക്കും. ഡൽഹിയിലെ ആം ആദ്മി പാർട്ടിയുടെ തിളക്കമാർന്ന ജയം ബിജെപിക്ക് കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. ബിജെപിയുടെ തളർച്ചയുടെ തേരോട്ടത്തിന് ഇന്ദ്രപ്രസ്ഥത്തിൽ തന്നെ തുടക്കം കുറിച്ചിരിക്കുന്നു. അഴിമതി-ഗുണ്ടാ ഭരണങ്ങൾക്കുള്ള മറുപടിയാണ് കേജ്രിവാളിന്റെ സംശുദ്ധ ഭരണം.


ജെറാൾഡ് ബി.മിരാൻഡ

## അറിയിപ്പ്

സാമൂഹികവും ആത്മീയവുമായ വിഷയങ്ങളിൽ കഥകളും കവിതകളും ലേഖനങ്ങളും ക്ഷണിക്കുന്നു. കഥകളും ലേഖനങ്ങളും രണ്ടു പുറത്തിൽ കവിയാൻ പാടില്ല. കവിതകൾ 16 വരികളിൽ അധികരിക്കരുത്. കവിതകൾക്കും കഥകൾക്കും സാരോപദേശ സ്വഭാവം ഉണ്ടാകുന്നത് സ്വാഗതാർഹമാണ്.

ഇത്തരം സൃഷ്ടികൾക്ക് പുറമെ പ്രതികരണങ്ങളും ക്ഷണിക്കുന്നു. സാമൂഹികവും സമകാലികവുമായ വിഷയങ്ങളിൽ ക്രിയാത്മകവും വിമർശനാത്മകവുമായ പ്രതികരണങ്ങളാവാം. യോഗ്യമായവ ജീവനും വെളിച്ചത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. രചയിതാക്കൾ പേരും അഡ്രസും ഫോൺ നമ്പരും രചനകളോടൊപ്പം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

- പത്രാധിപർ



# താളുകളിൽ


6 **നോമ്പ്**
ഫാ. ഇമ്മാനുവേൽ

8 **ചാരത്തിൽ നിന്ന് ചാരത്തേയ്ക്ക്**
ഫാ. വിക്ടർ എവരിസ്റ്റസ് ഐവിഡി

11 **കവിത**
വിൻസെന്റ് എം.ലോപ്പസ്

12 **വ്രതാനുഷ്ഠാനത്തിന്റെ ലക്ഷ്യങ്ങൾ**
വി.പി.സുഹൈബ് മൗലവി

16 **എന്തിന് ഉപവസിക്കണം**
ഫാ. റിനോയ് തോമസ് ഐവിഡി

19 **കാനോൻ നിയമം**
ഡോ. ജോസ് ജി.

20 **തുടർമഴ**
ഫാ. ലെനിൻ ഫെർണാണ്ടസ്

22 **വർത്തമാനം**
അഗസ്റ്റിൻ കണിപ്പിള്ളി

28 **വാർത്തകൾ**

32 **നീർച്ചാൽ**

38 **വചനജ്വാല**

40 **ഇളംതൂവൽ**

42 **നേർക്കാഴ്ച**

# നോമ്പ്



ലേഖനം

ഫാ. ഇമ്മാനുവേൽ

'ദൈവത്തിൽ നിന്ന് അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷണതയോടെ തിരിച്ചു വന്ന് അവിടുത്തെ തേടുവിൻ (ബാറൂക്ക് 4 : 28).'

കല്ലിനോട് ചോദിക്കൂ

എത്ര കാത്തിരുന്നിട്ടാണ് രത്നമാകുന്നതെന്ന്

വെള്ളത്തുള്ളിയോട് ചോദിക്കൂ

എത്ര കാലത്തെ കാത്തിരിപ്പാണു മുത്തിലേക്കെന്ന്

ഒരു ഈശ്വരവിശ്വാസിയുടെ വസന്തകാലമാണ് നോമ്പ്. ഒരു യഥാർത്ഥ വിശ്വാസിയുടെ പരിശീലന കാലഘട്ടവും അത് തന്നെയാണ്. നന്മയെ സ്വീകരിക്കാനും തിന്മയെ നിരാകരിക്കാനും ഒരു നോമ്പുകാലം കൂടി വരവായ്. ദൈവമഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയാൻ ഒരു അവസരം കൂടി ഉടയോൻ കനിഞ്ഞേകുന്നു. നോമ്പു കാലം ധന്യമാകുന്നത് അത് അനുഷ്ഠിക്കുമ്പോഴാണ്. നോമ്പിനെ പൂത്തുപൂവിട്ടു നിൽക്കുന്ന വൃക്ഷമായി കണ്ടാലും നക്ഷത്രവിളക്കുകളാൽ അലംകൃതമായ ആകാശമായി നിർവ്വചിച്ചാലും അനേകം നദികൾ സംഗമിക്കുന്ന സമുദ്രമായി വർണ്ണിച്ചാലും അതിന്റെ കേന്ദ്രസ്ഥാനം ദൈവത്തിനാണ്. എല്ലാ മതങ്ങളും അക്കമിട്ട് പറയുന്ന യാഥാർത്ഥ്യമാണ് ദൈവം.

പ്രാർത്ഥനയേയും ഉപവാസത്തെയും പ്രതിപാദിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ ഈ നോമ്പുകാലത്തെ ബലപ്പെടുത്തുന്നുണ്ട്.

1 സാമു 7:6 'അവർ മിസ്പായിൽ ഒരുമിച്ചുകൂടി. വെള്ളം കോരി കർത്താവിന്റെ സന്നിധിയിൽ പകർന്നു. ആ ദിവസം മുഴുവൻ അവർ ഉപവസിച്ചു '

യോനാ 3:5 ‘നിനവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിയവരും ചെറിയവരും ഒന്നുപോലെ ചാക്കുടുത്തു’

1 സാമു 31: 12-13 ‘സാവൂളും പുത്രൻമാരും വധിക്കപ്പെട്ടപ്പോൾ ദാവീദും കൂടെയുള്ളവരും ഏഴു ദിവസം ഉപവസിച്ചു’

2 സാമു 12:16 ‘കുഞ്ഞിനുവേണ്ടി ദാവീദ് ദൈവത്തോടു പ്രാർത്ഥിച്ചു. അവൻ ഉപവസിച്ചു. രാത്രി മുഴുവൻ മുറിയിൽ നിലത്തു കിടന്നു’

നോമ്പ് അനുഷ്ഠിക്കുമ്പോൾ സംഭവിക്കുന്നത് - ഒന്ന്, ദൈവത്തെ ആരാധ്യനായി സ്വീകരിക്കുന്ന കാലം: സാമുവൽ ഇസ്രായേൽ ജനത്തോടു പറഞ്ഞു: ‘പൂർണ്ണ ഹൃദയത്തോടെ നിങ്ങൾ കർത്താവിങ്കലേക്കു തിരിയേണ്ടതിന് അന്യദേവൻമാരെയും അസ്താർത്തെ ദേവതകളെയും ബഹിഷ്കരിക്കണം. നിങ്ങളെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുവിൻ. അവിടുത്തെ മാത്രം ആരാധിക്കുവിൻ (1 സാമു 7:3).’ ഭൗതിക വസ്തുക്കളിൽ നിന്നും അകന്ന് ആത്മീയതയെ പുൽകി ജീവിക്കുമ്പോൾ ദൈവം ആരാധ്യനായി വാഴും എന്റെയും നിന്റെയും ഹൃത്തടത്തിൽ



രണ്ട്, ഇത് ഒരു മാപ്പപേക്ഷക്കാലമാണ്: മനമുരുകിയുള്ള സോളമൻ രാജാവിന്റെ പ്രാർത്ഥന രാജാക്കൻമാരുടെ പുസ്തകത്തിലെ ധന്യതയാണ്. ‘അവർ അവിടെവച്ചു ഹൃദയപൂർവ്വം പശ്ചാത്തപിച്ച്, ഞങ്ങൾ പാപം ചെയ്തുപോയി,അനീതിയും അകൃത്യവും പ്രവർത്തിച്ചു എന്ന് ഏറ്റു പറയുകയും ചെയ്താൽ (1 രാജാ 8 : 47) സ്വർഗ്ഗത്തിലിരുന്ന് അവരുടെ പ്രാർത്ഥനകളും യാചനകളും ശ്രവിക്കും.’ നന്മകളെയും നല്ലവരെയും മുറിപ്പെടുത്തിയും വ്രണപ്പെടുത്തിയും ജീവിച്ച നിമിഷങ്ങളെയോർത്ത് മനസ്സ് നൊമ്പരത്താൽ നിറയുന്നുണ്ട് ഈ നാളിൽ

മൂന്ന്, ദൈവത്തോടു സ്വർഗ്ഗം ചോദിക്കുന്ന കാലം : നല്ല കള്ളന്റെ ഭാഷ്യം ‘നമ്മുടെ ശിക്ഷാവിധി ന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്കു ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല. അവൻ തുടർന്നു: യേശുവേ, നീ നിന്റെ രാജ്യത്ത് പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ. യേശു അവനോടു പറഞ്ഞു: നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്ക 23: 41-43).’ വലത്തേക്കള്ളൻ ഒരായുസ്സു മുഴുവൻ ജീവിച്ച് ഒരു നിമിഷം കൊണ്ട് അനുതാപത്തിലൂടെ പറുദീസ നേടിയതുപോലെ ഒരുക്കമുള്ളവർക്കുള്ള ഇടമായ സ്വർഗ്ഗം കരസ്ഥമാക്കാം

നാല്, നരകത്തിൽ നിന്നുള്ള മോചനം നേടുന്ന കാലം: ധനികൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കി അവൻ വിളിച്ചു പറഞ്ഞു: ‘പിതാവായ അബ്രഹാമേ, എന്നിൽ കനിയണമേ! തന്റെ വിരൽത്തുമ്പു വെള്ളത്തിൽ മുക്കി എന്റെ നാവു തണുപ്പിക്കാനായി ലാസറിനെ അയക്കണമേ! ഞാൻ ഈ അഗ്നി ജ്വാലയിൽക്കിടന്ന് യാതനയനുഭവിക്കുന്നു (ലൂക്ക 16: 23,24)’. നരകോർമ്മകൾ നരകിപ്പിക്കുന്ന വേളകളിൽ ഈ നോമ്പ് ദിനങ്ങൾ സ്വർഗ്ഗം ലക്ഷ്യമാക്കാൻ സഹായിക്കുന്നു

യോന ഇഷ്ടമില്ലാത്ത ഇടമായ നിനവേയിലേക്ക് പോകുമ്പോലെ യേശു കാൽവരിയിലേക്ക് ഭാരമുള്ള കുരിശുമായി നടന്നതുപോലെ ജീവിതാനുഭവങ്ങളുടെ ഭാണ്ഡവുമായി ഒരു പ്രയാണം തുടങ്ങാം. ഈ യാത്രയിൽ ഒരിടത്ത് ഓശാനയും; മറ്റൊരിടത്ത് പെസഹായും; വേറൊരിടത്ത് ദുഃഖവെള്ളിയും; ഏറ്റവുമൊടുവിൽ ഉത്ഥാനവും ദർശിക്കും. യാത്രയുടെ ലക്ഷ്യം സഫലമാക്കാൻ ഈ നോമ്പോർമ്മകൾ ശക്തി പകരട്ടെ.

■



# ചാരത്തിൽ നിന്ന് ചാരത്തേയ്ക്ക്

ഫാ. വിക്ടർ എവരിസ്റ്റസ് IVD

ആരാധനാക്രമവത്സരം (Liturgical Year) ക്രമീകരിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തെ പ്രധാനമായും മൂന്ന് ഭാഗങ്ങളായി തിരിച്ചുകൊണ്ടാണ്. ഈ മൂന്നു ഭാഗങ്ങളിലൂടെയും തിരുസഭ തന്റെ മണവാളനായ ക്രിസ്തുവിന്റെ മുഴുവൻ രക്ഷാകര രഹസ്യവും അവിടുത്തെ മനുഷ്യാവതാരവും പരിശുദ്ധാത്മാവിന്റെ ആഗമനമായ പെന്തക്കോസ്താ തിരുനാൾ വരെയും തുടർന്ന് അവിടത്തെ 2 ാം വരവിനായുള്ള ഒരുക്കവും പ്രതീക്ഷിക്കുന്നു.

ഒന്നാമത്തേത് ക്രിസ്തുവിന്റെ പ്രത്യക്ഷീകരണം എന്ന രഹസ്യത്തെ കേന്ദ്രമാക്കി കൊണ്ടാണ്. ഈ ഭാഗം ആരംഭിക്കുന്നത് ആഗമനകാലത്തിലെ ആദ്യത്തെ ഞായറാഴ്ചയോടെയാണ്. റോമൻസഭയിലെ ആരാധനാക്രമവത്സരത്തിന്റെ ആരംഭവും ഈ ദിവസം തന്നെയാണ്. ആഗമന കാലത്തിലെ 4 ഞായറാഴ്ചകളും തുടർന്ന് ക്രിസ്തുവിന്റെ തിരുപ്പിറവിയും, ശേഷമുള്ള തിരുപ്പിറവികാലത്തിൽ (Christmas tide) പ്രധാനമായും തിരുക്കുടുംബത്തിന്റെ തിരുനാളും, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളും (ജനുവരി 1), കർത്താവിന്റെ പ്രത്യക്ഷീകരണ തിരുനാളും (Epiphany) തുടർന്ന് അവിടത്തെ ജ്ഞാനസ്നാന തിരുനാളും ആഘോഷിക്കുന്നു. കർത്താവിന്റെ ജ്ഞാനസ്നാനത്തോടെ ആരാധനാ ക്രമവത്സരത്തിലെ ഒന്നാമത്തെ ഭാഗം അവസാനിക്കുകയും രണ്ടാമത്തെ ഭാഗമായ ആണ്ടുവട്ടം (Temp us Ordinaries) ആരംഭിക്കുകയും ചെയ്യുന്നു. മുപ്പത്തിമൂന്നോ, മുപ്പത്തിനാലോ ആഴ്ചകളിലായി രണ്ടു ഭാഗങ്ങളിലായാണ് ഈ സമയം ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തു രഹസ്യമായ പ്രത്യക്ഷവത്ക്കരണ രഹസ്യമോ പെസഹാരഹസ്യമോ അല്ലാത്ത ഘടകങ്ങളാണ് ഇക്കാലയളവിൽ പ്രധാനമായും ആരാധനയിൽ ആഘോഷിക്കപ്പെടുന്നത്.

മൂന്നാമത്തെ ഭാഗമാണ് ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ആഘോഷം. വിഭൂതി ബുധനാഴ്ച ആരംഭിക്കുന്ന ഈ മൂന്നാം ഭാഗം (നോമ്പുകാലം) അവസാനിക്കുന്നത് വലിയ ശനിയോടുകൂടിയാണ്. നോമ്പ് ഇംഗ്ലീഷ്

ഭാഷയിൽ ലെന്റ് (lent) എന്നാണ് അറിയപ്പെടുന്നത്. ഇംഗ്ലീഷ് ഭാഷയിലെ പുരാതന പദമായ ലെങ്ടൺ (lencten) എന്ന വാക്കാണ് ഈ വാക്കിന്റെ മൂലപദം. ഈ വാക്കിന്റെ അർത്ഥം Spring എന്നാണ്. നാല് ഋതുക്കളിൽ ഒരു ഋതുവായ വസന്ത (Spring) കാലത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വസന്തത്തിന്റെ പ്രത്യേകത ദിവസങ്ങൾക്ക് ദൈർഘ്യം കൂടുതലായിരിക്കും എന്നതാണ്. അതോടൊപ്പം തന്നെ ഈ കാലം പുതിയ ജീവൻ നൽകുന്ന സമയവുമാണ്. കാലക്രമേണ lent എന്ന വാക്ക് ഉത്ഥാനത്തിനു മുന്നോടിയായുള്ള ഉപവാസത്തെ സൂചിപ്പിക്കുവാനായി ഉപയോഗിക്കുവാൻ തുടങ്ങി.

നോമ്പുകാലം ആകെ 46 ദിവസങ്ങൾ വരും. പക്ഷേ ഈ കാലയളവിലെ 6 ഞായറാഴ്ചകൾ നോമ്പാചരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്താത്തതിനാൽ നോമ്പ് 40 ദിവസങ്ങളായിട്ടാണ് ആചരിക്കുന്നത്. എന്നാൽ ഇത് ആദ്യകാലങ്ങളിൽ അങ്ങനെയായിരുന്നില്ല. ഞായറാഴ്ചകൾ ഉൾപ്പടെ 6 ആഴ്ചകൾ-അങ്ങനെ 36 ദിവസങ്ങളായിരുന്നു നോമ്പിന്റെ കാലാവധി. പിന്നീടാണ് വിഭൂതി ബുധൻ ഉൾപ്പടെയുള്ള ദിവസങ്ങൾ ചേർത്ത് 40 ദിവസങ്ങളിലായി നോമ്പുകാല ആചരണം ആരംഭിച്ചത്.

## 40 ദിവസങ്ങളുടെ ബൈബിൾ പശ്ചാത്തലം

ലത്തീനിൽ ക്വാഡ്രാജെസിമാ എന്ന പദമാണ് തപസ്സുകാലത്തിന് ഉപയോഗിക്കുന്നത്. നാൽപ്പതാമത് എന്നാണ് ഈ വാക്കിനർത്ഥം. ബൈബിളിൽ വിവിധ സംഭവങ്ങൾ ഈ നാൽപ്പതു ദിവസവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

1) മോശ സീനായ് മലയിൽ നാൽപ്പത് ദിവസം ഉപവാസത്തിൽ ചെലവഴിച്ചു.

2) നാൽപ്പതു രാവും നാൽപ്പതു പകലും സഞ്ചരിച്ച് ഏലിയാ ഹോറെബ് മലയിൽ എത്തി.

3) നോഹയുടെ കാലത്തെ വെള്ളപ്പൊക്കം നാൽപ്പതു രാവും പകലും നീണ്ടു നിന്നു.

4) നാൽപ്പതു വർഷം കൊണ്ടാണ് ഇസ്രയേൽ ജനം കാനാൻ ദേശത്ത് എത്തിയത്.

5) നാൽപ്പതു ദിവസം കൊണ്ട് നിനെവേ നശിക്കു മെന്നായിരുന്നു യോനാ പ്രവാചകന്റെ പ്രവചനം. ഇതേ തുടർന്ന് നിനെവേ നിവാസികൾ ചാരം പൂശിചാക്കു വസ്ത്രം ധരിച്ച് അനുതപിച്ചു.

6) ജ്ഞാനസ്നാനത്തിനു ശേഷം ക്രിസ്തു തന്റെ പരസ്യശുശ്രൂഷയുടേയും മരണത്തിന്റേയും ഉത്ഥാനത്തിന്റേയും മുന്നൊരുക്കമായി നാൽപ്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചു.

ക്രിസ്തുവിന്റെ തിരുവുത്ഥാനത്തിരുനാളിന്റെ ഒരുക്കമായുള്ള ഈ തപസ്സുകാലത്തിന്റെ 2 പ്രധാനപ്പെട്ട സവിശേഷതകളിൽ ഒന്ന്; ഇത് അനുതാപത്തിന്റെയും രണ്ട്; ഉപവാസത്തിന്റെയും കാലമാണ് എന്നുള്ളതുമാണ്.


## അനുതാപം

അസീസ്സിയിലെ ഫ്രാൻസിസ് സഹോദരങ്ങളോടു പറയുമായിരുന്നത്രെ; സഹോദരങ്ങളേ, കർത്താവിന്റെ ക്ഷമ നിങ്ങൾ അളവുകളില്ലാതെ നൽകുവിൻ, ആരെങ്കിലുമൊരാൾ മ്ലാനവദനനായി നിങ്ങളുടെ മുമ്പിലൂടെ നടന്നുപോവുകയാണെങ്കിൽ നിങ്ങളുടെ ക്ഷമ അയാൾക്കാവശ്യമുണ്ടോയെന്നു ചോദിക്കുക. ഒരു പക്ഷേ, അയാളുടെ ദുഃഖത്തിനുള്ള കാരണം നിങ്ങളോടുള്ള ഏതെങ്കിലും തരത്തിലുള്ള വിരോധമാണെന്ന് ആർക്കറിയാം? ദൈവത്തിന്റെ മനസ്സറിഞ്ഞൊരാൾ എന്ന നിലയിൽ ഫ്രാൻസിസിന്റെ വിചാരങ്ങൾ ദൈവത്തിന്റെ വിചാരങ്ങൾ തന്നെയാണ്. നഷ്ടപ്പെട്ട നാണയത്തിനായി വിളക്കു കൊളുത്തി അന്വേഷിക്കുന്ന വീട്ടമ്മയെപ്പോലെ ദൈവം അനന്തമായ ഒരന്വേഷണത്തിലാണ്. തന്റെ ശ്രമങ്ങളെ അല്പം പോലും ഗൗരവമായി എടുക്കാത്ത മനുഷ്യന് തന്റെ ക്ഷമയുടെ ആവശ്യമുണ്ടോ എന്നറിയാൻ.

വലിയ നോമ്പിന്റെ ഈ ഒരുക്കദിനങ്ങളിൽ ഈ മൂന്ന് കാര്യങ്ങളിൽ നമുക്ക് ശ്രദ്ധിക്കാം

* സ്വയം തിരിച്ചറിയുകയും ഏറ്റു പറയുകയും ചെയ്യുക.
* അപരനോട് ഏറ്റു പറയുക.
* ദൈവത്തോട് ഏറ്റു പറയുക.

അനുതാപത്തിന്റെ ഏറ്റവും ആദ്യത്തെ ഘട്ടമാണ് സ്വയം തിരിച്ചറിയൽ, സ്വയം തിരിച്ചറിയണമെങ്കിൽ നമ്മിലേക്കു തന്നെ തിരിഞ്ഞുനോക്കാൻ സാധിക്കണം. മനുഷ്യൻ ഏറ്റവുമധികം ഭയപ്പെടുന്നതും ഈ തിരിഞ്ഞുനോക്കൽ തന്നെയാണ്. സ്വന്തം പ്രതിബിംബത്തെ ഭയപ്പെടുന്ന കരടിയെപ്പോലെ ഓരോ മനുഷ്യനും സ്വന്തം വൈകല്യങ്ങളുടെ മുന്നിൽ നിൽക്കാൻ ഭയമാണ്. ഒരു നിമിഷംപോലും



വെറുതെയിരിക്കാൻ കഴിയാത്തതും ഒറ്റക്കായിപോകുന്ന നിമിഷങ്ങളിൽ പത്രങ്ങളിലും ടെലിവിഷനുകളിലും ആശ്രയം കണ്ടെത്തി സ്വയം ഒളിക്കുവാൻ ശ്രമിക്കുന്നതുമൊക്കെ അതുകൊണ്ടാണ്. നമ്മിലേക്ക് തന്നെ തിരിഞ്ഞുനോക്കുവാനുള്ള ധൈര്യവും,നമ്മുടെ പൊള്ളത്തരങ്ങളും തിരിച്ചറിയുകയാണ് മാനസാന്തരത്തിന് ഏറ്റവും ആവശ്യഘടകം.

രണ്ടാമതായി അപരനോട് അപരാധം ഏറ്റുപറയാനുള്ള ധൈര്യ



മാണ് നമുക്കുണ്ടാവേണ്ടത്. ലൂക്കായുടെ സുവിശേഷത്തിലെ സക്കേവൂസിന്റെ കഥയിൽ ക്രിസ്തുവിനോട് അവൻ പറയുന്നതിങ്ങനെയാണ്; ഞാനാരെയെങ്കിലും വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരികെ കൊടുക്കുന്നു. അവനും കുടുംബത്തിനും രക്ഷ വന്നുവെന്നാണ് നാം പിന്നെ വായിക്കുന്നത്. മാനസാന്തരത്തിന്റെ രണ്ടാം ഘട്ടമാണിത്. അപരനോട് ചെയ്ത തെറ്റ് ഏറ്റുപറയുകയും അതിനു പരിഹാരം ചെയ്യുകയുമാണ് അതിനു വേണ്ടത്. നമ്മുടെ ഹൃദയത്തിൽ സന്തോഷവും കുടുംബത്തിൽ സമാധാനവുമില്ലെങ്കിൽ അപരന്റെ കയ്യിൽ നിന്ന് കവർന്നെടുത്തത് തിരിച്ചറിയുകയും അതു തിരികെ കൊടുക്കാൻ തയ്യാറാവുകയും വേണം. അപരന്റെ പണമോ, വസ്തുക്കളോ ആയിരിക്കണമെന്നില്ല അപഹരിച്ചത് ; പ്രത്യുത, അവന്റെ സത്പേര്, അവനു ലഭിക്കേണ്ട സ്ഥാനങ്ങൾ, അംഗീകാരം, സന്തോഷം എന്നിവയാവാം. അതെല്ലാം തിരിച്ചുകൊടുക്കാൻ തയ്യാറാവണം.

മൂന്നാമതായി, ചെയ്ത തെറ്റുകൾ ധൂർത്തപുത്രനെപ്പോലെ ദൈവത്തോട് ഏറ്റുപറയുകയും നമ്മുടെ കുറവുകൾ അംഗീകരിക്കുകയും ചെയ്യണം. തെറ്റുകൾ തിരുത്തുവാൻ തയ്യാറാവുകയാണെങ്കിൽ എത്ര വലിയ പാപിയായിരുന്നാലും ദൈവം നമ്മോടു ക്ഷമിക്കുക തന്നെ ചെയ്യും. വിസ്മയകരമായ ദൈവത്തിന്റെ പ്രവൃത്തികൾക്കു മുന്നിൽ ഹൃദയം കഠിനമാക്കിയ ഫറവോയെപ്പോലെ അനുരഞ്ജനത്തിന്റെ ദൂതുമായെത്തുന്ന പ്രവാചക വചനങ്ങൾക്കു നേരേ നാമും ഹൃദയം കഠിനമാക്കുകയാണോ? ഫറവോയെ തേടിയെത്തിയ അനിവാര്യമായ ദുരന്തങ്ങൾ പോലും ഒരു വീണ്ടുവിചാരത്തിനു നമ്മെ പ്രേരിപ്പിക്കുന്നില്ലെന്നാണോ?

## ഉപവാസം

പൊട്ടിത്തകർന്നു കിടക്കുകയാണ് പാലം. എന്നിട്ടും ഗുരുവും ശിഷ്യരും അതുവഴി തന്നെ മറുകര കടക്കാൻ തീരുമാനിച്ചു. പാതിവഴിയിലെത്തിയപ്പോൾ, പിടിച്ചിരുന്ന കൈവരി തകർന്നു. അതാ കിടക്കുന്നു ഗുരു വെള്ളത്തിൽ! പ്രിയ ശിഷ്യൻമാർ എല്ലാവരും പിന്നാലെ ചാടി. ഒരാൾ ഗുരുവിന്റെ ദണ്ഡുമായി കരയണഞ്ഞു. പിന്നെയൊരാൾ മേൽമുണ്ടുമായി. അടുത്തയാൾക്കു ഭിക്ഷാപാത്രമാണു കിട്ടിയത്. ഇനിയുമൊരാൾക്കു ഗുരുവിന്റെ മെതിയടിയും. ഒന്ന് ആശ്വസിക്കുമ്പോഴേക്കും എല്ലാവരും ഞെട്ടലോടെ പരസ്പരം നോക്കി! അപ്പോൾ ഗുരു എവിടെ? ഓരോരുത്തരും പറഞ്ഞത് ഒരേ മറുപടി. ഞാനോർത്തു നിങ്ങളാരെങ്കിലും രക്ഷിച്ചുകാണുമെന്ന്!

നാല്പതാം നാൾ തപസ്സുകാലം നീന്തി ഉയിർപ്പുകരയേറുമ്പോൾ ഉള്ളിൽ ഗുരു ഉണ്ടാകുമോ? അതോ ഗുരുവിന്റെ വടിയും വസ്ത്രവും കൈയിൽ പിടിച്ച് ഉയർത്തികാണിച്ച് നാം ആത്മാഭിമാനം കൊള്ളുമോ?

നോമ്പു മുറിഞ്ഞിട്ടില്ല എന്ന് അഭിമാനിച്ചിട്ടെന്തു കാര്യം. നോമ്പുകാലം മുഴുവനും നോ അൻപ് എന്നതാണ് നമ്മുടെ മനോഭാവമെങ്കിൽ അൻപ് ഇല്ലാത്ത, ദയ കാട്ടാത്ത നോമ്പുകാലം ഒരു തരം എസ്കേപ്പിസമാണ്. നോമ്പുമുറിക്കുന്ന ദിവസം വരെയും സ്വയം മുറിഞ്ഞൊന്നും ചെയ്യാനായിട്ടില്ലെങ്കിൽ, അവസാന കണക്കെടുപ്പിൽ, ഇറച്ചിയും മീനും ഉപേക്ഷിച്ചതു കൊണ്ട് കുടുംബ ബഡ്ജറ്റിൽ അല്പം നീക്കിയിരുപ്പ് കിട്ടി എന്നതുമാത്രമാകും ഫലം. അതുമാത്രം!

ഗുരുവിന്റെ മുന്നിൽ വിജയകരമായി നോമ്പ് എടുത്ത ശിഷ്യൻ നിറഞ്ഞ അഭിമാനത്തോടെയാണ് ചെന്നു നിന്നത്. ഇത്രയും കാലം കൊണ്ട്, ഞാൻ ചില പ്രത്യേക സിദ്ധികൾ നേടിയെടുത്തിട്ടുണ്ട്. വെറും നിലത്തുറങ്ങാം, പുല്ലുമാത്രം ഭക്ഷിച്ചു ജീവിക്കാം. മുഖത്തു പോലും നോക്കാതെ ഗുരുവിന്റെ മറുപടി; ഇതു നമ്മുടെ പശുവിനും ചെയ്യാനാകും, നീ ആദ്യം മനുഷ്യനാകാൻ പഠിക്കുക. ഇഷ്ടമുള്ള ഭക്ഷണം ഒഴിവാക്കാനുള്ള മഹത്തായ സിദ്ധി കിട്ടി എന്നതാകരുത് നോമ്പിന്റെ ബാലൻസ് ഷീറ്റ്. ഒന്നുകിൽ ഞാൻ ദൈവത്തോടു അല്പം കൂടി അടുത്തു. അല്ലെങ്കിൽ ഞാൻ മനുഷ്യന്റെ ആവശ്യങ്ങളിലേക്ക് എന്റെ ജീവിതം അല്പം കൂടി തുറന്നു എന്നതാവണം നീക്കിയിരിപ്പ്... ■

കവിത

വിൻസെന്റ് എസ്.ലോപ്പസ്

# കഴുമരത്തിന്റെ രൂപാന്തരം



ഉണരാൻ വെമ്പുന്ന ഭൂമി
മഞ്ഞ്, തണുപ്പ്
സൂര്യൻ മെല്ലെ മെല്ലേ
മൂടുപടം വലിച്ചുകീറി
മഞ്ഞുരുകി.... ബാഷ്പമായി...
പാഴ്മരം തോളിലേറ്റി
നഗ്നപാദനായ്
ഒറ്റക്കൊരു വേദനയായ്
നീങ്ങുമ്പോൾ
തലേരാത്രിയിലെ ഏകാന്തത
അവന്റെ ഓർമയിൽ തെളിഞ്ഞു.
പൂർണ ചന്ദ്രനെ
നിഴൽ മറച്ചു
ഇപ്പോൾ,
പകൽ സൂര്യനുണ്ട്
ഉയരങ്ങളിൽ, നട്ടുച്ച
മുഖം മറയ്ക്കുന്നു, സൂര്യൻ
പകൽ മറയ്ക്കുന്നു കാർമേഘം.
അവൻ നടന്നു...
കല്ലുകൾ നിറഞ്ഞ വഴികൾ
പീഢനമേറ്റ ശരീരം
കൊളുത്തിവലിക്കുന്ന വേദന
ദേഹം പൊട്ടിയൊലിച്ച്
നിണം ചാലായൊഴുകി
പുതുചോര
മണ്ണത് മോന്തി
ആഴങ്ങളിൽ വേരോടി
ഉണങ്ങിയ വൃക്ഷം തളിർത്തു.
അവൻ പ്രാർഥിച്ചു: പിതാവേ
നിനക്ക് നിന്നെ നിയന്ത്രിക്കാം
എനിക്കതിനാകുമോ?
ഉന്നതങ്ങളിൽ നിന്ന്
കനത്തകാറ്റ് വീശിയടിച്ചു

കാർമേഘങ്ങൾ ചിതറി
മിന്നൽപ്പിണറുകൾ പാഞ്ഞു
അത് ഭൂമിയിലേക്കിറങ്ങിവന്നു
ജനം ഭയവിഹ്വലരായി
അതി ദാരുണമായൊരു
നിലവിളി...
മണ്ണിലേക്കാഴ്ന്നിറങ്ങിയ മരം
വേരുകൾ പടർന്ന്
വൻ ചോലമരമായി വളർന്നു.
ആചോലയിൽ

നിഗൂഢ സാഹോദര്യം പിറന്നു...
ചെന്നായും ആട്ടിൻകുട്ടിയും
ഒന്നിച്ചുമേഞ്ഞു...
മുലകുടി മാറിയ കുട്ടി
അണലിയുടെ അളയിൽ കൈയിട്ടു...
ഭൂമി കർത്താവിനെക്കുറിച്ചുള്ള
ജ്ഞാനംകൊണ്ട് നിറഞ്ഞു
നീയും ഞാനും ഭൂമിയിലെ
അഭയാർഥികളല്ലാതായി
അവിടെ നീതി പുലർന്നു.

ലേഖനം

**വി.പി.സുഹൈബ് മൗലവി**
പാളയം ഇമാം, തിരുവനന്തപുരം


# വ്രതാനുഷ്ഠാനത്തിന്റെ ലക്ഷ്യങ്ങൾ

ഒരു നിശ്ചിത സമയത്തേക്ക് ഭക്ഷണമോ അല്ലെങ്കിൽ സാധാരണ രീതിയിൽ ശീലിച്ച് വന്നിട്ടുള്ള ഭക്ഷണ രീതിയോ ഉപേക്ഷിച്ച് ദൈവ സ്മരണയിലും പ്രാർത്ഥനയിലും കഴിഞ്ഞുകൂടുന്ന പ്രക്രിയയാണ് നോമ്പ്, നോയ്മ്പ്, ഉപവാസം എന്നീ പേരുകളിലൊക്കെ അറിയപ്പെടുന്നത്. ഒരു മാസത്തോളം പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങളും ഭാര്യാഭർതൃസംസർഗ്ഗവും പൂർണ്ണമായും കൈവെടിഞ്ഞ് കഴിഞ്ഞു കൂടുന്ന നോമ്പാണ് ഇസ്ലാം മതവിശ്വാസികൾക്ക് നിയമമാക്കിയിട്ടുള്ളത്. അത്രയ്ക്ക് കഠിനമല്ലെങ്കിലും വിവിധ വ്രതാനുഷ്ഠാന രീതികൾ എല്ലാ മതങ്ങളിലുമുണ്ട്. നോമ്പിന്റെ നിർവ്വഹണ രീതിയേക്കാൾ വിവിധ മതങ്ങൾ സമന്വയിക്കുന്നത് അതിന്റെ ലക്ഷ്യത്തിലാണ്.

ആർത്തിക്കെതിരെയുള്ള പരിശീലനമാണ് നോമ്പ്. വയറു നിറയാത്ത മനുഷ്യൻ അത്യാഗ്രഹങ്ങൾ ഒരു നിലയ്ക്കും സാക്ഷാത്ക്കരിക്കാത്ത ആളാണ്. അധികാരം, പണം ഇവയോടുള്ള ആഗ്രഹം ജന്മസിദ്ധമാണെന്ന് പറയാം. എന്നാൽ പരിധി വിട്ടാൽ ആർത്തിയുടെ ഗണത്തിലാണ് ഇതിനെയും ഉൾപ്പെടുത്താൻ കഴിയുക. ആർത്തി പൂ



**മഹാത്മാഗാന്ധി പറഞ്ഞു. 'ഒരാൾ അയാളുടെ അന്നത്തെക്കുറിച്ചാലോചിക്കുന്നത് അവനിലെ ആത്മീയകാര്യമാണ്. കാരണം സ്വന്തം അന്നത്തെക്കുറിച്ച് ഏതു മൃഗവും ആലോചിക്കും. എന്നാൽ അന്യന്റെ അന്നത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയുന്ന ഏക ജീവി മനുഷ്യനാണ്. ഈ ആത്മീയതയാണ് മനുഷ്യനെ മൃഗത്തിൽ നിന്നും വ്യത്യസ്തനാക്കുന്നത്.**




ണ്ട മനുഷ്യനെ ഒരു കവി ഉപമിച്ചത് മത്സ്യത്തോടാണ്. മത്സ്യത്തിന് തന്റെ ദാഹം തീർക്കാനാവശ്യമായ ജലം സമുദ്രത്തിന്റെ മേൽത്തട്ടിൽ നിന്നുതന്നെ ലഭിക്കും. എന്നിട്ടും വെള്ളം തേടിക്കൊണ്ട് മത്സ്യം സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ട് പോകുകയാണ്. ഇതുപോലെയാണ് മനുഷ്യന്റെയും അവസ്ഥ. മരണംവരെ ജീവിക്കാനാവശ്യമായ ധനം കൈവശപ്പെടുത്തിയവരുപോലും വീണ്ടും പണത്തിന് വേണ്ടി അഴിമതിയും കവർച്ചയും നടത്തുകയാണ്. അതിമോഹം കൊണ്ട് മനുഷ്യൻ ഒന്നും നേടുന്നില്ല. ലോകം കൈപിടിയിലൊതുക്കുകയായിരുന്നു അലക്സാണ്ടറുടെ ലക്ഷ്യം. പടയോട്ടത്തിൽ ഒരുപാട് മുന്നോട്ടുപോയി, എന്നുമാത്രമല്ല ഭൂമിയിൽ ചോരപ്പുഴ ഒഴുക്കി. പക്ഷേ ഒരു രാജ്യം കീഴടക്കാൻ കഴിയാത്തതിലുള്ള നിരാശ അദ്ദേഹത്തെ ബാധിച്ചു. നിരാശ ബാധിച്ച അലക്സാണ്ടർ രോഗിയായി. ജീവിതത്തിലേക്ക് തിരിച്ചു വരാൻ കഴിയാത്ത ഒരസുഖമാണ് തന്നെ ബാധിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയ അലക്സാണ്ടർ തന്റെ പ്രജകളോട് പറഞ്ഞു നിങ്ങൾ എന്റെ മൃതദേഹം സംസ്ക്കരിക്കാൻ കൊണ്ടുപോകുമ്പോൾ എന്റെ ഇരുകരങ്ങളും ഇടത്തോട്ടും വലത്തോട്ടുമായി തുറന്നിടണം. അലക്സാണ്ടർ ചക്രവർത്തി ലോകത്തിനിന്ന് ഒന്നും കൊണ്ടു പോയിട്ടില്ലെന്ന് ജനങ്ങൾ മനസ്സിലാക്കട്ടെ- ഭക്ഷണം നിയന്ത്രിച്ച് അതിമോഹം നിയന്ത്രിക്കാനുള്ള പരിശീലനമാണ് നോമ്പ്.

ഏറ്റവും ഉയർന്ന മനുഷ്യനെ സൃഷ്ടിച്ചെടുക്കുകയാണ് നോമ്പിന്റെ ലക്ഷ്യം. ആരാണ് മനുഷ്യൻ? ഇരുകാലിൽ നിവർന്നു നിൽക്കുന്ന മൃഗത്തിനപ്പുറത്താണ് മനുഷ്യന്റെ സ്ഥാനം. ഉദാത്തമായ ഒരാവശ്യത്തിനുവേണ്ടി ശരീരത്തിന്റെ ആവശ്യങ്ങളെ പരിമിതപ്പെടുത്താനും മാറ്റി വെക്കാനും കഴിയുന്നിടത്താണ് മനുഷ്യൻ എന്ന സാംസ്കാരിക ജീവി പിറക്കുന്നത്. വിശക്കുന്ന മനുഷ്യൻ കൈവശമുള്ള ഭക്ഷണം തന്നെപ്പോലെയോ തന്നെക്കാളോ വിശക്കുന്ന മറ്റൊരാൾക്കു പകുത്തുകൊടുക്കാനോ മാറ്റിവെക്കാനോ സന്നദ്ധനാകും. അങ്ങനെ സന്നദ്ധരാകുന്നവർ മാത്രമാണ് മനുഷ്യൻ. ഈ കഴിവിനാണ് പൊതുവിൽ ആത്മീയത എന്നു പറയുന്നത്. മഹാത്മാഗാന്ധി പറഞ്ഞു. 'ഒരാൾ അയാളുടെ അന്നത്തെക്കുറിച്ചാലോചിക്കുന്നത് അവനിലെ ആത്മീയകാര്യമാണ്. കാരണം സ്വന്തം അന്നത്തെക്കുറിച്ച് ഏതു മൃഗവും ആലോചിക്കും. എന്നാൽ അന്യന്റെ അന്നത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയുന്ന ഏക ജീവി മനുഷ്യനാണ്. ഈ ആത്മീയതയാണ് മനുഷ്യനെ മൃഗത്തിൽ നിന്നും വ്യത്യസ്തനാക്കുന്നത്‘. മനുഷ്യരെ നല്ല മനുഷ്യരാക്കിത്തീർക്കുന്ന ഈ കഴിവിനെ വളർത്തി വികസിപ്പിക്കുകയാണ് നോമ്പിന്റെ ലക്ഷ്യം.

**ഏറ്റവും ഉയർന്ന മനുഷ്യനെ സൃഷ്ടിച്ചെടുക്കുകയാണ് നോമ്പിന്റെ ലക്ഷ്യം. ആരാണ് മനുഷ്യൻ? ഇരുകാലിൽ നിവർന്നു നിൽക്കുന്ന മൃഗത്തിനപ്പുറത്താണ് മനുഷ്യന്റെ സ്ഥാനം.**

കൂടുതൽ നല്ല മനുഷ്യനാകുന്നതിന് മനുഷ്യനുള്ള തടസ്സമെന്താണ്? ആത്മാവും ശരീരവുമുള്ള മനുഷ്യൻ ആത്മാവിനെ മറന്ന് ശരീരത്തിന്റെ അടിമയായി മാറുന്നു എന്നതാണത്. യഥാർത്ഥത്തിൽ മനുഷ്യന്റെ ഭൗതികാവശ്യങ്ങൾ പരിമിതവും ആത്മീയാവശ്യങ്ങൾ അപരിമേയവുമാണ്. എന്നാൽ, ശരീരത്തിന്റെ കണ്ണുകൊണ്ട് മാത്രം കാര്യങ്ങളെ കാണുമ്പോൾ ഭൗതികാവശ്യങ്ങൾ അനന്തമായി അനുഭവപ്പെടുന്നു. അത് ബുദ്ധിഹീനമായ ആർത്തിയായി രൂപാന്തരപ്പെടുന്നു. ശരീരത്തിന്റെ ആവശ്യങ്ങളുടെ മേൽ ആത്മനിയന്ത്രണം സ്ഥാപിച്ച് ആത്മാവിനെ വളർത്തുക എന്നതുമാത്രമാണ് ഇതിന് പോംവഴി. ഈ ആത്മനിയന്ത്രണത്തിന്റെ പരിശീലനക്കളരിയാണ് നോമ്പ്.

ഏത് ജീവിയുടെയും ഏറ്റവും വലിയ മൂന്ന് അടിസ്ഥാന ആവശ്യങ്ങളെ നോമ്പ് അതിന്റെ നേരങ്ങളിൽ

കഠിനമായി നിയന്ത്രിക്കുന്നു. വിലക്കി നിർത്തുന്നു. നോമ്പിന്റെ തന്നെ ഇരവുകളിൽ അത് അനുവദിക്കുകയും ചെയ്യുന്നു. ഇത് ഒരു കേവലാനുഷ്ഠാനമല്ല; പരിശീലനമാണ്. ഒരാവശ്യം വന്നാൽ ശാരീരികാവശ്യങ്ങളെ നിയന്ത്രിച്ചു നിർത്താനുള്ള പരിശീലനം. ദൈവത്തിന്റെ വിളിക്കു മുന്നിൽ നോമ്പുകാർ നോമ്പുമാസത്തിന്റെ പകലുകളിൽ ഭക്ഷണവും വെള്ളവും ഉപേക്ഷിക്കുന്നു. നോമ്പുകാലത്തെതന്നെ രാവുകളിലും നോമ്പല്ലാത്ത കാലത്തെ രാപ്പകലുകളിലും ദൈവീകവും അതിന്റെ തന്നെ ഭാഗമായ മാനവികവും ഉദാത്തവുമായ ഒരാവശ്യം വന്നാൽ ശാരീരികാവശ്യങ്ങൾ മാറ്റിവെച്ച് ഉദാത്തമായ ആവശ്യത്തിന് ഉത്തരം നൽകാനുള്ള പരിശീലനമാണ് നോമ്പ്. മനുഷ്യത്വത്തെ സാക്ഷാത്ക്കരിക്കാനുള്ള സാമാന്യം കഠിനമായ പരിശീലനമാണ് നോമ്പ്. ഏത് പരിശീലനവും കഠിനമമായിരിക്കും. അതിനർത്ഥം എല്ലായ്പ്പോഴും പരിശീലനക്കാലത്തെപ്പോലെ പെരുമാറണമെന്നല്ല, ഒരാവശ്യം വന്നാൽ കഠിനത്യാഗം സഹിക്കാനുള്ള കഴിവു വളർത്തലാണ് ഏത് പരിശീലനവും.

മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യൻ ശരീരത്തിനപ്പുറം വിപുലമായ മനുഷ്യന്റെ കൂടി ഉടമയാണ്. ചില ഘട്ടങ്ങളിലെങ്കിലും മനുഷ്യന്റെ ശാരീരികാവശ്യങ്ങളെക്കാൾ ശക്തമായിരിക്കും ഗുണകരമോ ദോഷകരമോ ആയ മാനസികവികാരങ്ങൾ, അതുകൊണ്ടാണ് കഠിനമായ ദുഃഖാനുഭവങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് ഭക്ഷണം കഴിക്കാൻ കഴിയാതെ പോകുന്നത്. മാനസിക വികാരങ്ങളുടെ മേലും ശക്തമായ നിയന്ത്രണം ഉണ്ടാകുമ്പോൾ മാത്രമേ നമുക്ക് പൂർണ മനുഷ്യനിലേക്ക് വളരാൻ കഴിയൂ. മോശമായ വാക്കും പ്രവൃത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവർ ഭക്ഷണവും വെള്ളവും ഉപേക്ഷിക്കണമെന്ന് ദൈവത്തിന് ഒരു നിർബന്ധവുമില്ല.

നോമ്പിലെ ഭക്ഷണ നിരാകരണം സ്വയം ഒരു കർമമായിരിക്കെതന്നെ അത് മറ്റൊരു കർമ്മത്തിന്റെ പശ്ചാത്തല ശക്തി കൂടിയാണ്. ഒരു അധ്യാപകൻ ക്ലാസിൽ വന്ന് വിദ്യാർത്ഥികളോട് നിശബ്ദരായിരിക്കുക എന്നു പറയുന്നത് അവിടെ നിശ്ശബ്ദത സ്വയം ഒരു അച്ചടക്കമായിരിക്കെതന്നെ നിശബ്ദതയ്ക്കുവേണ്ടി മാത്രമായിരിക്കില്ല. മറ്റെന്തോ കാര്യം പറയാനുള്ള പശ്ചാത്തലം ഒരുക്കാൻ കൂടിയായിരിക്കും. നോമ്പിലെ ശാരീരികാവശ്യങ്ങളുടെ നിരാകരണം വളരെ ശക്തമായ പശ്ചാത്തലമൊരുക്കലാണ്. ജീവികൾക്ക് പൊതുവിൽ അസാധ്യമായ, ജീവികളുടെ നിലനിൽപ്പിന് അനിവാര്യമായ ഭക്ഷണവും വെള്ളവും നോമ്പുകാരൻ അത്യുന്നതനായ ദൈവത്തിന്റെ അത്യുദാത്തമായ വിളിക്കുത്തരം നൽകി ഉപേക്ഷിച്ചിരിക്കുന്നു. ഈ ശക്തമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ദൈവം പറയുന്നത് മോശമായ എല്ലാ വാക്കുകളും പ്രവൃത്തികളും ഉപേക്ഷിക്കണമെന്നാണ്.

ഒരു പടികൂടി കടന്ന് എല്ലാ പ്രകോപനങ്ങളേയും ഞാൻ നോമ്പുകാരനാണെന്ന സൗമ്യമായ ഉത്തരംകൊണ്ട് നേരിടണം. നോമ്പുകാലത്ത് ആരെങ്കിലും വഴക്കിനോ ഏററുമുട്ടലിനോ വന്നാൽ അവരോട് പറയുക, ഞാൻ നോമ്പുകാരനാണെന്ന്. ഒരു വിശ്വാസി ആര് എന്ത് പ്രകോപനമുണ്ടാക്കിയാലും അതിന്റെ പുറകെ പോകുന്നവനാകരുത്. പ്രകോപനങ്ങൾക്ക് മുന്നിൽ ആത്മനിയന്ത്രണം ഉള്ളവനാകണം. ഇല്ലെങ്കിൽ, ആർക്കും പ്രകോപനത്തിന്റെ കെണി വച്ച് വിശ്വാസിയെ വീഴ്ത്താൻ സാധിക്കും. വിശ്വാസി ഇങ്ങനെ കെണിയിൽ വീഴുന്ന ദുർബലനാകരുത്. എതിർപ്പുകൾക്ക് മുന്നിൽ വിവേചനബോധമുള്ളവനാകണം. അങ്ങനെ ആവണമെങ്കിൽ ഒരു പ്രകോപനത്തോടും പ്രതികരിക്കാത്ത ആത്മനിയന്ത്രണം പരിശീലിക്കണം. ഈ ശക്തമായ പരിശീലനമാണ് നോമ്പ്.

പാപങ്ങളിൽ നിന്ന് മാറി ജീവിതത്തിന്റെ നന്മയുടെ വസന്തങ്ങൾക്ക് വിത്തു പാകി തുടങ്ങാനുള്ള അവസരം കൂടിയാണ് മനുഷ്യർക്ക് മുന്നിലേക്ക് നോമ്പു നീട്ടി വയ്ക്കുന്നത്. എല്ലാം മറന്ന് നന്മയുടെ, പരസഹായത്തിന്റെ, സാഹോദര്യബോധത്തിന്റെ ഏകമായ വഴിയിലൂടെ നടന്നുനീങ്ങാനാണ് നോമ്പുകാലം ആവശ്യപ്പെടുന്നത്.

വ്രതം സ്നേഹവും സാഹോദര്യവും പരസ്പരം അനുകമ്പയും ഐക്യബോധവും വളർത്താൻ സഹായിക്കുന്നതുപോലെ ശാരീരികക്ഷമതയും മനക്കരുത്തും ക്ഷമയും വിനയവും നിശ്ചയദാർഢ്യവും ആത്മീയ ബോധവും ധാർമ്മിക ചിന്തയും ഉറപ്പുവരു

**ഉപവാസം യഥാവിധി അനുഷ്ഠിക്കുകയാണെങ്കിൽ അത് പ്രധാനമായും ശരീരത്തിലടിഞ്ഞുകൂടിയിരിക്കുന്ന വിഷാംശങ്ങളെ അകറ്റി ശരീരത്തെ രോഗങ്ങളിൽ നിന്നും രക്ഷിക്കുന്നു. കരൾ, ഹൃദയം, വൃക്ക, ശ്വാസകോശം, പാൻക്രിയാസ്, ആമാശയം എന്നീ ആന്തരികാവയവങ്ങൾക്ക് ഉപവാസം മൂലം കൂടുതൽ പ്രവർത്തനശേഷി കൈവരുന്നു. കൂടാതെ ശരീരത്തിലടിഞ്ഞുകൂടിയ കൊഴുപ്പ്, രോഗങ്ങൾ, ത്വക് രോഗങ്ങൾ എന്നിവയെ നശിപ്പിക്കുന്നതിനും ഉപവാസം മൂലം കഴിയുന്നു**

ത്തുന്നതിനും വഴിയൊരുക്കുന്നുണ്ട്. ആത്മസംസ്ക്കരണവും ഹൃദയശുദ്ധീകരണവുമായിരിക്കണം വിശ്വാസി വ്രതാനുഷ്ഠാനത്തിലൂടെ ലക്ഷ്യമാക്കേണ്ടത്.

ദൈവത്തോടുള്ള കടപ്പാട് മാത്രമല്ല നോമ്പു മുന്നോട്ടുവയ്ക്കുന്നത്. സമസൃഷ്ടികളോട് കൂടുതൽ കാരുണ്യവും സ്നേഹവും പ്രകടിപ്പിക്കുവാൻ നോമ്പുകാർക്ക് കഴിയണം. 'ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാണിക്കുക എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും'. അനാഥകളുടെയും അഗതികളുടെയും അശരണരുടെയും ദരിദ്ര ജനകോടികളുടെയും ഉന്നമനത്തിനു വേണ്ടി പണിയെടുക്കലാണ് നോമ്പുകാരന്റെ ബാദ്ധ്യത. അധർമ്മങ്ങൾക്കെതിരെയുള്ള പരിചയാണ് നോമ്പ്. നോമ്പനുഷ്ഠിക്കുന്നവന്റെ കണ്ണും കാതും നാവും മുഴുവൻ അവയവങ്ങളും നോമ്പുകാരാവണം. തിന്മകൾ കേൾക്കുന്നതിൽ നിന്നും കാണുന്നതിൽ നിന്നും സംസാരിക്കുന്നതിൽ നിന്നും നോമ്പുകാരൻ ജാഗ്രത പുലർത്തണം.

ഇച്ഛാശക്തി വർദ്ധിപ്പിക്കാനുള്ള ആരാധന കൂടിയാണ് നോമ്പ്. ആത്മീയ ജീവിതത്തിൽ വിജയം വരിക്കാൻ ഇച്ഛിക്കുന്ന വ്യക്തി അവന്റെ സഹജമായ വികാര പ്രക്രിയയുടെ മേൽ വിജയം നേടേണ്ടത് അനിവാര്യമാണ്. ആത്മീയാനുഷ്ഠാനങ്ങളിലൂടെ പരലോക ജീവിതത്തെ മാത്രമല്ല ഇഹലോക ജീവിതത്തേയും ധന്യമാക്കാൻ കഴിയുമെന്നാണ് ഇതു സംബന്ധിച്ച ആധുനിക പഠനങ്ങൾ തെളിയിച്ചിരിക്കുന്നത്.

ഉപവാസത്തിന്റെ ആത്മീയപരമായ ഗുണത്തെ പോലെ തന്നെ ഭൗതീകമായ നേട്ടങ്ങളും നിസ്സാരമല്ല എന്ന് ആധുനിക ശാസ്ത്രം തെളിയിച്ചിട്ട് കാലങ്ങൾ ഏറെ ആയി. നാം ദിവസേന ഒരു നിശ്ചിത സമയം ഉറങ്ങുന്നുണ്ട് അതു കൊണ്ട് പഞ്ചേന്ദ്രിയങ്ങൾക്ക് ആവശ്യമായ വിശ്രമം ലഭിക്കുന്നുണ്ട്. എന്നാൽ നിരന്തരമായി പ്രവർത്തിക്കുന്ന ആന്തരികാവയവങ്ങൾക്ക് ആവശ്യത്തിന് വിശ്രമം നൽകുന്നതിന് ഉപവാസം പോലെ ഗുണം ചെയ്യുന്ന മറ്റൊന്നില്ല എന്ന് പറയാം. അല്പം ശാസ്ത്രീയമായി പറഞ്ഞാൽ ഉപവാസം യഥാവിധി അനുഷ്ഠിക്കുകയാണെങ്കിൽ അത് പ്രധാനമായും ശരീരത്തിലടിഞ്ഞുകൂടിയിരിക്കുന്ന വിഷാംശങ്ങളെ അകറ്റി ശരീരത്തെ രോഗങ്ങളിൽ നിന്നും രക്ഷിക്കുന്നു. കരൾ, ഹൃദയം, വൃക്ക, ശ്വാസകോശം, പാൻക്രിയാസ്, ആമാശയം എന്നീ ആന്തരികാവയവങ്ങൾക്ക് ഉപവാസം മൂലം കൂടുതൽ പ്രവർത്തനശേഷി കൈവരുന്നു. കൂടാതെ ശരീരത്തിലടിഞ്ഞുകൂടിയ കൊഴുപ്പ്, രോഗങ്ങൾ, ത്വക് രോഗങ്ങൾ എന്നിവയെ നശിപ്പിക്കുന്നതിനും ഉപവാസം മൂലം കഴിയുന്നു ■



ലേഖനം

ഫാ. റിനോയ് തോമസ് IVD



# എന്തിന് ഉപവസിക്കണം?

'നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻവേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: അവർക്ക് പ്രതിഫലം ലഭിച്ചുകഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന്, ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും. (മത്തായി 6:16–18)

പാപങ്ങൾ ചെയ്ത് ദൈവത്തിൽ നിന്ന കന്നുപോയി എന്ന ബോധ്യം ലഭിച്ച അവസരങ്ങളിലൊക്കെ ഇസ്രായേൽജനം ഉപവാസത്തിലൂടെയായിരുന്നു പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്തിരുന്നത്. വസ്ത്രംകീറി ചാരം പൂശി ചാക്കുടുത്ത് അവർ പാപപ്പൊറുതിക്കായി പ്രാർത്ഥിച്ചിരുന്നു. കാലക്രമേണ ദൈവത്തിന്റെ കരുണയെ ദുരുപയോഗം ചെയ്യുന്ന ഒരു പ്രഹസനമായി ഉപവാസം മാറി. ദൈവകൃപയിലേക്ക് തിരികെ വരാനുള്ള ഒരവസരമായി ഉപവാസത്തെ കണ്ടിരുന്ന അവസ്ഥയിൽനിന്നും മാറി, പാപം കണ്ടുപിടിക്കപ്പെട്ടു എന്നുവരുമ്പോൾ മറ്റുള്ളവരുടെ കണ്ണിൽ പൊടിയിടാനുള്ള ഒരുപാധിയായി അത് മാറി. എന്നാൽ പുറംമോടികൾ കണ്ടു മയങ്ങുന്നവനല്ല ദൈവം, തന്റെ ഇഷ്ടജനത്തിന്റെ കാപട്യം കണ്ട് വേദനയോടെ അവിടുന്ന് പ്രവാചകനിലൂടെ അരുളിച്ചെയ്തു: 'ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്' (ജോയേൽ 2:12,13).

ചെയ്തുപോയ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് നുറുങ്ങിയ ഹൃദയവുമായി ദൈവത്തെ സമീപിക്കാൻ നമുക്കാവുന്നുണ്ടോ? അതോ, നമ്മുടെ ഉപവാസങ്ങളും മറ്റു പരിഹാരപ്രവർത്തികളും കേവലം ഒരു പ്രഹസനം മാത്രമായി മാറാറുണ്ടോ?

എന്താണ് ഉപവാസത്തിലൂടെ ദൈവം ആഗ്രഹിക്കുന്നത്? ഏശയ്യാ പ്രവാചകനിലൂടെ ഇതിനുള്ള വ്യക്തമായ ഉത്തരം ദൈവത്തിന്റെ ആത്മാവ് നമുക്ക് നൽകുന്നുണ്ട്. തങ്ങളുടെ പാപങ്ങൾ ഉപേക്ഷിക്കാൻ വിസമ്മതിച്ചിരുന്ന അവസരങ്ങളിലും ഇസ്രാ

**ഉപവാസം അതിൽ തന്നെ ഒതുങ്ങുന്ന ഒരു വാക്കല്ല. നമ്മുടെ ശരീരങ്ങളെയും മനസ്സുകളെയും ഒരു ആധ്യാത്മിക ഫലത്തിനു വേണ്ടി ഒരുക്കുന്ന പ്രക്രിയയാണത്. അതുകൊണ്ട് നമ്മൾ ഉപവസിക്കുമ്പോൾ ഒരു ആധ്യാത്മിക ഫലം അഭിലഷിക്കണം. ബൈബിൾ അടിസ്ഥാനത്തിൽ അവലോകനം ചെയ്തു നമുക്ക് അത് മനസ്സിലാക്കാം.**

യേൽ ജനം ഉപവസിക്കാൻ സമയം കണ്ടെത്തിയിരുന്നു. ഒരു ദിവസത്തേക്ക് സ്വയം എളിമപ്പെടുത്തി, ഞാങ്ങണ പോലെ തലകുനിച്ച്, ചാക്കു വിരിച്ച്, ചാരം പൂശി കിടന്നാൽ ദൈവത്തെ പ്രസാദിപ്പിച്ച് വേണ്ട കാര്യങ്ങളെല്ലാം നേടിയെടുക്കാം എന്ന ചിന്താഗതി ആയിരുന്നു ഒട്ടേറെപ്പേരെ ഉപവസിക്കുവാൻ പ്രേരിപ്പിച്ചത്. ഇങ്ങനെ ഉപവസിക്കുമ്പോൾ, തങ്ങൾ ഉപവസിക്കുകയാണ് എന്ന് എല്ലാവരും അറിയണം എന്നവർ ആഗ്രഹിച്ചിരുന്നു. അതിനായി ഉപവാസത്തോടനുബന്ധമായി അവർ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്ന് മറ്റുള്ളവർക്ക് തോന്നുന്ന രീതിയിൽ അന്നേദിവസം പെരുമാറുകയും ചെയ്തിരുന്നു. പലപ്പോഴും ഉപവാസത്തിന്റെ അലോരസം അകറ്റാൻ അവർ വേലക്കാരെ പീഡിപ്പിക്കുകയും മറ്റുള്ളവരുമായി കലഹിക്കുകയും ചെയ്തിരുന്നു. എന്നാൽ, 'ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭാവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്നു ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്' (ഏശയ്യാ 58:6,7). ഉപവാസത്തെ കേവലം ഒരു ശാരീരികപ്രവൃത്തി മാത്രമായാണോ നാമിന്നു കാണുന്നത്? അതോ ഉപവാസത്തിലൂടെ നമ്മുടെ ആത്മാവിനെ സുഖപ്പെടുത്താൻ കഴിവുള്ള ദൈവാരൂപിയെ സ്വീകരിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? നമ്മെ വേദനിപ്പിച്ചവരോട് ക്ഷമിക്കാനും, നമുക്ക് ഉള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുമുള്ള ഒരവസരമായി ഉപവാസത്തെയും മറ്റു പരിഹാര പ്രവർത്തികളെയും മാറ്റാൻ നമുക്കാവണം.

ഉപവാസം അതിൽ തന്നെ ഒതുങ്ങുന്ന ഒരു വാക്കല്ല. നമ്മുടെ ശരീരങ്ങളെയും മനസ്സുകളെയും ഒരു ആധ്യാത്മിക ഫലത്തിനു വേണ്ടി ഒരുക്കുന്ന പ്രക്രിയയാണത്. അതുകൊണ്ട് നമ്മൾ ഉപവസിക്കുമ്പോൾ ഒരു ആധ്യാത്മിക ഫലം അഭിലഷിക്കണം. ബൈബിൾ അടിസ്ഥാനത്തിൽ അവലോകനം ചെയ്തു നമുക്ക് അത് മനസ്സിലാക്കാം.

## ഉപവസിക്കുന്ന എസ്രായും കൂട്ടരും

**എസ്രാ 8, 23**

അതിനാൽ ഞങ്ങൾ ഉപവസിച്ച് ദൈവത്തോട് യാചിക്കുകയും അവിടന്ന് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു. നമ്മൾ ഉപവസിക്കുന്നതു കൊണ്ട് ദൈവം നമ്മുടെ പ്രാർത്ഥനകേൾക്കുന്നതിൽ മാറ്റം വരുന്നില്ല, പക്ഷേ അത് നമ്മുടെ പ്രാർത്ഥനാരീതിയിൽ മാറ്റം കൊണ്ടു വരും. ആർതർ വില്ലസ് എന്ന ചിന്തകൻ പറയും പോലെ ഉപവസിച്ചു പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന കൂടുതൽ ശക്തിപ്പെടുകയും നമുക്ക് വേണ്ടിയുള്ള യാചനകൾ സ്വർഗ്ഗകവാടം തുളച്ചു കയറുകയും ആണ്.

## ഉപവസിച്ച് പ്രാർത്ഥിക്കുന്ന ഇസ്രായേൽ ജനവും ന്യായാധിപന്മാരും.

**ന്യായാ 20, 26**

അപ്പോൾ ഇസ്രായേൽജനം മുഴുവനും യോദ്ധാക്കളും എല്ലാം ചേർന്ന് ബെതേലിൽ വന്നു കരഞ്ഞു. അവർ ആ ദിവസം സായാഹ്നം വരെ കർത്താവിന്റെ മുൻപിൽ ഉപവസിക്കുകയും ദഹനബലികളും സമാധാന ബലികളും അർപ്പിക്കുകയും ചെയ്തു. ദൈവീക പരിപാലനം ലഭിക്കാനും ദൈവം തങ്ങളുടെ മേൽ ഭരണം നടത്താനും അവർ ഉപവസിക്കുന്നു.

## ഉപവസിക്കുന്ന ദാവീദും ഇസ്രായേൽകാരും


**1 സാമുവൽ 31, 13**

അവരുടെ അസ്ഥികൾ യാബ്ബേശിലെ പിജുകവൃക്ഷത്തിന്റെ ചുവട്ടിൽ സംസ്കരിച്ചു. അവർ 7 ദിവസം ഉപവസിച്ചു.. 2 സാമുവൽ 1, 12 സാവൂളും മകൻ ജോനാഥനും കർത്താവിന്റെ ജനമായ ഇസ്രായേൽ കുടുംബാംഗങ്ങളും യുദ്ധത്തിൽ കൊല്ലപ്പെട്ടു. അതിനാൽ അവർ ദുഃഖിച്ച് വിലപിക്കുകയും സന്ധ്യവരെ ഉപവസിക്കുകയും ചെയ്തു. ദാവീദ് രാജാവും ഇസ്രായേൽകാരും തങ്ങളുടെ പ്രിയപ്പെട്ടവർ മരിച്ചതിന്റെ വിഷമം ഉപവസിച്ചു കൊണ്ടാണ് തള്ളിനീക്കിയത്.

## ഉപവസിക്കുന്ന യഹോഷാഫാത്തും ഇസ്രായേൽകാരും

**2 ദിനവൃത്താന്തം 20, 3.**

അവൻ ഭയന്ന് കർത്താവിലേക്ക് തിരിയാൻ തീരുമാനിക്കുകയും യൂദായിൽ എങ്ങും ഉപവാസം പ്രഖ്യാപിക്കുകയും ചെയ്തു. ശത്രുരാജ്യങ്ങൾ ഒന്നുചേർന്ന് യുദ്ധത്തിനായി വരുമ്പോൾ രാജാവും ജനവും ഉപവസിക്കുന്നത് ഇവിടെ കാണാൻ സാധിക്കും.





**ചെയ്തുപോയ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് നുറുങ്ങിയ ഹൃദയവുമായി ദൈവത്തെ സമീപിക്കാൻ നമുക്കാവുന്നുണ്ടോ? അതോ, നമ്മുടെ ഉപവാസങ്ങളും മറ്റു പരിഹാരപ്രവർത്തികളും കേവലം ഒരു പ്രഹസനം മാത്രമായി മാറാറുണ്ടോ?**

## ഉപവസിക്കുന്ന ഇസ്രായേൽജനം

**1 സാമുവൽ 7,6.**

അവർ മിസ്പായിൽ ഒരുമിച്ചുകൂടി വെള്ളം കോരി കർത്താവിന്റെ സന്നിധിയിൽ പകർന്നു. ആ ദിവസം മുഴുവൻ അവർ ഉപവസിച്ചു. ഞങ്ങൾ കർത്താവിന് എതിരായി പാപം ചെയ്തു എന്ന് അവർ ഏറ്റുപറഞ്ഞു. അന്യദേവന്മാരെ ആരാധിച്ചു കർത്താവിന്റെ സന്നിധിയിൽ നിന്ന് അകന്നുപോയ ഇസ്രായേൽ ജനത്തിന്റെ പാപബോധം ആണ് ഇവിടെ കാണുന്നത്.

## ഉപവസിക്കുന്ന ആഹാബ് രാജാവ്

**1 രാജ 21:27 – 29...**

'ആഹാബ് ഇതു കേട്ട് വസ്ത്രം കീറി, ചാക്കുടുത്ത് ഉപവസിക്കുകയും ചാക്ക് വിരിച്ച് ഉറങ്ങുകയും മനം തകർന്ന് തല താഴ്ത്തി നടക്കുകയും ചെയ്തു. അപ്പോൾ തിഷ്ബ്യനായ ഏലിയായോട് കർത്താവ് അരുൾചെയ്തു: ആഹാബ് എന്റെ മുമ്പിൽ എളിമപ്പെടുന്നത് കണ്ടില്ലേ? അവൻ തന്നെ തന്നെ താഴ്ത്തിയതിനാൽ അവന്റെ ജീവിതകാലത്ത് ഞാൻ നാശം വരുത്തുകയില്ല.

## ഉപവസിക്കുന്ന നെഹെമിയാ പ്രവാചകൻ...

**നെഹെമിയാ 1:34**

ജറുസലേം മതിലുകൾ തകർന്നിട്ടും കവാടം അഗ്നിക്കിരയാക്കിയിട്ടും ഇസ്രായേൽ ജനത്തെ കാത്ത് പരിപാലിക്കുന്ന ദൈവസ്നേഹത്തെ പ്രവാചകൻ ദൈവഹിതമായി കണക്കാക്കുന്നു. ജീവിതത്തിലെ ഒറ്റപ്പെടുന്ന അവസ്ഥയിലും ദൈവം കൂടെയുണ്ട് എന്ന ബോധം വേണമെന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു.

## ഉപവസിക്കുന്ന നിനവേ നിവാസികൾ

**യോനാ 3:5,10**

നിനെവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു.അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. തങ്ങളുടെ ദുഷ്ടതയിൽ നിന്ന് അവർ പിന്തിരിഞ്ഞുവെന്ന് കണ്ട ദൈവം മനസ്സ് മാറ്റി. അവരുടെ മേൽ അയയ്ക്കുമെന്ന് പറഞ്ഞ തിന്മ അയച്ചില്ല.

## ഉപവസിക്കുന്ന യേശുക്രിസ്തു

**മത്താ 4:1 – 11**

പ്രലോഭനങ്ങളെ അതിജീവിക്കാൻ പുത്തൻ ദൗത്യങ്ങൾ ഏറ്റെടുക്കാൻ ഉപവസിച്ച് പ്രാർത്ഥിക്കുന്നത് കർത്താവ് തന്നെ നമുക്ക് കാട്ടിതരുന്നു.

## ഉപവസിക്കുന്ന അന്ന എന്ന പ്രവാചക


**ലൂക്ക 2:37**

'എൺപത്തിനാല് വയസ്സുള്ള ഈ വിധവ ദേവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു. വരാനിരിക്കുന്ന രക്ഷകനെ കാണാനുള്ള ആഗ്രഹം അവളെ മുമ്പോട്ട് കൊണ്ടുപോകുന്നു.

ഉപവസിക്കുക എന്നാൽ കൂടെ വസിക്കുക എന്നാണർത്ഥം, ഉപവസിക്കുന്നവർ ആ സമയം ദൈവത്തോടുകൂടി ആയിരിക്കണം വസിക്കേണ്ടത്. ദൈവം കൂടെയുണ്ടെങ്കിൽ, നമ്മുടെ ആവശ്യനേരത്തു നാം നിലവിളിക്കുമ്പോൾ അവിടുന്ന് നമ്മുടെ മുൻപിൽ നടന്നു എല്ലാം ക്രമീകരിക്കും; നമ്മുടെ പിന്നിൽ നടന്നു നമ്മെ സംരക്ഷിക്കും; നമ്മുടെ ഇരുണ്ട വേളകൾ മദ്ധ്യാഹ്നം പോലെയാകും; മരുഭൂമിയിലും നമുക്ക് സമൃദ്ധി ഉണ്ടാകും; നമ്മൾ നനച്ചു വളർത്തിയ പൂന്തോട്ടം പോലെയും ഒരിക്കലും വറ്റാത്ത ഉറവ പോലെയും ആകും ( ഏശയ്യാ 58:8–11). ■




# സമൂഹ രോഗീലേപനം അനുവദനീയമാണോ?



ഞാൻ പൂന്തുറ ഇടവകാംഗമാണ്. രോഗികൾക്ക് ഒറ്റയ്ക്കൊറ്റക്ക് രോഗീലേപനം നല്കുന്നതാണ് കണ്ടിട്ടുള്ളത്. എന്നാൽ, കുറേ വർഷങ്ങൾക്കുമുമ്പ് പൂന്തുറ പള്ളിയിൽ സമൂഹ രോഗീലേപനം (നിരവധി രോഗികൾക്ക് ഒരുമിച്ച്) നല്കിയത് കാണാനിടയായി. അന്നുമുതലുള്ള എന്റെ സംശയമാണ് സമൂഹരോഗീലേപനം അനുവദനീയമോ?

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1517 1519, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 999 1002 എന്നിവയാണ് രോഗീലേപന കൂദാശയുടെ പൊതുവായ ആഘോഷരീതി വ്യക്തമാക്കുന്നത്. ആരാധന ക്രമപരവും സാമൂഹികവുമായ ഒരു ആഘോഷമാണ് രോഗീലേപന കൂദാശയെന്ന് (CCC) 1517 വ്യക്തമാക്കുന്നു. അത് വീട്ടിൽവച്ചോ ആശുപത്രിയിൽ വച്ചോ ദൈവാലയത്തിൽവച്ചോ നടത്തിയാലും, ഒരു രോഗിക്കുവേണ്ടിയോ രോഗികളുടെ ഒരു ഗണത്തിനുവോണ്ടിയോ നടത്തിയാലും അങ്ങനെതന്നെയെന്ന് (CCC) 1517 പഠിപ്പിക്കുന്നു. രൂപതാമെത്രാന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി, വേണ്ടവിധം ഒരുക്കിയതും ശരിയായ മനോഭാവമുള്ളതുമായ നിരവധി രോഗികൾക്ക് ഒരുമിച്ച് രോഗീലേപനം പരികർമ്മംചെയ്യാൻ (CIC) 1002 അനുവാദം നല്കുന്നു. രോഗീലേപന കർമ്മക്രമം (OUI) 17 പ്രകാരം, ഈ കൂദാശ സ്വീകരിക്കാൻ നിരവധി രോഗികൾ ഒരുമിച്ചുവരുന്ന ആഘോഷങ്ങളിൽ മേൽനോട്ടം വഹിക്കാൻ രൂപതാമെത്രാന് കടമയുണ്ട്.

നിരവധി രോഗികൾക്ക് ഒരുമിച്ച് രോഗീലേപന കൂദാശ പരികർമ്മം ചെയ്യുമ്പോൾ CIC 1002, (OUI) 17, 83 പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഈ കൂദാശ സ്വീകരിക്കേണ്ട രോഗികളെയും സന്നിഹിതരായിരിക്കുന്നവരെയും അജപാലനപരമായി ഒരുക്കുക.
2. അവരെ ഒരുക്കാൻ സന്യസ്തരുടെയും അല്മായരുടെയും സഹായം വിനിയോഗിക്കുക
3. ഈ കൂദാശ സ്വീകരിക്കാൻ ശരിയായ മനോഭാവം അവർക്കുണ്ടെന്ന് ഉറപ്പുവരുത്തുക.
4. ഈ കൂദാശ ആഘോഷിക്കുമ്പോൾ രോഗീലേപനകർമ്മത്തിന്റെ ക്രമം/നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കുക.
5. മരണാസന്ന അവസ്ഥയിലെത്തുന്ന വ്യക്തിക്ക് രോഗീലേപന കൂദാശ നല്കുന്നതിന് ഈ ആഘോഷം തടസ്സമാകരുത്.
6. ദിവ്യബലിയോടുകൂടിയാണ് ഈ കൂദാശ പരികർമ്മം ചെയ്യുന്നതെങ്കിൽ, ഈ കൂദാശയുടെ ആഘോഷം ദൈവാലയത്തിൽവച്ചോ സഭ അനുവദിക്കുന്ന അനുയോജ്യമായ സ്ഥലത്തുവച്ചോ ആയിരിക്കണം.

ഇനി താങ്കളുടെ സംശയത്തിലേക്കുവരുന്നു. CIC 1002, OUX 17 എന്നിവപ്രകാരം, നിരവധി രോഗികൾക്ക് ഒരുമിച്ചു രോഗീലേപന കൂദാശ നല്കാവുന്നതാണ്. ■

തുടർമഴ ........................ 15

ഫാ. ലെനിൻ ഫെർണാണ്ടസ്



'യേശുവിനെ സംസ്കരിക്കുന്നു' (ലൂക്ക. 23: 50 – 56) എന്ന സുവിശേഷഭാഗം ആധാരമായ കഥ

# നിയോഗം

യഹൂദരുടെ പരമോന്നത ആലോചനാ സമിതിയായ സെൻഹദ്രിനുള്ളിലെ വാശിയും കുത്തിതിരിപ്പും നന്നായി അറിയാവുന്നതിനാലാകാം അരമത്തിയാക്കരനായ ജോസഫ് ആ കൂട്ടത്തിൽ ചെന്നാൽ അധികം ഒന്നും സംസാരിക്കാറില്ല. അയാളുടെ നീതിബോധത്തേയും സത്യസന്ധതയേയും പലതും പറഞ്ഞ് പ്രകോപിപ്പിക്കാൻ അവർ ശ്രമിക്കാറുണ്ടെങ്കിലും തികഞ്ഞ പക്വമതിയായ ജോസഫ് അതിനെയൊക്കെ അതിജീവിക്കാറുമുണ്ട്. ചിലയിടങ്ങളിൽ നിശബ്ദമായി പ്രതിരോധം തീർക്കാനും അയാൾ പഠിച്ചത് ആ നസ്രായനിൽ നിന്നു തന്നെയായിരുന്നു. അതിരുവിടേണ്ട ആത്മസംഘർഷങ്ങളുടെ മുൻപിലും അതിശയിപ്പിക്കുന്ന ആത്മവീര്യത്തോടെയുള്ള ആ നസ്രായേന്റെ മൗനം ദൈവം വരച്ചിട്ട ഒരു സ്വർഗീയ കലാസൃഷ്ടി തന്നെയായിരുന്നു. അതികായൻമാരായ 12 ശിഷ്യന്മാർ ഉണ്ടായിരുന്നിട്ടും തൊട്ടു സൗഖ്യപ്പെടുത്തിയ അനേകമനേകം രോഗികൾ ഉണ്ടായിരുന്നിട്ടും ചേതനയറ്റ അവന്റെ ശരീരം കല്ലറയിൽ വയ്ക്കാൻ നീ എന്നെ തന്നെ തെരഞ്ഞെടുത്തുവല്ലോ ദൈവമേ എന്ന് അരിമത്തിയ സ്വദേശിയായ ജോസഫ് ആത്മഗതം ചെയ്തു. അവന്റെ ശബ്ദവും ശ്വാസവും നിലച്ചു, കണ്ണുകളടഞ്ഞു, ഇനിയെന്ത് എന്ന് ചിന്തിക്കാതിരിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അവൻ അരുൾ ചെയ്തതുപോലെ ഉയർത്തെഴുന്നേൽക്കുമോ? ഹേറോദേസിന്റെ പടയാളികളേയും കയ്യാഫാസിന്റെ കിങ്കരന്മാരേയും തച്ചുതകർത്ത് ആരും ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു പൂർവ്വ വിജയത്തിലേക്ക് അവന് ഉയരാൻ സാധിക്കുമോ? ഇവയെല്ലാം ചോദ്യങ്ങളായി തന്നെ അവന്റെ ഉള്ളിൽ നിന്ന് തികട്ടിവന്നു.

ആ അമ്മയുടെ മുഖം ഓർക്കാതിരിക്കാൻ അയാൾക്ക് സാധിച്ചില്ല. ലോകത്ത് ഒരമ്മയ്ക്കും ഇത്തരം ഒരു ദുരവസ്ഥ ഉണ്ടാകരുതേ എന്നുമാത്രം അയാൾ പ്രാർഥിച്ചു. “ദൈവമേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് പൊറുക്കേണമേ” എന്ന മകന്റെ പ്രാർഥനയോടൊപ്പം ചേർന്നു നിൽക്കുന്ന സമാധാനത്തിന്റെയും ക്ഷമയുടെയും വികാരവായ്പായിരുന്നു ആ കണ്ണുകളിൽ. അവസാന കരങ്ങൾ കൂപ്പി ആ സ്ത്രീ എന്നോടു പറഞ്ഞത് ഞാനോർക്കുന്നു, “ലോകാവസാനം വരെ നിന്റെ പേര് അവിസ്മ

രണീയമായിരിക്കും." ആ നിമിഷം മുതൽ എന്നിൽ കൃപയുടെ നീരുറവ പൊട്ടിയതുപോലെ എനിക്കനുഭവപ്പെടുന്നു. എന്തെന്നില്ലാത്ത ആത്മവിശ്വാസം എന്നിൽ ഉരുണ്ടുകൂടുന്നു. ഇനിയുള്ള സെൻഹദ്രിൻ യോഗങ്ങളിൽ ഞാൻ ഓരോന്നും തുറന്നുവയ്ക്കും. ആ കുടുംബത്തിലെ ദ്വൈമുഖങ്ങളെ ഞാൻ വലിച്ചുകീറും. ഈ നീതിമാന്റെ രക്തം ഞാൻ അവിടെ ചർച്ചയാക്കും. അതിന്റെ പേരിൽ എന്തപമാനം സഹിക്കേണ്ടിവന്നാലും ഞാനതിന് തയ്യാറാകും. തന്റെ ശിഷ്യത്വം ഒളിച്ചുവയ്ക്കേണ്ടിവന്നതോർത്ത് ജോസഫ് അതിയായി ദുഃഖിച്ചു. നസ്രായനായ ആ യുവാവിന്റെ ശിഷ്യനാണ് താനെന്ന് ഉറക്കെ വിളിച്ചുപറയാൻ അയാൾക്ക് മടിതോന്നിയില്ല.

ജീവിതത്തിൽ ഇന്നേവരെ അയാൾ കണ്ടിട്ടില്ലാത്ത കൂരിരുട്ടിലൂടെയാണ് അയാൾ നടന്നത്. സന്ധ്യയോടടുത്തതേ ഉള്ളൂ എങ്കിലും ഒലിവുമലയുടെ താഴ്വാരം മുഴുവൻ അന്ധകാരാവൃതമായിരുന്നു. നിരത്തുകളിൽ ആരും തന്നെയില്ല. തലയുയർത്തി നിൽക്കുന്ന ജറുസലേം ദേവാലയം പോലും കൂരിരുട്ടിനാൽ അപ്രത്യക്ഷമായതുപോലെ.

തിരക്കുപിടിച്ച് ഭവനങ്ങളിലേക്കോടുന്ന വ്യാപാരികൾ ദുഃശകുനങ്ങളെ അപലപിച്ചുകൊണ്ട് കടന്നുപോയി. ഇന്നലെ വരെ പൊതുസ്ഥലങ്ങളിൽ പഠിപ്പിക്കുകയും അനേകർക്ക് രോഗസൗഖ്യം നൽകുകയും ചെയ്ത യുവാവായ യേശു ക്രൂശിക്കപ്പെട്ടു എന്ന വാർത്ത സമ്മിശ്രമായ അഭിപ്രായങ്ങളാണ് പൊതുജനത്തിന്റെ മേൽ ഉണ്ടാക്കിയത്. പലതും കേട്ടും കേൾക്കാതെയും ജോസഫ് തന്റെ ഭവനം ലക്ഷ്യമാക്കി നടന്നുനീങ്ങി. പെട്ടെന്ന് ഒരു ദീനസ്വരം ഇരുളിന്റെ മറവിൽ നിന്നയാൾ കേട്ടു. 'ഒന്നു നിൽക്കണേ' എന്ന് തേങ്ങിക്കരഞ്ഞുകൊണ്ട് അയാൾ വിളിച്ചു. അതൊരു പുരുഷന്റെ സ്വരമായിരുന്നു. പതുക്കെ വെളിച്ചത്തിലേക്ക് വന്ന മനുഷ്യന്റെ മുഖം ജോസഫിന് മനസ്സിലായില്ല. വെട്ടിയൊതുക്കാത്ത മുടിയും താടിയും, കരഞ്ഞുകരഞ്ഞുകലങ്ങിയ കണ്ണുകൾ, കൂപ്പിയ കരങ്ങൾ; ഓർത്തെടുക്കാൻ സാധിക്കുന്നില്ല എങ്കിലും കണ്ടുമറഞ്ഞ മുഖം തന്നെയാണത്.

''ആരാണ് നിങ്ങൾക്കെന്തു വേണം", ജോസഫ് ചോദിച്ചു.

"ഞാൻ പത്രോസാണ്, യേശുവിന്റെ ശിഷ്യൻ, സത്യത്തിൽ അങ്ങനെ പറയാൻ ഞാൻ യോഗ്യനല്ല. അവനെ ഞാൻ തള്ളിപറഞ്ഞു, നിഷേധിച്ചു. അവനെ പീഡിപ്പിച്ചവരുടെയും പരിഹസിച്ചവരുടെയും മുൻപിൽ നിന്ന് ഞാൻ ഓടിക്കളഞ്ഞു. അവൻ സജീവ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന എന്റെ വിശ്വാസ പ്രഖ്യാപനങ്ങളെല്ലാം വെറും അധരവ്യായാമങ്ങളായിരുന്നു. പ്രിയ അരിമത്തിയാക്കാരനായ ജോസഫ് സത്യത്തിൽ അങ്ങാണ് യഥാർഥ ശിഷ്യൻ. ആരുടെയും മുഖം നോക്കാതെ ധൈര്യപൂർവം അവന്റെ ശവശരീരം അടക്കംചെയ്യാൻ അങ്ങ് കാട്ടിയ ധീര മനോഭാവം എന്നെ അതിശയിപ്പിക്കുന്നു."

പത്രോസിന്റെ കരഞ്ഞുകലങ്ങിയ കണ്ണുകൾ നോക്കിക്കൊണ്ട് അയാളെ തന്നോട് ചേർത്തുപിടിച്ചുകൊണ്ട് പുഞ്ചിരി തൂകി ജോസഫ് പറഞ്ഞു, "പ്രിയ സുഹൃത്തേ, ഞാൻ ചെയ്തത് എന്റെ നിയോഗമായിരുന്നു. അതുചെയ്യാൻ എനിക്കുമാത്രമേ സാധിക്കുകയുള്ളൂ. ഞാനീ ഭൂമിയിലേക്ക് ജനിച്ചുവീണതു തന്നെ ഈ സത്കർമ്മം നിർവഹിക്കാൻ വേണ്ടി മാത്രമാണ്. എന്നാൽ താങ്കളുടെ നിയോഗം ഇതിലുമപ്പുറമുള്ള വലിയ കാര്യങ്ങളാണ്. കാരണം ഈ നസ്രായനായ യേശുവിനെ കണ്ടതും കേട്ടതും അറിഞ്ഞതും അനുഭവിച്ചതും താങ്കളും കൂട്ടുകാരുമാണ്. ആ നിയോഗം നിങ്ങൾക്കായി വെളിപ്പെടട്ടേ എന്നാണെന്റെ പ്രാർഥന." പത്രോസിന്റെ കൂപ്പിയ കരങ്ങളെ ഒരിക്കൽക്കൂടി കൂട്ടിച്ചേർത്തുപിടിച്ചാശ്വസിപ്പിച്ചിട്ട് അവർ വഴിപിരിഞ്ഞു.

അരിമത്തിയാക്കാരൻ ജോസഫിന്റെ നടത്തത്തിൽ ആത്മനിർവൃതിയുടെ പരിവേഷമുണ്ടായിരുന്നു. ആ ആശ്വാസ വചനങ്ങൾ കേട്ട പത്രോസിന്റെ ഇരുണ്ട മനസ്സ് പ്രകാശമാനമായി തുടങ്ങി. യഹൂദരുടെ വാൾമുനയിൽ നിന്ന് ഒഴിഞ്ഞുമാറിയാണ് ഇനിയും നടക്കേണ്ടതെങ്കിലും തന്റെ ചിന്തകൾ ശാന്തമാകുന്നതുപോലെ അവന് തോന്നി. ചിതറി ഓടിയ തന്റെ കൂട്ടുകാരെയൊക്കെ കണ്ടെത്തണം. കാത്തിരിക്കണം ആ മൂന്നുനാൾ. ഒഴിഞ്ഞ കല്ലറയിൽ നിന്ന് വീണ്ടും ആരംഭിക്കണം. അവൻ വരും വരാതിരിക്കില്ല. പരാജിതരായ തങ്ങളുടെ മുൻപിൽ. അപ്പോൾ ആ പാദങ്ങളിൽ കെട്ടിപ്പിടിച്ച് മാപ്പിരക്കാം. അവൻ പൊറുക്കും. കാരണം അവൻ ക്ഷമയുടെ മറുവാക്കാണ്.



അഗസ്റ്റിൻ കണിപ്പിള്ളി











# കാട് കാടിന്റെ മക്കൾക്കും കടൽ കടലിന്റെ മക്കൾക്കും

എല്ലാറ്റിനും ഒരു പരിധിയുണ്ട്, അല്ലെങ്കിൽ പരിധി ഉണ്ടാകണം. അത് ക്ഷമയ്ക്കായാലും കാത്തിരിപ്പിനായാലും. അതില്ലെങ്കിൽ ഏതൊരു പ്രശ്നവും നിയന്ത്രണാധീതമായേക്കാം. അതുകൊണ്ടാണ് വിവരമുള്ളവർ പച്ച മലയാളത്തിൽ പറഞ്ഞുവച്ചിട്ടുള്ളത് അർഹതയുള്ളവന് അത് നിഷേധിക്കരുതെന്നും വച്ചുതാമസിപ്പിക്കരുതെന്നും. അങ്ങനെ വച്ചുതാമസിപ്പിക്കുന്നത് നീതി നിഷേധിക്കുന്നതിന് തുല്യമാണ്. അങ്ങനെ അർഹതയുള്ള ഒരു നീതി നിഷേധത്തിന്റെ കഥയുണ്ട് ഇന്ന് പറയാൻ. കേരള ചരിത്രത്തോളം പഴക്കമുണ്ട് ആ നീതി നിഷേധ കഥയ്ക്ക്. ആ കഥയിന്ന് പ്രസക്തമാകുന്നത് അടിമലത്തുറയിൽ നടന്ന തീരദേശ കുടിയേറ്റത്തിലൂടെയാണ്. ഇന്നല്ലെങ്കിൽ നാളെ നിയമവിധേയമാകേണ്ട അല്ലെങ്കിൽ ആക്കേണ്ട അടിമലത്തുറപ്രശ്നം ലോകസമക്ഷം ഇപ്പോൾ വലിച്ചിട്ടത് പട്ടിക്കും പാണനും വേണ്ടാത്ത വിഷയങ്ങളിൽ സ്ഥാനത്തും അസ്ഥാനത്തും കയറി അന്തിച്ചർച്ച നടത്തി പ്രേഷകരെ വെറുപ്പിച്ചും മുഷിപ്പിച്ചും തങ്ങൾ എന്തോ മഹാകാര്യം ചെയ്യുന്നുവെന്ന് ഊറ്റംകൊള്ളുന്ന ഒരു വാർത്താ ചാനലാണ്. ആ ചാനലിന്റെ ഭാഗത്തുനിന്നുണ്ടായ ഈ നീക്കം നാടിനോടും നാട്ടാരോടും ഉള്ള കടപ്പാടിന്റെയോ സ്നേഹത്തിന്റെയോ പേരിലല്ല. അടിമലത്തുറ തീരപ്രദേശത്തിൽ കണ്ണുടക്കിക്കിടന്ന ഒരു കൂട്ടം റിസോർട്ട് മാഫിയകളുടെ താല്പര്യ സംരക്ഷണത്തിന്റെ പേരിൽ മാത്രമാണ്. കിട്ടിയ കാശിന് പണിയെടുക്കണം എന്നതിനോട് ആർക്കും വിയോജിപ്പില്ല. പക്ഷേ, തലമറന്ന് എണ്ണതേയ്ക്കരുതേ എന്നേ പറയുന്നുള്ളൂ. അതുമാത്രമല്ല, കത്തോലിക്കാ സഭയെന്നുകേട്ടാൽ ചെകുത്താൻ കുരിശുകണ്ട മാതിരി വിളറിപിടിക്കുന്ന ഈ ചാനലിന്റെ ഒരുതരം വൃത്തികെട്ട സമീപനമുണ്ടല്ലോ അതത്രയങ്ങോട്ട് ഏശുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ പറയേണ്ടിവന്നതെന്ന് ചോദിച്ചാൽ പറയേണ്ടത് പറയേണ്ട സമയത്ത് പറഞ്ഞില്ലെങ്കിൽ ഈ ചാനലിനെ സംബന്ധിച്ചിടത്തോളം അത് തഴക്കദോഷത്തിന് കാരണമാകും. കുറച്ചുനാളുമുൻപ് കത്തോലിക്കാ സഭയ്ക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കിയേ മതിയാവൂ എന്ന വാശിയിൽ അന്തിച്ചർച്ച നടത്തി തളർന്ന ഈ ചാനലിനെ ആരും എളുപ്പത്തിൽ മറക്കാൻ ഇടയില്ല.

ഇനി നമുക്ക് കാര്യത്തിലേക്ക് വരാം. ജനനിബിഡമായ ഒരു തീരപ്രദേശമാണ് അടിമലത്തുറ. ഈ തീരപ്രദേശത്ത് ഇതുവരെ കൂടും കുടിയും സാധ്യമല്ലാതിരുന്ന കുറേ കുടുംബങ്ങൾ പതിറ്റാണ്ടുകളായി കാടുപിടിച്ചു കിടന്ന കുറേസ്ഥലം വെട്ടിത്തെളിച്ച് അവിടെ വീടുവച്ചുതാമസം തുടങ്ങി. അതാണ് ഇന്നിന്റെ പ്രശ്നം. നീണ്ട നാളത്തെ കാത്തിരിപ്പിന് ശേഷം സഹികെട്ടപ്പോഴാണ് അവിടത്തുകാർ ഈ സാഹസത്തിന് മുതിർന്നതെന്ന് ഓർക്കണം. കൂട്ടുകുടുംബം പോലെ ഒരു കൂരയ്ക്കുതാഴെ നാലും അഞ്ചും കുടുംബങ്ങൾ അങ്ങനെ ശ്വാസം മുട്ടി എത്രനാൾ ജീവിക്കും. പ്രഭാതകർമങ്ങൾക്കുപോലും സൗകര്യമില്ലാതെയുള്ള ആ പൊറുതിയിൽ നിന്ന് ഒരു മാറ്റം അവർ ആഗ്രഹിച്ചുതുടങ്ങിയിട്ട് തലമുറകൾ പലതുകഴിഞ്ഞു. കടലേറ്റങ്ങൾ പലതുണ്ടായി. സുനാമിയും ഓഖിയും വന്നുപോയി. എന്നും ദുരിതം മാത്രം അനുഭവിക്കാൻ വിധിക്കപ്പെട്ട കുറേ ജന്മങ്ങൾ. പുനഃരധിവാസവും സഹായ വാഗ്ദാനങ്ങളുമായി ഭരണകർത്താക്കളും രാഷ്ട്രീയക്കാരും അവർക്ക് വിടുപണി ചെയ്തുകൊണ്ട് കുറേ ടി.വി.ചാനലുകാരും പലവട്ടം അടിമലത്തുറയിൽ വന്നുപോയി. പക്ഷേ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിത ആവാസ വ്യവസ്ഥയ്ക്ക് ഒരു മാറ്റവും ഉണ്ടായില്ല. ആരും മനഃപൂർവം മാറ്റം ഉണ്ടാക്കിയതുമില്ല. പക്ഷേ, വേറെ ചിലത് സംഭവിച്ചു. ഈ പട്ടിണിപ്പാവങ്ങളുടെ ജീവിതങ്ങളും കോലങ്ങളും കണ്ടാസ്വദിക്കാൻ പരിഷ്കാരികളായ ആസ്വാദകരെത്തി. അവർക്കായി അടിമലത്തുറയിൽ അങ്ങിങ്ങ് റിസോർട്ടുകളും വന്നു. ഇന്നല്ലെങ്കിൽ നാളെ സർക്കാർ വാഗ്ദാനം ചെയ്ത ഫ്ളാറ്റുകളും സഹായങ്ങളും അടിമലത്തുറക്കാർക്ക് ലഭിക്കുമെന്ന വിശ്വാസവും പ്രതീക്ഷയും അസ്ഥാനത്തായി. തങ്ങൾക്ക് നീതി നിഷേധിക്കപ്പെടുകയാണെന്ന ബോധ്യം പലതവണ സർക്കാരുകളേയും രാഷ്ട്രീയക്കാരേയും കണ്ട് അവർ പറഞ്ഞു. പിന്നെ എന്തിനും ഏതിനും ഒന്നിച്ചു കൂടുന്ന ക്രൈസ്തവ വിശ്വാസ സമൂഹം മാത്രമായിരുന്നു അന്നും ഇന്നും ശരണം.

അങ്ങനെയാണ് ഈ പ്രദേശത്ത് കാടുപിടിച്ചുകിടന്ന ഏകദേശം ഒന്നര ഏക്കറോളം തീരഭൂമി വെട്ടിത്തെളിച്ച് അവിടെ വീടുവച്ചുതാമസിക്കാൻ തീരദേശ വാസികൾ തീരുമാനിച്ചതും പ്രവർത്തിച്ചതും. ഇത് റിസോർട്ട് മാഫിയകൾക്ക് അത്രയങ്ങ് സുഖിച്ചിട്ടുണ്ടാകില്ല. അവർ എന്തിനും ഏതിനും ഇംപാക്ട് ഉണ്ടാക്കാൻ നടക്കുന്ന ടി. വി. ചാനലിനെ കൂട്ടുപിടിച്ചു. അവർ രഹസ്യമായി അടിമലത്തുറയിലെത്തി. ആരും അറിയാതെ 2200 ലേറെ വരുന്ന അടിമലത്തുറയിലെ കുടുംബക്കാരോട് ഒന്നും ചോദിക്കാതെ റിസോർട്ട് മാഫിയയ്ക്കുവേണ്ടി വാർത്തയുണ്ടാക്കി വെളിച്ചപ്പാടിനെപ്പോലെ ഉറഞ്ഞുതുള്ളി. ലത്തീൻ സഭ തീരഭൂമി കൈയേറി വിറ്റു. കേട്ടപാടെ നമ്മുടെ സംസ്ഥാന ഫിഷറീസ് മന്ത്രിയും വികാരം പൂണ്ടു. സർക്കാരിന്റെ ഭവന പദ്ധതി അട്ടിമറിച്ചാണ് ലത്തീൻ സഭ ഭൂമി കൈയേറിയതെന്ന് മന്ത്രി ടി.വി. ചാനലിനോട് പറഞ്ഞുവെന്നായി കാര്യങ്ങൾ. ഇവിടെ ഒരുകാര്യം വ്യക്തമല്ലേ. വീടുനൽകാം, ഫ്ളാറ്റ് നൽകാം എന്നൊക്കെ പറഞ്ഞ് പതിറ്റാണ്ടുകളായി ഇവിടത്തെ മത്സ്യത്തൊഴിലാളി സമൂഹത്തെ സർക്കാർ വഞ്ചിക്കുകയായിരുന്നുവെന്ന്. ഇന്ന് ഈ നടന്നത് ഒരു 20 വർഷം മുൻപ് ചെയ്യേണ്ടതായിരുന്നുവെന്നാണ് ഇപ്പോൾ തോന്നുന്നത്. കടുകയറിക്കിടന്ന സ്ഥലം മൂന്നുസെന്റ് വീതം 264 കുടുംബങ്ങൾ പങ്കിട്ടെടുത്തുവെന്നും അതിന് അടിമലത്തുറ പള്ളിക്കമ്മിറ്റി നേതൃത്വം നൽകിയെന്നുമാണ് ടി.വി. ചാനലിന്റെ ആരോപണം. ഏതാണ്ട് 125 വർഷത്തിൽ കുറയാത്ത ക്രിസ്തീയവിശ്വാസ പാരമ്പര്യമാണ് അടിമലത്തുറയുടേത്. അതിനാൽ അങ്ങനെ സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ എന്റെ ചാനലുകാരാ, അതുതന്നെയാണ് അതിന്റെ ശരിയായ രീതിയും മാർഗവും. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ലത്തീൻ സഭ ഭൂമി കൈയേറാറില്ല. പക്ഷേ, ഭൂമി കൈയേറുന്ന സമുദായങ്ങളേയും വ്യക്തികളേയും ആൾദൈവങ്ങളേയും കണ്ടില്ലെന്ന് നടിച്ച്, നിങ്ങൾ സംരക്ഷിക്കുന്ന കാര്യം ഞങ്ങൾക്കറിയാം. അതിന് അധികം അകലെയൊന്നും പോകേണ്ട. കൊല്ലം വരെ മാത്രം പോയാൽ മതി. പിന്നെ തീരദേശ ജനതയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ലത്തീൻ സഭയ്ക്കുണ്ടെന്ന് പറഞ്ഞ് സർക്കാർ ഭാഗത്തുനിന്ന് കൈകഴുകിയ ഫിഷറീസ് മന്ത്രിയുടെ വാക്കുകളും നിങ്ങൾ ഓർക്കണം. ഭരണവും ഭരണകർത്താക്കളും പരാജയപ്പെടുന്നിടത്തുനിന്ന് പുതിയ ആശയങ്ങളും പ്രതീക്ഷകളും ഉടലെടുക്കും. അത് ചലനങ്ങൾ സൃഷ്ടിച്ചേക്കാം. അതേ അടിമലത്തുറയിലും സംഭവിച്ചുള്ളൂ. കടലും കടൽത്തീരവും മത്സ്യത്തൊഴിലാളികൾക്കുള്ളതാണ്. അത് അംഗീകരിക്കുന്നതാണല്ലോ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫ്ളാറ്റ് പണിയാൻ നിശ്ചയിച്ചിരുന്ന സ്ഥലമായിരുന്നു അതെന്ന മന്ത്രിയുടെ വാക്കുകൾ. അതുകൊണ്ട് കടലും കടൽത്തീരവും റിസോർട്ട് മാഫിയയ്ക്ക് പറ്റിയതല്ല. കാട് കാടിന്റെ മക്കൾക്കുള്ളതാണെങ്കിൽ കടൽ കടലിന്റെ മക്കൾക്ക് അവകാശപ്പെട്ടതാണ്. അതുകൊണ്ട് 2000 രൂപ വിലയുള്ള ഊണ് വിളമ്പുന്ന നമ്മുടെ ഈ നാട്ടിൽ വിശപ്പടക്കാൻ മണ്ണുവാരി തിന്നുന്നവനും ജീവിക്കേണ്ടേ ചാനലുകാരാ. ■





ലേഖനം

ഫാ. ബീഡ്മനോജ് അമാദോ

# ക്രൂശിതന്റെ തീർഥാടകരാകാം

ക്രൈസ്തവർ തപസാചരണത്തിന്റെ ഭാഗമായി കുരിശിന്റെ വഴി എന്ന ഭക്താനുഷ്ഠാനത്തിലൂടെ കടന്നുപോകാറുണ്ട്. ആബേലച്ചനെപ്പോലുള്ള ആത്മീയ ഗുരുക്കന്മാർ ഇതിനായി രൂപപ്പെടുത്തിയ പ്രാർഥനകൾ സംവത്സരങ്ങൾക്കിപ്പുറവും ക്രൂശിതനോടുള്ള ഭക്തിചൈതന്യത്തിന് തിളക്കംകൂട്ടുന്നു.

മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലിയായയാണ് 2020 വർഷങ്ങൾക്കുമുൻപ് കൽത്തളം അഥവാ ഗബ്ബാത്തായിൽ നിന്ന് ലോകരക്ഷകനായ യേശുക്രിസ്തു തനിക്കായി നൽകപ്പെട്ട കുരിശും ചുമന്നുകൊണ്ട് ഗാഗുൽത്താവരെ നടന്നുനീങ്ങിയത്. കൂടെ നിൽക്കാൻ വിളിക്കപ്പെട്ടവർ ഓടി അകന്നു. കുരിശിന്റെ വഴിയിലെ രണ്ടാം സ്ഥലം ഈ ദയനീയത അല്ലെങ്കിൽ ക്രൂരത എടുത്തുകാട്ടുന്നു. ഈശോ ചുറ്റും നോക്കി സ്നേഹിതർ ആരുമില്ല. ഒരു സ്നേഹിതൻ അവിടുത്തെ ഒറ്റിക്കൊടുത്തു. മറ്റൊരു ആത്മാർത്ഥ സ്നേഹിതൻ അവിടുത്തെ പരിത്യജിച്ചു. "എന്റെ ജനത്തിന്റെ പാപം നിത്തമാണ് അവൻ പീഡനമേറ്റ് ജീവിക്കുന്നവരുടെ ഇടയിൽ നിന്ന് വിച്ഛേദിക്കപ്പെട്ടതെന്ന് അവന്റെ തലമുറയിൽ ആരുകരുതി" (ഏശയ്യ. 53:8). ഈ തിരിച്ചറിവ് മൂന്നുവർഷക്കാലം യേശുവിനോടൊപ്പം നടന്നവർക്ക് ഇല്ലായിരുന്നുവെന്നതാണ് നഗ്നസത്യം.

ക്രൂശിതന്റെ മാനസികവ്യഥയുടെ മറ്റൊരു ദയനീയ ചിത്രം മൂന്നാം സ്ഥലം പ്രകടമാക്കുന്നുണ്ട്. ഞാൻ സഞ്ചരിക്കുന്ന വഴികളിൽ എനിക്കവർ കെണികൾ വച്ചു. ഞാൻ വലത്തേക്ക് തിരിഞ്ഞുനോക്കി, എന്നെ അറിയുന്നവർ ആരുമില്ല. ഓടിഒളിക്കുവാൻ ഇടമില്ല. എന്നെ രക്ഷിക്കുവാൻ ആരുമില്ല. "വലതുവശത്തേക്ക് നോക്കി ഞാൻ കാത്തിരിക്കുന്നു. എന്നാൽ ആരും എന്നെ ശ്രദ്ധിക്കുന്നില്ല; ഒരു രക്ഷാകേന്ദ്രവും എനിക്ക് അവശേഷിക്കുന്നില്ല; ആരും എന്നെ പരിഗണിക്കുന്നില്ല" (സങ്കീ. 142:4)

ക്രൂശിതാ ഞങ്ങളോട് പൊറുക്കണേ... രണ്ടായിത്തി ഇരുപത് സംവത്സരങ്ങൾക്കിപ്പുറം പാപപരിഹാരത്തിനായി കുരിശിന്റെ വഴിയാചരണം നടത്തപ്പെടുമ്പോൾ, കൂടെ നിൽക്കേണ്ടവനോട് അതായത് ക്രൂശിതനോട് ചേർന്ന് നിൽക്കാതെ ഓടിയൊളിച്ചതിനെ ഓർത്ത്, സഹായം അത്യാവശ്യമായിരുന്ന എന്റെ സഹോദരനെ സഹോദരിയെ സഹായിക്കാതെ, സ്നേഹിക്കാതെ... കരുണകാണിക്കാതെ സഹോദരങ്ങൾ ബന്ധുക്കൾ അയൽക്കാർ എന്നിവരോട് രമ്യപ്പെടാതെ, ക്ഷമിക്കാതെ ഞങ്ങളാൽ നടത്തപ്പെട്ട കുരിശിന്റെ വഴിയാചരണത്തെ പരിഹാസപ്പെടുത്തിയതിനെ ഓർത്ത് ഞങ്ങളോട് കരുണയായിരിക്കണമേ.

നിർബന്ധത്താലാണെങ്കിലും ക്രൂശിതനെ സഹായിച്ച ശിമയോനെപ്പോലെ, അവിടുത്തെ തിരുമുഖം പട്ടാളക്കാരുടെ എതിർപ്പ് അവഗണിച്ച്, ഒപ്പിയെടുത്ത പരമാർത്ഥഹൃദയയായ വെറോണിക്കയെപ്പോലെ, 'പരമാർഥഹൃദയർ അവിടുത്തെ മുഖം ദർശിക്കും'' (സങ്കീ. 11:7C), ക്രൂശിതന്റെ പിന്നാലെ നിലവിളിച്ചുകൊണ്ട് അവിടുത്തോട് സഹതാപം പ്രകടിപ്പിച്ച ജറുസലേം പുത്രിമാരെ (ഒരു വലിയ ജനക്കൂട്ടവും കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും യേശുവിന്റെ പിന്നാലെ പോയിരുന്നു. ലൂക്ക. 23:27), "ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു (ലൂക്കാ. 23:47) എന്ന് ഈ സംഭവങ്ങൾക്കെല്ലാം ദൃക്സാക്ഷിയായിരുന്ന ശതാധിപനെപ്പോലെ, നമുക്കും സ്വയം അഹങ്കരിക്കാതെ അനുതാപത്തിന്റെ നെടുവീർപ്പോടെയെങ്കിലും ഈ ഭക്താനുഷ്ഠാനത്തിന്റെ ഭാഗമാകാം. ക്രൂശിതന്റെ യഥാർഥ തീർഥാടകരാകാം. ■

**ഡോ. ജയശ്രീ സി.എസ്.**
പ്രൊഫസർ, ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.

# ഉപവാസം കൊണ്ടുള്ള പ്രയോജനങ്ങൾ

ഉപവാസം പല സന്ദർഭങ്ങളിലും മതാനുഷ്ഠാനമയി നടത്താറുണ്ട്. മനസ്സിന്റെ സംതൃപ്തിയും സന്തോഷവും കൂടാതെ ശാരീരികമായ ചില ഗുണങ്ങളും ഉപവാസം തരുന്നുണ്ട്.

ഉപവാസം പല തരത്തിൽ ആകാം. 24 മണിക്കൂർ, ആഴ്ചയിൽ 2 ദിവസം, ദിവസവും 12-16 മണിക്കൂർ ഉപവാസം, ആഴ്ചയിൽ അഞ്ചു ദിവസം, വളരെ കുറച്ചു ഭക്ഷണം കഴിക്കുകയും ബാക്കി രണ്ടു ദിവസം സാധാരണ പോലെ കഴിക്കുകയും ചെയ്യുക എന്നിങ്ങനെ. സാധാരണ നോമ്പുകാലത്ത് 12-16 മണിക്കൂർ ഉപവാസമാണ് നടക്കുന്നത്. ഇത് ജലപാനം ഇല്ലാതെയോ ജലം ഉപയോഗിക്കാം എന്ന നിലയിലോ നടത്താറുണ്ട്.

ഇങ്ങനെയുള്ള ഉപവാസത്തിന് ഇന്റർമിറ്റെന്റ് ഫാസ്റ്റിംഗ് എന്നാണ് പറയുന്നത്. ഒന്നാമതായി ഉപവാസത്തിന്റെ ഗുണം കിട്ടണമെങ്കിൽ, ഉപവാസത്തിന് ശേഷം ഭക്ഷണം കഴിക്കുമ്പോൾ, മിതമായി, സാധാരണ തോതിലേ കഴിക്കാവൂ. അല്ലാത്ത പക്ഷം സാധാരണ നാം കഴിക്കുന്നതിൽ കൂടുതൽ കലോറി ഉള്ളിൽ ചെല്ലാൻ സാധ്യതയുണ്ട്. ഇങ്ങനെയാണെങ്കിൽ ശരീരഭാരം നന്നായി കുറയ്ക്കാൻ സാധിക്കും. ഇതോടൊപ്പം സാധാരണ നിലയിലുള്ള വ്യായാമം കൂടിയുണ്ടെങ്കിൽ ശരീരഭാരം നിയന്ത്രിക്കാൻ നന്നായി സാധിക്കും.


വളർച്ചയ്ക്കു വേണ്ടുന്നതായി ഗ്രോത്ത് ഹോർമോൺ ഉപവസിക്കുമ്പോൾ കൂടുന്നതായി കാണുന്നു. ഇത് ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കുകയും മാംസപേശികൾ കൂടുതൽ ദൃഢമാക്കുകയും ചെയ്യും. മെറ്റബോളിക് റേറ്റ് 4-4% വരെ കൂടുന്നു. ഇത് കൂടുതൽ ഊർജം ഉപയോഗിക്കുകയും ശരീരഭാരം കൂടാതെ നോക്കുകയും ചെയ്യും.

പ്രമേഹത്തെ ഒരളുവരെ തടയാൻ ഉപവാസത്തിന് കഴിയും. ഉപവസിക്കുമ്പോൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് 3-6 % വരെ കുറയുന്നു. ഇൻസുലിൻ ലെവൽ 20-30% വരെ കുറയും. ഇൻസുലിൻ റസിസ്റ്റൻസ് കുറയുന്നതായും കാണുന്നു. ഇവ കാരണം രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടാൻ സാധ്യത വളരെ കുറയുന്നു. കൊളസ്ട്രോൾ, ട്രൈഗ്ലിസറൈഡുകൾ, ബ്ലഡ് ഷുഗർ ഇവ കുറയുന്നത് കാരണം ഹൃദയത്തിന്റെ ആരോഗ്യം കാത്തുരക്ഷിക്കപ്പെടുന്നു.

തലച്ചോറിന്റെ പ്രവർത്തനക്ഷമതയും കൂടുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. പ്രായമായവരിൽ കാണുന്ന ഓർമ്മക്കുറവിന് ഒരു പ്രതിരോധമായി ഇടയ്ക്കിടയ്ക്കുള്ള ഉപവാസം കണക്കാക്കപ്പെടുന്നു. കൂടാതെ കേടുപറ്റിയ ശരീരകലകളെ നിർമാർജനം ചെയ്ത് പകരം പുതിയവയെ സൃഷ്ടിക്കുവാനും ഉപവാസം സഹായിക്കുന്നു. ഇവ മൂലം വാർധക്യവുമായി ബന്ധപ്പെട്ട ശാരീരിക മാറ്റങ്ങളെ ഒരു പരിധിവരെ തടുക്കുവാൻ കഴിയുന്നു.

ഇതൊക്കെയാണെങ്കിലും ഉപവാസം എല്ലാവർക്കും പറ്റിയതല്ല.

1. രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി ഉയർന്നവർ (അൺകൺട്രോൾഡ് ഡയബറ്റിസ്)
2. വളരെ താഴ്ന്ന രക്തസമ്മർദ്ദം ഉണ്ടാകുന്നവർ (ലോ ബി.പി)
3. ശരീരഭാരം വളരെ കുറഞ്ഞവർ
4. ഏതെങ്കിലും രോഗത്തിന് മരുന്നു പയോഗിക്കുന്നവർ
5. ഗർഭിണികൾ, കുഞ്ഞിനെ മുലയൂട്ടുന്നവർ തുടങ്ങിയവർ ഒരു ഡോക്ടർ അനുവദിച്ചാൽ മാത്രമേ ഉപവാസം അനുഷ്ഠിക്കാവൂ.




വെള്ളംകുടിച്ചുകൊണ്ടുള്ള ഉപവാസമാണ് ശരീരത്തിന്റെ ആരോഗ്യത്തിന് അനുവദനീയം.

തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു



സിസ്റ്റർ മോൺസി കുര്യാക്കോസ്

# എന്റെ ഹോം മിഷൻ അനുഭവങ്ങൾ

അമലോത്ഭവ മാതാവിന്റെ ഉർസുലൈൻ എന്ന സന്യാസസഭയിലെ അമല പ്രോവിൻസിലെ ഒരു അംഗമാണ് ഞാൻ.

ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപികയായിരുന്ന എന്നെ കുടുംബപ്രേഷിത നവീകരണ പ്രവർത്തനങ്ങളിലേയ്ക്ക് ഒരുക്കിയതിനെയോർത്ത് ആദ്യമായി ദൈവത്തിനു നന്ദി പറയുന്നു. ഒരു ശില്പി തന്റെ കരവിരുതിലൂടെ പലതരം രൂപങ്ങൾ കൊത്തിയൊരുക്കുന്നു. അതെ പ്രിയമുള്ളവരെ ദൈവം ഈ അടുത്ത രണ്ടുവർഷക്കാലം തന്റെ ദൈവീക സാന്നിദ്ധ്യമാകുന്ന അണിയറയിൽ ഈ പ്രവർത്തനത്തിനായി എന്നെ കൊത്തിയൊരുക്കുകയായിരുന്നുവെന്ന് പിന്നീട് മനസിലാക്കാൻ സാധിച്ചു.

ദൈവത്തിന്റെ വെളിപ്പെടുത്തലുകളും എന്റെ സഭയുടെ ലക്ഷ്യവും ഒന്നു ചേർന്ന നിമിഷം എന്റെ സഭാധികാരികൾ എന്നെ തിരുവനന്തപുരം അതിരൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോം മിഷനിൽ പങ്കാളിയാകാൻ അനുവദിച്ചു. തെല്ലൊരാശങ്കയോടെയാണ് ഞാൻ പുറപ്പെട്ടതെങ്കിലും ആശങ്കകൾക്കും, ആകുലതകൾക്കും അധീതനായവൻ എന്നെ വഴി നടത്തും എന്ന ഉറച്ച ബോധ്യം ഉണ്ടായിരുന്നു.

“ക്രൂശിതനായ ക്രിസ്തുവിനോട് താദാത്മ്യം പ്രാപിച്ചുകൊണ്ട് പരിശുദ്ധമായ ഹൃദയത്തോടെ പൂർണ്ണമായും ദൈവത്തിനു മാത്രമായിരുന്നുകൊണ്ട് സഭയുടെ പ്രവർത്തനങ്ങളോടു ചേർന്നു പ്രവർത്തിക്കുക. ഒപ്പം ദൈവത്തെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പാവങ്ങൾക്കായി ജീവിക്കുക” എന്ന എന്റെ സഭയുടെ കാരിസത്തോടുചേർന്നു പോകുന്ന ഒന്നാണ് ഈ ഹോം മിഷൻ എന്നു മനസിലാക്കാൻ സാധിച്ചു. ഓരോ ഭവനങ്ങൾ സന്ദർശിക്കുമ്പോഴും അവരുടെ പ്രശ്നങ്ങൾ കേൾക്കുമ്പോഴും ഈശോയും ഇതു തന്നെയല്ലേ ചെയ്തത് എന്ന ബോധ്യം കൊണ്ട് നിറയുന്നതായി അനുഭവപ്പെട്ടു. പാവപ്പെട്ട മക്കളുടെ ഉള്ളിൽ തട്ടിയ അടിയുറച്ച ദൈവവിശ്വാസവും, കടബാധ്യതകളാലും മറ്റു പ്രതിസന്ധികളാലും താഴ്ന്നു പോകുന്ന തന്റെ മക്കൾക്ക് ഒരു ആശ്വാസകയായി, മദ്ധ്യസ്ഥയായിത്തീരാൻ സാധിച്ചതിൽ ഒത്തിരി സന്തോഷം തോന്നി.

‘പുറമെ എല്ലാം നല്ലത്’ എന്നാൽ ഓരോ മനുഷ്യനും വിങ്ങിപ്പൊട്ടുന്ന ഓരോ ഹൃദയത്തിന്റെ ഉടമയാണെന്ന് മനസിലാക്കാൻ സാധിച്ചു. ഈ മക്കളുടെ കരളലിയിക്കുന്ന കഥകളും വേദനകളും എല്ലാം ചേർന്ന് ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കുമ്പോൾ ഉറ്റവരോടുള്ള ഒരു തേങ്ങലായി, പ്രാർത്ഥനയായിത്തീരുന്നു എന്റെ ആരാധന.

അതിലുപരി നന്മനിറഞ്ഞ ഒരുപാട് നല്ല അനുഭവങ്ങൾ, മനസിനു കുളിരു പകരുന്ന പ്രതീക്ഷകൾ ഈ മക്കളിൽ ഉരുത്തിരിയുന്നത് കാണാൻ സാധിച്ചു. വി. മർക്കോസ് 10:29 എന്നെ പ്രതിയും സുവിശേഷത്തെ പ്രതിയും ഭവനത്തെയോ സഹോദരന്മാരെയോ സഹോദരിമാരെയോ മാതാവിനെയോ പിതാവിനെയോ മക്കളെയോ വയലുകളെയോ ത്യജിക്കുന്നവരിലാർക്കും ഇവിടെ വച്ചുതന്നെ നൂറിരട്ടി ലഭിക്കുന്ന അവസ്ഥ. അതെ സഹോദരങ്ങളെ എല്ലാ കൂട്ടി ചേർത്തു വായിക്കുമ്പോൾ എന്റെ ഹോം മിഷൻ യാത്ര തികച്ചും അർത്ഥപൂർണ്ണമെന്നേ പറയാൻ സാധിക്കൂ.



# നസ്രായനെ തേടുന്ന കുടുംബങ്ങൾ



**സിസ്റ്റർ സരിത വർഗീസ് എസ്.വി.സി.**

കർത്താവിന്റെ കയ്യിൽ നീ മനോഹരമായ ഒരു കിരീടമായിരിക്കും നിന്റെ ദൈവത്തിന്റെ കരങ്ങളിൽ ഒരു രാജകീയ മകുടവും (ഏശയ്യ 62/5) ആഫ്രിക്കൻ വനാന്തരങ്ങളിലൂടെയുള്ള 8 വർഷത്തെ പ്രേഷിത പ്രവർത്തനത്തിനൊടുവിൽ അധികാരികളിലൂടെ കടന്നു വന്ന മറ്റൊരു പ്രേഷിതവൃത്തി തിരുവനന്തപുരം അതിരൂപതയിലെ ഹോം മിഷൻ.

എന്താണ് എന്നറിയാതെ ആകുലതയും ആകാംഷയും നിറഞ്ഞ ദിനരാത്രങ്ങൾക്കൊടുവിൽ ദൈവഹിതത്തിനു ഫിയാത്ത പറഞ്ഞ പരിശുദ്ധ അമ്മയുടെ സഹായത്താൽ ഞാനും ഹോം മിഷനിൽ ഒരംഗമായി.



*പൂത്തുറ ഇടവകയിൽ നടന്ന ഹോം മിഷനിൽ പങ്കെടുത്ത സന്യാസിനികൾ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, ബിസിസി ഡയറക്ടർ ഡോ. മൈക്കിൾ തോമസ് എന്നിവരോടൊപ്പം*

നിന്നെക്കുറിച്ചുള്ള പദ്ധതി എന്റെ മനസിലുണ്ട് നിന്റെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണത് നിനക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി (ജെറമിയ 29/11) ഇതെന്ന് ദൈവപദ്ധതിക്കുമുമ്പിൽ ശിരസ് നമിച്ച് ഹോം മിഷൻ ട്രെയിനിംഗ് പ്രോഗ്രാം കഴിഞ്ഞിറങ്ങിയപ്പോൾ ഞാൻ തിരിച്ചറിഞ്ഞു. ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ ഉള്ളിൽ അടക്കിപ്പിടിച്ച് നീറുന്ന ജീവിതങ്ങൾ, ശിഥിലമായ കുടുംബബന്ധങ്ങൾ, ഒന്നു തുറന്നു പറയുവാൻ വെമ്പുന്ന ഹൃദയങ്ങൾ, ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിൽ എങ്ങോട്ടുപോകണം, ആരോടു പറയണം എന്നറിയാതെ ഇത്തിരി ആശ്വാസത്തിനായ് നട്ടം തിരിയുന്നവർ, കദനകഥയുടെ പുസ്തകതാളുകൾ മറിക്കുമ്പോൾ ദൈവസ്പർശനവും, ദൈവവചനവും നന്മയുടെ വഴിത്താരയിലേക്ക് വെളിച്ചം വീശുന്ന അനുഭവം ഏറെ ഹൃദ്യമാണ്.

സഹനത്തിന്റെ തീച്ചൂളയിലും ആശ്വാസത്തിന്റെ കൈത്താങ്ങായ് നസ്രായനെപ്പോലെ മാറാൻ കഴിഞ്ഞപ്പോഴാണ് എന്നിൽ സന്തോഷത്തിന്റെ അലയടികൾ ഉയർന്നത്. സങ്കടകടൽ പെയ്തിറങ്ങുന്ന ഒത്തിരിയേറെ മുഖങ്ങൾ ഇന്നും മനസിന്റെ കോണിൽ മായാതെ നിൽക്കുന്നു. പറയാനാകാത്ത വേളകളിൽ പകച്ചുപോയ അവരുടെ ശബ്ദം ഇന്നും എന്റെ കർണ്ണപുടങ്ങളിൽ അലയടിക്കുന്നു. വെറുപ്പിന്റെ അകലങ്ങളെ രമ്യതയുടെ സ്നേഹകൂടാരമാക്കിയതും ഈ വഴിയാത്രയിലാണ്. മനസിന്റെ മുറിവുകൾ ഹൃദയത്തിന്റെ തേങ്ങലായ് വിതുമ്പിയപ്പോൾ മൗനമായ ശ്രവിക്കലിൽ ഹൃദയം ദൈവത്തിലേക്കുയർന്നു. നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾക്ക് കരുതലിന്റെ ഉൾവെളിച്ചം പകർന്ന് സ്നേഹസാന്ത്വനമേകാൻ വിളിക്കപ്പെട്ടവളാണ് ഒരു സമർപ്പിത എന്ന എന്റെ തിരിച്ചറിവിന് ഉൾക്കരുത്ത് നൽകുന്നതായിരുന്നു ഞാൻ കടന്നുപോയ ഓരോ ഇടവകയിലെയും ഹോം മിഷൻ അനുഭവങ്ങൾ. ഓരോ ഭവനവും കടന്നു പോകുമ്പോൾ തീരദേശത്തിന്റെ നവോത്ഥാനം മുന്നിൽ കണ്ട് കടന്നുപോയ വിസിറ്റേഷൻ സഭാ സ്ഥാപകൻ കാലത്തിന്റെ കർമ്മയോഗി ദൈവദാസൻ സെബാസ്റ്റ്യൻ പ്രസന്റേഷനച്ചൻ കണ്ട സ്വപ്നം എന്നിലൂടെ ദൈവം തുടരുകയാണല്ലൊ എന്ന ചിന്ത എന്നെ കൂടുതൽ തീക്ഷ്ണതയുള്ളവളാക്കുന്നു.

യേശു പട്ടണങ്ങൾത്തോറും ചുറ്റി സഞ്ചരിച്ച് തന്റെ ശിഷ്യരെ ഉദ്ബോധിപ്പിക്കുന്നതുപോലെ കുടുംബനവീകരണ ശുശ്രൂഷയുടെ അമരക്കാരനായിരുന്ന് അശക്തരായവർക്ക് ശക്തി പകരാൻ പ്രവാചകശബ്ദമായ് നഷ്ടപ്പെട്ടുപോയ ദൈവീക ശക്തിയെ വീണ്ടെടുക്കുവാൻ പ്രചോദാത്മകമായ ആപ്തവാക്യങ്ങളിലൂടെ ഞങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നരൂപതാ മെത്രാന്മാരും, ഫാ. മൈക്കൾ തോമസും ഫാ. സുരേഷ് പയസും എന്നും ദൈവീകാനുഗ്രഹങ്ങളുടെ നിറദീപമായ് ഈ വഴിയാത്രയെ പ്രകാശമാനമാക്കുന്നു.

പൂന്തോട്ടത്തിന്റെ മനോഹാരിത വ്യത്യസ്തവർണ്ണങ്ങളിലെ പുഷ്പങ്ങൾ ഒരുമിച്ചു വിടർന്നു നിൽക്കുമ്പോഴാണ്. 19 കോൺഗ്രിഗേഷനിലെ അംഗങ്ങളായ ഞങ്ങളുടെ ഒരുമിച്ചുള്ള വാസവും പങ്കുവയ്ക്കലും എല്ലാം കത്തോലിക്കാ സമർപ്പിത സമൂഹത്തിന്റെ സിദ്ധിയുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നു. ഒപ്പം കുടുംബബന്ധങ്ങളുടെ ദൃഢതയ്ക്ക് താങ്ങാകുവാൻ ഞങ്ങളെ അനുവദിക്കുന്ന നല്ല ദൈവത്തിന്റെ തിരുമുമ്പിൽ ശിരസ് നമിക്കുന്നു. ■

# വാർത്തകൾ

## ഭവനം ഒരു സമ്മാനം: നാലാംഘട്ടത്തിന് തുടക്കം

തിരുവനന്തപുരം: ഭവനം ഒരു സമ്മാനം പദ്ധതിയുടെ നാലാം ഘട്ടത്തിന് 2020 ജനുവരിയിൽ തുടക്കം കുറിച്ചു. ഈ പദ്ധതി പ്രകാരം നാളിതുവരെ 210 ഭവനങ്ങൾ നിർമ്മിച്ച് വാസയോഗ്യമാക്കികഴിഞ്ഞു. നാലാം ഘട്ടത്തിൽ തിരുവനന്തപുരം രൂപതയിലെ ഒൻപത് ഫെറോനകളിൽ നിന്നുള്ളവരെയാണ് ഭവനം ഒരു സമ്മാന പദ്ധതിയിലേക്ക് പരിഗണിച്ചത്. അൻപതോളം അപേക്ഷകർക്ക് ധനസഹായത്തിന്റെ ഒന്നാം ഗഡു വിതരണം ചെയ്യുകയും ചെയ്തു. 2020-ാം മാണ്ട് പൂർത്തിയാകുമ്പോൾ 100 ഭവനങ്ങൾ കൂടി നിർമ്മിച്ച് നൽകാനാണ് രൂപതാ സാമൂഹ്യ ശുശ്രൂഷ സമിതി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

## സൗജന്യ മെഡി. ക്യാമ്പ് നടത്തി

പേട്ട: പേട്ട സെന്റ് ആൻസ് ഇടവക സാമൂഹ്യശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഡി. ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് ഇടവക വികാരി ഫാ. പങ്ക്രേഷ്യസ് ഉദ്ഘാടനം ചെയ്തു. സഹവികാരി ഫാ. പ്രമോദ്, ഫൊറോന ആനിമേറ്റർ ബിയാട്രിസ് ഗേർട്ടി എന്നിവർ പ്രസംഗിച്ചു.



*ജീവൻജ്യോതി തൂത്തൂർ ഓഫീസിന്റെ ആശീർവാദം റ്റിഎസ്എസ്എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് നിർവഹിക്കുന്നു. ഫാ. ഡോണി റ്റി. പോൾ, ഫാ. ആൻഡ്രൂസ് കോസ്മോസ് എന്നിവർ സമീപം*

## ജീവൻ ജ്യോതിക്ക് തൂത്തൂരിൽ ഓഫീസ്

തിരുവനന്തപുരം: ടിഎസ്എസ്എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീവൻജ്യോതി ക്ഷേമപദ്ധതിക്ക് തൂത്തൂർ ഫെറോനയിൽ ഓഫീസ് തുറന്നു. റ്റിഎസ്എസ്എസ് തൂത്തൂർ ഫെറോന കോഡിനേറ്റർ ഫാ. ഡോണി ഡി.പോളിന്റെ അധ്യക്ഷതയിൽ കിരാത്തൂർ ഫെറോന സെന്ററിൽ നടന്ന ചടങ്ങിൽ ഓഫീസിന്റെ ആശീർവാദം ഡോ. സാബാസ് ഇഗ്നേഷ്യസ് നിർവഹിച്ചു. ഫെറോന വികാരി ഫാ. ആൻഡ്രൂസ് കോസ്മോസ് ഓഫീസ് ഉദ്ഘാടനം ചെയ്തു. ജീവൻ ജ്യോതി ഡവലപ്മെന്റ് ഓഫീസർ ലോറൻസ് നായകദാസ് പ്രസംഗിച്ചു.



*ഭവനം ഒരു സമ്മാനം നാലാംഘട്ടം ധനസഹായത്തിന്റെ ഒന്നാം ഗഡു വിതരണം ഫാ. സാബാസ് ഇഗ്നേഷ്യസ് നിർവഹിക്കുന്നു.*



*സൗജന്യ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകിയ ഡോക്ടർമാരും നേഴ്സുമാരും സാമൂഹ്യശുശ്രൂഷാ പ്രവർത്തകരും ഇടവക വികാരി ഫാ. പങ്ക്രേഷ്യസിനോടൊപ്പം*

# ഗർഭഛിദ്ര അനുമതി മരണസംസ്കാരം വളർത്തും: ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

തിരുവനന്തപുരം: ഗർഭഛിദ്രത്തിന് അനുമതി നൽകിയ കേന്ദ്രസർക്കാർ തീരുമാനം രാജ്യത്ത് മരണ സംസ്കാരം വളർത്തുമെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം. ആറുമാസം പ്രായമായ ജീവനെ ഗർഭഛിദ്രത്തിലൂടെ കൊന്നൊടുക്കാൻ അനുമതി നൽകുന്ന പുതിയ നിയമ ഭേദഗതി ദൗർഭാഗ്യകരവും വേദനാജനകവുമാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം രാജ്യത്തെ ഇരുണ്ട കാലഘട്ടത്തിലേക്കും ജീവന് വിലകൽപ്പിക്കാത്ത സ്വാർഥത നിറഞ്ഞ മരണ സംസ്കാരത്തിലേക്കും മനുഷ്യകുലത്തെ തള്ളിവിടാൻ പ്രേരിപ്പിക്കുമെന്നും തിരുവനന്തപുരം ലത്തീൻ അതുരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസാപാക്യം ഒരു പ്രസ്താവനയിൽ പറഞ്ഞു.

ജീവൻ നൽകാൻ സാധിക്കാത്ത മനുഷ്യന് ഒരു ജീവനെപ്പോലും ഇല്ലാതാക്കാൻ അവകാശമില്ല. ആയതിനാൽ ഗർഭഛിദ്രം അനുവദിച്ചുകൊണ്ടുള്ള പുതിയ ഭേദഗതി നിയമം സർക്കാർ പിൻവലിക്കണമെന്നും എല്ലാ ജനവിഭാഗങ്ങളെയും ജനിക്കാൻ പോകുന്നവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിന് രൂപം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മനുഷ്യനെ ഇല്ലാതാക്കലല്ല, അവനെ എല്ലാ ന്യൂനതകളോടും കൂടെ ജീവിക്കാൻ പ്രേരിപ്പിക്കലാകണം ഭരണാധിപന്മാരുടെ ലക്ഷ്യമെന്നും ഈ നിയമഭേദഗതിക്കെതിരെ എല്ലാ മനുഷ്യസ്നേഹികളും അണിനിരക്കണമെന്നും അദ്ദേഹം പറഞ്ഞു. പുതിയ നിയമഭേദഗതിക്കെതിരെ മാർച്ച് 25ന് കെസിബിസി പ്രോ–ലൈഫ് സമിതിയുടെ നേതൃത്വത്തിൽ ജീവൻ പരിപോഷണ സെമിനാറുകളും റാലികളും സംഘടിപ്പിക്കുമെന്നും ആർച്ച്ബിഷപ്പ് അറിയിച്ചു.

# സെന്റ് വിൻസെന്റ് ഡി പോൾ യുവജന സെമിനാർ




*യുവജന സെമിനാർ ഫാ. പ്രിൻസ് ക്ലാറൻസ് ഉദ്ഘാടനം ചെയ്യുന്നു. സെബാസ്റ്റ്യൻ ഫിലിപ്പ്, സക്കറിയാസ്, വർഗീസ് തോമസ്, സിസ്റ്റർ ജസ്റ്റിസ് സമീപം*

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരള റീജിയണൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, പാറശാല, നെയ്യാറ്റിൻകര എന്നീ രൂപതകളിലെ യുവജനങ്ങൾക്കുവേണ്ടി ഏകദിന സെമിനാർ സംഘടിപ്പിച്ചു. കെആർസിസി കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ ഫിലിപ്പിന്റെ അധ്യക്ഷതയിൽ വെള്ളയമ്പലത്തുനടന്ന സെമിനാർ ഫാ. പ്രിൻസ് ക്ലാറൻസ് എസ്.ജെ. ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ സമൂഹ നിർമിക്ക് ഉത്തേജനം പകരുന്ന രീതിയിൽ പ്രവർത്തിക്കണമെന്നും, തിന്മയിൽ നിന്നും മാറി നന്മയിലേക്ക് വളരുവാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. ആർ.സഖറിയാസ്, വർഗീസ് തോമസ്, സജി ജെസ്റ്റസ് എന്നിവർ ആശംസകളർപ്പിച്ചു. ആബിൻ മൈക്കിൾ സ്വാഗതവും ഡോൺ ബോസ്കോ നന്ദിയും പറഞ്ഞു. കോർഡിനേറ്റർ സെബാസ്റ്റ്യൻ ഫിലിപ്പ് ക്ലാസിന് നേതൃത്വം നൽകി. തിരുവനന്തപുരം അതിരൂപത ജുഡീഷ്യൽ വികാരി ഫാ. ജോസ് ജി. കുർബാന അർപ്പിച്ചു. തുടർന്ന് യുവജന പ്രതിനിധികളായ ജിതിൻ, ആബിൻ മൈക്കിൾ, ജിനോ ജോസ്, പോളച്ചൻ ഔസേപ്പ് എന്നിവരുടെ നേതൃത്വത്തിൽ രൂപതാ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകളും നടന്നു. ഡയനേഷ്യസ് പെരേര, ഫ്രാൻസിസ്, ഏയ്ഞ്ചൽ മൂസ്, അനീറ്റ റോയ് എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

## സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റിയുടെ വായ്പാ വിതരണം

തിരുവനന്തപുരം: സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരുത്തിയൂർ ഔവർ ലേഡി ഓഫ് അസംപ്ഷൻ വനിതാ കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർധനരായ മത്സ്യക്കച്ചവട സ്ത്രീകൾക്ക് 10,000/- രൂപ വീതം ലോൺ നൽകി. കോൺഫറൻസ് പ്രസിഡന്റ് സി.ജയമണിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ.സഖറിയാസ് ഉദ്ഘാടനം ചെയ്തു. ഡോൺബോസ്കോ, സി.മേരി, ഏരിയാ കൗൺസിൽ പ്രസിഡന്റ് ജോൺസൺ എന്നിവർ ആശംസകളർപ്പിച്ചു.

# കെസിഎസ്എൽ വാർഷികാഘോഷവും സമ്മാനദാനവും

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപതാ കെസിഎസ്എൽ വാർഷികവും സമ്മാനദാനവും വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ മരിയൻ എൻജിനീയറിംഗ് കോളേജ് മാനേജർ മോൺ. വിൽഫ്രഡ് ഇ. ഉദ്ഘാടനം ചെയ്തു. കെസിഎസ്എൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ അധ്യക്ഷതയിൽ നടന്ന വാർഷികാഘോഷ ചടങ്ങിൽ കെസിഎസ്എൽ പ്രസിഡന്റ് ഡാമിയൻ ജോർജ്, ആന്റണി ക്ലമന്റ് എന്നിവർ പ്രസംഗിച്ചു.

2019–20 വർഷത്തിൽ കെസിഎസ്എല്ലിന്റെ നേതൃത്വത്തിൽ നടത്തിയ കലോത്സവ സാഹിത്യോത്സവ ബാലവേദി കലോത്സവ വിജയികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽവച്ച് വിതരണം ചെയ്തു. അതിരൂപതാ മീഡിയാ കമ്മിഷൻ സെക്രട്ടറി ഫാ. ദീപക് ആന്റോ സമ്മാനങ്ങൾ നൽകി. കലോത്സവത്തിൽ പൂന്തുറ സെന്റ് ഫിലോമിനാസ് ജിഎച്ച്എസ്എസ് ഒന്നാം സമ്മാനവും വിഴിഞ്ഞം സെന്റ് മേരീസ് എച്ച്എസ്എസ് രണ്ടാം സമ്മാനവും വഞ്ചിയൂർ ഹോളി ഏയ്ഞ്ചൽസ് എച്ച്എസ്എസ് മൂന്നാം സമ്മാനവും നേടി.

അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ് ഡോ.സൂസപാക്യത്തിന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഭവനം ഒരു സമ്മാനം പദ്ധതിയിലേക്ക് കെസിഎസ്എൽ അംഗങ്ങൾ പുൽക്കൂട് എന്ന സമ്മാന പദ്ധതിയിലൂടെ നടത്തിയ ധനസമാഹരണത്തിന്റെ നറുക്കെടുപ്പിൽ വിജയികളായവർക്കുള്ള സമ്മാന വിതരണവും ചടങ്ങിൽ വച്ച് നടന്നു.




*കെസിഎസ്എൽ അതിരൂപതാ വാർഷികാഘോഷം മോൺ. വിൽഫ്രഡ് ഇ. ഉദ്ഘാടനം ചെയ്യുന്നു.*



*പുൽക്കൂട് എന്ന ധനസമാഹരണ പദ്ധതിയുടെ നറുക്കെടുപ്പിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളുടെ വിതരണം അതിരൂപതാ മീഡിയാ കമ്മിഷൻ സെക്രട്ടറി ഫാ. ദീപക് ആന്റോ നിർവഹിക്കുന്നു*



*അതിരൂപതാ അധ്യക്ഷൻ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മെത്രാഭിഷേക ദിനത്തോടനുബന്ധിച്ച് രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നും 5000 രൂപയുടെ കെസിഎസ്എൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർഥികൾ കെസിഎസ്എൽ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസിനൊപ്പം*



*പുല്ലുവിള ഇടവകയിൽ ചാൻസലർ ഫാ. എഡിസന്റെ നേതൃത്വത്തിൽ ചാൻസെറി സന്ദർശനം നടത്തിയപ്പോൾ. ഇടവക വികാരി ഫാ. ജോർജ്ജ് ഗോമസ്, ജോണി എന്നിവരെയും കാണാം*

## ഇടവക ആർക്കൈവ്സുകൾക്ക് ഏകീകൃത രീതി

തിരുവനന്തപുരം: ലത്തീൻ അതിരൂപതയിലെ ഇടവകകളിലെ പുരാരേഖകളുടെ (ആർക്കൈവ്സുകൾ) സൂക്ഷിപ്പിന് കാനോൻ നിയമം അനുസരിച്ച് ഏകീകൃത ക്രമീകരണം നിലവിൽ വരുന്നു. അതിരൂപതാ ചാൻസലർ ഫാ. എഡിസന്റെ നേതൃത്വത്തിൽ ഇടവകകൾ തോറും സന്ദർശനം നടത്തി പുരാരേഖ സംരക്ഷണം, ശേഖരണം, ഉപയോഗം എന്നിവ സംബന്ധിച്ച് ഇടവക വികാരിമാർക്കും ബന്ധപ്പെട്ടവർക്കും നൽകിയ നിർദ്ദേശത്തിന്റെയും പരിശീലനത്തിന്റെ അടിസ്ഥാനത്തിലാണ് പുരസാവസ്തുരേഖാ സൂക്ഷിപ്പിന് കാനോൻ നിയമം അനുസരിച്ചുള്ള ഏകീകൃത ക്രമീകരണം നിലവിൽവരുന്നത്. അഞ്ചുതെങ്ങ്, കഴക്കൂട്ടം, പുല്ലുവിള, പുതുക്കുറിച്ചി, തൂത്തൂർ, പാളയം എന്നീ ഫെറോനകളിലെ ഇടവകകളിൽ ഇതിനോടകം ചാൻസെറി സന്ദർശനം പൂർത്തിയാക്കിക്കഴിഞ്ഞു. കോവളം വലിയതുറ ഫൊറോനകളിലെ സന്ദർശനം മാർച്ച് മാസത്തിൽ പൂർത്തിയാക്കും. ഇടവക സന്ദർശനത്തിൽ കുരിയ ഓഫീസ് സഹായി ജോണിയും പങ്കെടുത്തു.



*തിരുവനന്തപുരം ലത്തീൻ അതിരൂപത നേതൃത്വം നൽകി സംഘടിപ്പിച്ച തിരുവനന്തപുരം ജില്ല ഉൾപ്പെട്ട പാർലിമെന്റ് അംഗങ്ങളുടെയും ജില്ലയിലെ നിയമസഭാംഗങ്ങളുടേയും ത്രിതല പഞ്ചായത്ത് സമിതി അംഗങ്ങളുടെയും സംയുക്ത യോഗത്തിൽ ഡോ. ശശി തരൂർ എം.പി. പ്രസംഗിക്കുന്നു. വി.എസ്.ശിവകുമാർ എംൽഎ, അടൂർ പ്രകാശ് എം.പി, ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, വികാരി ജനറൽ മോൺ. ഡോ. സി.ജോസഫ് എന്നിവർ സമീപം.*

## മേന്മ തുണിസഞ്ചി

വിഴിഞ്ഞം: സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ വിഴിഞ്ഞം റ്റിഎസ്എസ്എസ് യൂണിറ്റ് മേന്മ എന്ന പേരിൽ തുണിസഞ്ചികൾ പുറത്തിറക്കി. 25 സ്ത്രീകൾ റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച തുണി സഞ്ചി നിർമാണ യൂണിറ്റാണ് കടകൾക്കും വീടുകൾക്കും ആവശ്യമായ തുണിസഞ്ചികൾ നിർമിച്ച് വിപണിയിൽ ഇറക്കുന്നത്. ഇതിന് റ്റിഎസ്എസ്എസ് കമ്യൂണിറ്റി ഓർഗനൈസർ സിസ്റ്റർ ജ്യോത്സ്ന നേതൃത്വം നൽകുന്നു.



*മേന്മ തുണിസഞ്ചിയുടെ വിൽപ്പന ഉദ്ഘാടനം ചെയ്തപ്പോൾ*



*2020 പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ പ്രവർത്തിക്കുന്ന സമർപ്പിത സന്യസ്തർക്കായി പാളയത്ത് സംഘടിപ്പിച്ച സെമിനാറിൽ അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് ക്ലാസ് നയിക്കുന്നു*



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

നോമ്പുകാലം രണ്ടാം ഞായർ (മാർച്ച് 08)

# താബോറിലേക്ക് പോകാം


നീർച്ചാലുകൾ

ഡോ. ഡൈസൻ


ഉൽ. 12: 1-4a | 2 തിമോ. 1: 8b-10 | മത്താ. 17: 1-9

താബോർ പാപിയായ മനുഷ്യനെ മാനസാന്തരത്തിന്റെ പുണ്യതീർത്ഥത്താൽ പവിത്രമാക്കുന്ന ദിവ്യസ്ഥലം! പാപത്തിന്റെ കുഷ്ഠത്താൽ മുറിപ്പെട്ടുപോയ സിറിയാക്കാരനായ നാമനെ പോലെ (2 രാജ 5:10-15) സൗഖ്യത്തിലും, എളിമയിലും, നിർമലതയിലും ഒരു വിശ്വാസിക്ക് രൂപാന്തീകരണം സംഭവിക്കുന്ന പുണ്യസ്ഥലമാണ് താബോർ. അഹങ്കാരിയായി വന്നവൻ എളിമയോടും പാപിയായിരുന്നവൻ പുണ്യവാളനായും തിരികെ പോകുന്ന വിശുദ്ധ ഇടം. ഈ ദിവ്യസ്ഥലത്ത് ആണ്ടുതോറും വിശ്വാസികളായ നമ്മെ എത്തിക്കുന്ന തിരുസഭ മാതാവിന്റെ ക്ഷണകത്താണ് തപസ്സുകാലം.

### 1. താബോർ നിന്നിലാണ്, നിന്റെ ഭവനത്തിലാണ് നിന്റെ ദൈവാലയത്തിലാണ്


വിശുദ്ധനാട് അനുഗ്രഹസമൃദ്ധിയുടെ അനേകം മലകളാൽ സമ്പന്നമാണ്. അബ്രഹാത്തിന് മോറിയാ മലയാണെങ്കിൽ, മോശയ്ക്ക് സീനായ് മലയായിരുന്നു. ഏലിയായ്ക്ക് ഹെറേബ് മലയാണെങ്കിൽ സമരിയാകാർക്ക് ഗെരീസിം മലയായിരുന്നു. യേശുവിന് പ്രിയം ഒരു മലയോടല്ല. ഒരുപാട് മലകളോടായിരുന്നു! കാരണം രാത്രിയുടെ യാമങ്ങളിൽ പ്രാർത്ഥിക്കാനും (മത്താ 14:23, മർക്കോ 6:46, ലൂക്ക 6:12) നിർണ്ണായകമായ തീരുമാനങ്ങളെടുക്കാനും യേശു മലമുകളിൽ പോയിരുന്നു. അഷ്ടസൗഭാഗ്യങ്ങളുടെ മലയും താബോർ മലയും, ഗദ്സമെൻ മലയും, കാൽവരി മലയും ഒലിവു മലയും യേശുവിന്റെ ഇഷ്ട പ്രാർത്ഥന കേന്ദ്രങ്ങളായിരുന്നു.

നമ്മൾ പോകേണ്ട താബോർ വിശുദ്ധ നാട്ടിലെ താബോർ മലയല്ല, നമ്മുടെ ഇടവക ദൈവാലയം തന്നെയാണ്! നിശബ്ദതയിലും, ഏകാന്തതയിലും, ദിവ്യകാരുണ്യനാഥന്റെ മുന്നിൽ ചിലവിടുന്ന ദിവ്യമണിക്കൂറുകൾ നമുക്ക് രൂപാന്തരീകരണത്തിന്റെ താബോർ അനുഭവമാണ് പ്രദാനം ചെയ്യുക. വിശുദ്ധ പാദ്രേ പീയോ പറയുന്നു: ജീവിതത്തിൽ ആത്മീയ ക്ഷീണമോ വരൾച്ചയോ ഉണ്ടാകുമ്പോൾ ദൈവാലയത്തിലെ ദിവ്യകാരുണ്യനാഥന്റെ കാലടികളിലേക്ക് പോകുവിൻ. അവൻ നമുക്ക് ശക്തി നല്കും! നോബൽ സമ്മാന ജേതാവായ വി. മദർ തെരേസാ പറയുന്നു: എന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തി കേന്ദ്രം ദിവ്യകാരുണ്യത്തിന്റെ മുമ്പിലുള്ള പ്രാർത്ഥനയാണ്. കൽകത്തയിലെ ഈ താബോർ അനുഭവം മദർ തെരേസായെ മാത്രമല്ല രൂപാന്തരപ്പെടുത്തിയത്, അവളുടെ സന്യാസിസമൂഹത്തെയും ചുറ്റുമുള്ളവരെയുമായിരുന്നു.

ഈ തപസ്സുകാലത്തിലെങ്കിലും ആഴ്ചയിലൊരിക്കൽ നമ്മുടെ ഭവനത്തെ പ്രാർത്ഥനയുടെ താബോറാക്കാം. കൂട്ടായ കുടുംബപ്രാർത്ഥന കുടുംബത്തെ രൂപാന്തരപ്പെടുത്തും! അതിലൂടെ കുടുംബം ഗാർഹിക സഭയായി മാറും. കുടുംബത്തെ താബോറാക്കുന്നതിലൂടെ നമുക്ക് നഷ്ടപ്പെട്ട കുടുംബ സമാധാനവും ഐക്യവും തിരികെ



പ്രാർത്ഥനയെന്നാൽ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ വലയം ചെയ്യപ്പെടാനും അവിടത്തെ ഇമ്പമാർന്ന സ്വരത്തിൽ നീ എന്റെ പ്രിയ പുത്രനെന്ന വിളിയും കേൾക്കുവാനുള്ള ദിവ്യാവസരമാണ്!



കണ്ടെത്തനാവും! അങ്ങനെ കുടുംബത്തെ പ്രാർത്ഥനയിലേക്ക് തിരികെ കൊണ്ടുവരാൻ ഭവനങ്ങളെ പ്രാർത്ഥന കൊണ്ട് താബോറാക്കാം.

വ്യക്തിജീവിതത്തിൽ താബോർ അനുഭവം അനിവാര്യമാണ്! ക്ഷിപ്രകോപിയായിരുന്ന വി. ഫ്രാൻസീസ് ദെ സെയിൽസ് തന്റെ കോപം അടക്കി ശാന്തസ്വഭാവത്തിന്റെ ഉടമയായത് തന്റെ ജീവിതത്തിൽ പ്രാർത്ഥനയുടെ താബോർ സൂക്ഷിച്ചതുകൊണ്ടാണ്.

## 2. താബോർ യഥാർത്ഥ പ്രാർത്ഥനയുടെ വെളിപാടാണ്

താബോർ അനുഭവം ഒരു വെളിപാടാണ്! എന്താണ് യഥാർത്ഥ പ്രാർത്ഥനയെന്നും, പ്രാർത്ഥനയിൽ എന്തു സംഭവിക്കുമെന്നുള്ള വെളിപാടാണാത്. വെളിപാടിന്റെ ദിവ്യവെളിച്ചത്തിൽ എന്താണ് താബോറിലെ പ്രാർത്ഥനയെന്ന് വിശകലനം ചെയ്യാം.

1. പ്രാർത്ഥനയെന്നാൽ തന്റെ യഥാർത്ഥ രൂപം വെളിപ്പെടുത്തുന്ന ദൈവത്തിന് വിശ്വാസി നല്കുന്ന ആരാധനയാണ്! ദൈവം ആരാധന പാത്രവും ശിഷ്യൻ ആരാധകനുമാകുന്ന ദിവ്യ മുഹൂർത്തമാണ് താബോർ അനുഭവം! ദൈവത്തിന്റെ യഥാർത്ഥ അസ്തിത്വത്തിന്റെ മുമ്പിൽ വിശ്വാസി തന്റെ നിസാരതയും, ബലഹീനതയും തിരിച്ചറിയുന്നതോടെ, അവൻ ദൈവത്തിന്റെ മുമ്പിൽ സാഷ്ടാഗം പ്രമണിച്ച് ആരാധന നല്കുന്നു. താബോറിൽ തേജോമയനായ ദൈവത്തിന്റെ യഥാർത്ഥ രൂപം (മത്തായി 17:2) കണ്ട ശിഷ്യന്മാർ കമഴ്ന്നു വീണ് ആരാധന നല്കി (17:6). നമ്മുടെ ഓരോ പ്രാർത്ഥനയും ദൈവത്തിനുള്ള ആരാധനയാകണം.

2. പ്രാർത്ഥനയെന്നാൽ, ഭാവിയെ കുറിച്ചുള്ള വെളിപ്പെടുത്തലും മുന്നോട്ടുള്ള ജീവിതത്തിനാവശ്യമായ ശക്തി ആർജ്ജിക്കലുമാണ്. താബോറിൽ ലോകരക്ഷക്കു വേണ്ടി യേശു കടന്നുപോകേണ്ട പീഢാസഹനത്തെ കുറിച്ചുള്ള വെളിപ്പെടുത്തലും, അതിനുവേണ്ടി യേശു പിതാവിൽ നിന്ന് ശക്തിയാർജ്ജിക്കുന്നത് രക്ഷകര ചരിത്രത്തിലെ മുന്നോടികളായ മോശയുടെയും ഏലിയായുടെ സാന്നിധ്യത്തിലാണ്. പ്രാർത്ഥന നമ്മുടെ ഭാവി വെളിപ്പെടുത്തുന്നു. അതിനു വേണ്ടി നമ്മെ ശക്തിപ്പെടുത്താൻ ദൈവം നമ്മുടെ ഇഷ്ട വിശുദ്ധന്മാരെ നിയോഗിക്കുന്നു. നാം ഏറെ ഇഷ്ടപ്പെടുന്ന മറിയമാകാം യൗസേപ്പാകാം, അന്തോനീസാകാം, കാവൽമാലഖയാകാം, നമ്മെ കുറിച്ചുള്ള ദൈവീക പദ്ധതിയുടെ പൂർത്തികരണത്തിന് വിശുദ്ധരുടെ സാന്നിധ്യവും മാദ്ധ്യസ്ഥ്യവും വലിയ തുണയാകുമെന്ന് താബോർ പ്രാർത്ഥന വെളിപ്പെടുത്തുന്നു.

3. പ്രാർത്ഥനയെന്നാൽ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ വലയം ചെയ്യപ്പെടാനും അവിടത്തെ ഇമ്പമാർന്ന സ്വരത്തിൽ നീ എന്റെ പ്രിയ പുത്രനെന്ന വിളിയും കേൾക്കുവാനുള്ള ദിവ്യാവസരമാണ്! താബോറിൽ പിതാവിന്റെ സ്നേഹത്തിൽ സ്നാനം ചെയ്ത പുത്രൻ അവിടത്തെ പ്രസാദത്തിനു അർഹനാകുന്നു. പ്രാർത്ഥനയിൽ യേശുവിനെപോലെ നമുക്കുണ്ടാകേണ്ടത് പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ ആവരണം ചെയ്യപ്പെടുന്ന അനുഭവമാണ് (മത്ത 17:5). സ്നേഹത്തിന്റെ വലയത്തിലായിരിക്കുന്ന നമുക്ക് ദൈവത്തിന്റെ സ്വരം കേൾക്കാനാകും.

## 3. താബോർ – പ്രാർത്ഥനയിലൂടെ രൂപാന്തരീകരിക്കപ്പെട്ട സമൂഹമാകാം

വേഗതയുടെ ലോകത്തിൽ വേഗതയുടെ ആഹാരം കഴിച്ച് വേഗമരണത്തിലേക്ക് നടക്കുന്ന നമ്മെ പഴമക്കാർ ഓർമ്മപ്പെടുത്തുന്നതിങ്ങനെ: "നാം തിന്നുന്നത് നമ്മെ തിന്നുന്നു". കൊറോണാ വയറസ്സും വേഗസംസ്കാരത്തിന്റെ അനന്തര ഫലമല്ലേ? പ്രകൃതിയിലേക്കു മടങ്ങുവനാണ് മനുഷ്യൻ രൂപാന്തരികരണം പ്രാപിക്കേണ്ടത്! വർദ്ദിച്ചു വരുന്ന റ്റിഷ്യു പേപ്പർ സംസ്കാരം ഒരു ദിവസം അപഹരിക്കുന്നത് 27000 ത്തോളം മരങ്ങളെയാണ്. വർഷത്തിൽ 1 കോടിയോളം മരങ്ങൾ മുറിക്കപ്പെടുന്നു! ഇത് മനുഷ്യന്റെ നിലനില്പ്പിനെ ബാധിക്കുന്നു. അതിനെക്കാൾ ഒരു ചെറുമാറ്റത്തിനു, രൂപാന്തരീകരണത്തിനു തയ്യാറായാൽ പ്രകൃതിയെ ചെറുതോതിലെങ്കിലും രക്ഷിക്കുന്നവരാകാൻ സാധിക്കും. റ്റിഷ്യു സംസ്കാരത്തിൽ നിന്നും കൈതൂവാല സംസ്കാരത്തിലേക്ക് നാം രൂപാന്തരപ്പെടണം. ഓർക്കുക, നാം സൂക്ഷിക്കുന്ന ഒരു കൈലേസ് അനേകായിരം റ്റിഷ്യു പേപ്പർ ഉപയോഗത്തെ ഇല്ലാതാക്കുന്നു!

ഒരു പ്ലാസ്റ്റിക് കുപ്പി മണ്ണോട് അലിഞ്ഞ് ചേരാൻ വേണ്ടത് കാൽ അല്ലെങ്കിൽ അര സഹസ്രാബ്ദമെന്നതാണ് കണക്ക്! നാം പാഴാക്കി കളയുന്ന എത്രയോ പ്ലാസ്റ്റിക് കുപ്പികൾ, പകരം ഒരു സ്റ്റീലിന്റെയോ, മണ്ണിന്റെ വെള്ളകുപ്പികൾ പ്രകൃതിക്ക് എന്താശ്വാസം നല്കുന്നു. രാത്രിയിൽ ഒരു നേരം ഉണരാൻ മടിച്ച്, കുട്ടികളെ Urinepad സംസ്കാരത്തിന്റെ അടിമകളാക്കണമോ?

പ്രകൃതിയെ സംരക്ഷിക്കാൻ സമൂഹമായി ചെറു രൂപാന്തരികരണത്തിന് നാം തയ്യാറാകണം.

താബോറിൽ നിന്ന് ശക്തി സ്വീകരിച്ചുകൊണ്ട് മൂന്നു രാജാക്കന്മാരെ പോലെ നമ്മുടെ സഞ്ചാരപഥം മാറ്റാം. താബോർ പ്രാർത്ഥന പച്ചപ്പിന്റെ രൂപാന്തീകരണം നമ്മിൽ സൃഷ്ടിക്കട്ടെ! ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ഉച്ചനേരത്തെ കുമ്പസാരം

പുറ. 17: 3-7 | റോമ. 5: 1-2, 5-8 | യോഹ. 4: 5-42



ഇതൊരു കുമ്പസാരമാണ്. മറ്റാരും അറിയാതെ സമരിയാക്കാരി സ്ത്രീയെ മാനസാന്തരപ്പെടുത്തുകയാണ് യേശു. ഒന്നാമത് അവൾ സ്ത്രീയാണ്. പിന്നെ സമരിയാക്കാരിയും. സ്ത്രീകൾ ഉച്ചയ്ക്ക് വെള്ളം കോരുന്ന പതിവുമില്ല. എതിർപ്പുകളുണ്ടാകേണ്ട സാഹചര്യം. എന്നിട്ടും ക്രിസ്തു ആ വെല്ലുവിളി ഏറ്റെടുക്കുകയാണ്.

സമരിയാക്കാരി യാക്കോബിന്റെ കിണറ്റിൻകരയിൽ നിന്നപോലെ ഇസ്രയേൽക്കാർ ഹൊറേബിലെ പാറയ്ക്കു സമീപം നിന്നു. സമരിയായിലെ സിക്കാർ എന്ന പട്ടണത്തിലാണ് യേശുവന്നത്. യാക്കോബിന്റെ കിണർ പരാമർശം പഴയനിയമത്തിൽ ഇല്ല. ഈജിപ്തിൽ നിന്നു കൊണ്ടുവന്ന ജോസഫിന്റെ അസ്ഥികൽ സംസ്കരിച്ചത് സിക്കാറിലാണ് (ജോഷ്വ 24:32).

ഇതൊരു കുമ്പസാരമാണ്. മറ്റാരും അറിയാതെ സമരിയാക്കാരി സ്ത്രീയെ മാനസാന്തരപ്പെടുത്തുകയാണ് യേശു. ഒന്നാമത് അവൾ സ്ത്രീയാണ്. പിന്നെ സമരിയാക്കാരിയും. സ്ത്രീകൾ ഉച്ചയ്ക്ക് വെള്ളം കോരുന്ന പതിവുമില്ല. എതിർപ്പുകളുണ്ടാകേണ്ട സാഹചര്യം. എന്നിട്ടും ക്രിസ്തു ആ വെല്ലുവിളി ഏറ്റെടുക്കുകയാണ്.

യഹൂദരും സമരിയാക്കാരും തമ്മിൽ ശത്രുതയിലാണ്. ബാബിലോണിന്റെ അടിമത്വത്തിൽ കഴിഞ്ഞപ്പോഴും യഹൂദർ തങ്ങളുടെ വംശശുദ്ധി നിലനിർത്തി. സമരിയാക്കാരെ അസീറിയക്കാരും യുദ്ധതടവിലാക്കി. സമരിയാക്കാർ യഹൂദപാരമ്പര്യം ഇടകലർത്തി വംശശുദ്ധി തെറ്റിച്ചു. യഹൂദർ മടങ്ങിവന്ന് ജറുസലേം ദേവാലയം പണിതു. തങ്ങളും ദേവാലയം പണിയാൻ സഹായിക്കാമെന്ന് സമരിയാക്കാർ പറഞ്ഞിട്ടും യഹൂദർ സമ്മതിച്ചില്ല. ദൈവത്തെ ആരാധിക്കുന്നിടത്തും മാറ്റിനിർത്തലുകൾ. തീർത്തും തെറ്റായ സമീപനം. സമരിയാക്കാർ വാശിക്ക് ഗരീസിംമലയിൽ ദേവാലയം പണിതു. അവർക്കിടയിൽ വലിയ വിഭാഗീയത ഉയർന്നു.

യാത്രചെയ്ത് യേശു നന്നേ ക്ഷീണിതനാണ്. തൊട്ടുകൂടായ്മയുടെ ചരിത്രത്താളുകൾ യേശു ചികയുന്നില്ല. അവളോട് യേശു കുടിക്കാൻ മാത്രമാണ് ചോദിക്കുന്നത്. യേശുവിന് വെള്ളം കൊടുത്താൽ തനിക്കുണ്ടാകാവുന്ന ആപത്തിനെക്കുറിച്ച് അവൾ ചിന്തിച്ചിട്ടുണ്ടാകാം. തങ്ങൾക്കിടയിലെ അതിർവരമ്പുകളെപ്പറ്റി അവൾ യേശുവിനെ ഓർമ്മപ്പെടുത്തുന്നു.

അവൾ ജാതിപ്രശ്നം പറയുമ്പോൾ ജീവജലം നല്കാൻ കഴിയുന്നവനാണ് താനെന്ന് യേശു. അപ്പോൾ അവൾക്ക് സാധാരണമായ സംശയം. വെള്ളം കോരാൻ പാളയില്ല. ആഴമുള്ള കിണർ, അവൾ അവനെ ഒന്ന് പരിഹസിച്ചപോലെ. പിതാവായ യാക്കോബിനെക്കാൾ വലിയവനല്ല യേശുവെന്ന് അവൾ പറയുന്നുണ്ട്. ജാതിയിൽ കീഴോട്ടുപോയെങ്കിലും അവൾക്കും തന്റെ പൈതൃകത്തിൽ അഭിമാനമുണ്ട് - അത് മനുഷ്യന് വേണം താനും. അതാണ് അവളുടെ സ്വത്വം. താൻ നല്കുന്ന വെള്ളം കുടിച്ചാൽ പിന്നെ ദാഹിക്കുകയില്ലത്രേ. അവൾ എല്ലാറ്റിനും ഉടനടി മറുപടി നല്കുന്നുണ്ട്. നാട്ടുമ്പുറക്കാരിയുടെ ഭാഷ്യത്തിൽ അവൾ പറയുന്നു എന്നാ എനിക്ക് തന്നേര്. എപ്പോഴും എപ്പോഴും വെള്ളം കോരാൻ വരേണ്ടല്ലോ! വിശ്വാസം കൊണ്ടാണോ ഇത് പറഞ്ഞതെന്ന് അറിയില്ല. എങ്കിലും അവൾ പ്രവാചകനോട് അടുത്തുകൊണ്ടിരിക്കുകയാണ്. തർക്കവിതർക്കങ്ങൾ തുടരുമ്പോൾ അപ്രതീക്ഷിതമായി യേശു അവളോട് ഭർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ പറയുന്നു. അവൾക്ക് സങ്കോചം തോന്നിയിരിക്കാം. അവളെ ആക്ഷേപിക്കാനല്ല യേശു ശ്രമിക്കുക. അവളുടെ ജീവിതത്തിന്റെ ഉള്ളറകളിൽ തളംകെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കിക്കളയണം. ഒരുവൻ നിത്യജീവിതത്തിന് അർഹനാകാൻ അയാളുടെ ജീവിതം ശുദ്ധീകരിക്കേണ്ടതുണ്ട്. അധാർമ്മിക ജീവിതം നയിക്കുന്ന അവൾക്ക് മാറ്റമുണ്ടായാലേ നിത്യജീവന്റെ ജലം കുടിക്കാൻ കഴിയൂ. അതിനാലാണ് യേശു അവളുടെ ഭർത്താവിനെ അന്വേഷിക്കുന്നത്.

അവൾക്കും ഒന്നും ഒളിക്കാനില്ല. അവൾ തനിക്ക് ഭർത്താവില്ല എന്നാണ് പറഞ്ഞത്. അവൾ വിധവയാണോ, വിവാഹമോചിതയാണോ എന്നറിയില്ല. ഏകസ്ഥയായി, ദരിദ്ര സാഹചര്യത്തിൽ കഴിയുമ്പോൾ സംഭവിക്കാവുന്ന പ്രലോഭനവഴികളിൽ അവൾ വീണുപോയതാണ്. അല്ലാതെ

അവൾ തീർത്തും മോശക്കാരിയാണെന്ന് ചിത്രീകരിക്കാൻ യേശു ശ്രമിക്കുന്നില്ല. റബ്ബിമാർ സ്ത്രീകൾക്ക് രണ്ട് വിവാഹമാണ് അനുവദിച്ചിട്ടുള്ളത്. ചിലപ്പോൾ അത് മൂന്നാകാം. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല എന്ന് യേശു പറഞ്ഞപ്പോൾ അവൾ സംഭ്രമിച്ചുപോയി. നീ പ്രവാചകനാണ് എന്ന് പറഞ്ഞ് അവൾ തന്റെ കഥയിൽ നിന്ന് യേശുവിന്റെ ശ്രദ്ധമാറ്റാൻ നോക്കുന്നുണ്ട്. കഥാസാരവുമായി ഒരു ബന്ധവുമില്ലാതെ അവൾ ആരാധനയെക്കുറിച്ച് വാചാലയാകുന്നു. ഗരേസിമിലാണോ ജറുസലേമിലാണോ യഥാർത്ഥ ആരാധന, എന്നാണ് അവൾക്കറിയേണ്ടത്. വീണ്ടും യഹൂദ സമരിയാ പ്രശ്നത്തിലേക്ക് അവൾ പോകുന്നു. ജാതിയുടെ വേർതിരിവുകൾ എത്രമാത്രം അവരെ ഉലച്ചിരുന്നുവെന്ന് നോക്കുക. യഥാർത്ഥ ആരാധന കല്ലുകളുടെ ദേവാലയത്തിലല്ലെന്നും ആത്മാവിലും സത്യത്തിലുമാണ് അത് നടക്കേണ്ടതെന്നും ക്രിസ്തു ഭാഷ്യം. അതുകൊണ്ടാണല്ലോ ജറുസലേം ദേവാലയം തകർത്താൽ മൂന്നു ദിവസംകൊണ്ട് അത് പണിതുയർത്താമെന്ന് യേശു വാഗ്ദാനം നടത്തുന്നത്. ഉയിർപ്പിനെക്കുറിച്ചാണ് യേശു പറഞ്ഞത്.

### കുടംവച്ചിട്ട് ഓടിപ്പോയവൾ

ഒരു വീട്ടമ്മയ്ക്ക് കുടം വളരെ വേണ്ടപ്പെട്ടതാണ്. കുടവുമായിപ്പോയാൽ തന്റെ ദൗത്യത്തിന് അതൊരു തടസമാകും. ജലം നിറച്ച കുടം ഭാരമുള്ളതാണ്. കലപ്പ ഉപേക്ഷിക്കുന്നവനെപ്പോലെ ഇവിടെ കുടം വിട്ട് അവൾ സുവിശേഷ സാക്ഷ്യത്തിന് തയ്യാറെടുക്കുന്നു. അവൾ പോയി സാക്ഷ്യം പറഞ്ഞവരോട് അവളുടെ ജീവിതത്തെത്തന്നെയാണ് ഉദാഹരണമായി പറഞ്ഞത്. തന്റെ പാപപങ്കിലമായ ജീവിതത്തെ തുറന്നുകാട്ടിയവനെ വന്നുകാണുവിൻ. അവൾക്കതിൽ ലജ്ജയില്ല. ആ സാക്ഷ്യം പട്ടണത്തിലുള്ളവർക്ക് വിശ്വസനീയമാണ്. കുടം പിന്നെവന്നെടുക്കാമെന്ന് അവൾ കരുതിയിരിക്കണം. അവളോട് അകലം പാലിച്ചിരുന്നവർ അവളുടെ വാക്കുകേട്ട് യേശുവിനെ അന്വേഷിച്ചു പോയി. അത്രയും നാടകീയതയും വിശ്വാസം തുളുമ്പുന്നതുമായിരുന്നു അവളുടെ അറിയിപ്പ്. ■

നോമ്പുകാലം നാലാം ഞായർ (മാർച്ച് 22)

# തമസോ മാ ജ്യോതിർ ഗമയ

## നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

1 സാമു. 16: 1b. 6-7. 10-13a | എഫേ. 5: 8–14 | യോഹ. 9:1–41

എല്ലാ വ്യക്തികൾക്കും എന്തെങ്കിലുമൊക്കെ കുറവുകൾ കാണും. ദൈവമഹത്വം വെളിപ്പെടാനുള്ള അടയാളമായി സ്വീകരിക്കുമ്പോൾ ആ കുറവുകൾ നിറവായി മാറും. കഷ്ടതകൾ മനുഷ്യാത്മാവിനെ ശുദ്ധീകരിക്കും. എല്ലാ വേദനകളും മനുഷ്യാത്മാവിനെ ദർശനത്തിന് ഒരുക്കുന്നു എന്ന് യഹൂദ പണ്ഡിതനായ മാർട്ടിൻ ബൂബർ പറയുന്നു. വിക്കനായ മോശയെയാണ് ഒരു ജനസമൂഹത്തെ മുഴുവൻ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കാൻ ദൈവം നിയോഗിച്ചത്. എനിക്കൊരു മുള്ള് നൽകപ്പെട്ടിരിക്കുന്നുവെന്ന് പറയുന്ന പൗലോസ് ശ്ലീഹായോട് ഈശോ അരുൾ ചെയ്യുന്നു – ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്. കുറവുകളിൽ തളരാതെ ദൈവത്തോട് ചേർന്ന് നിന്നാൽ ദൈവം നമ്മോട് ചേർന്ന് വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കും.

ഇന്നത്തെ വചനഭാഗം നമുക്ക് പറഞ്ഞു തരുന്നത് അന്ധനു കാഴ്ച നൽകിയ കാര്യമാണ്. അന്ധത എന്ന കുറവിനെ പരിപൂർണ്ണമായി മാറ്റിയ യേശുവിന്റെ നയം ഇന്ന് നമുക്ക് വചനത്തിൽ കാണാം. നാല് പ്രവർത്തികളിലൂടെയാണ് അന്ധന് സൗഖ്യം ലഭിക്കുന്നത്. നാലും പ്രധാനപ്പെട്ട കാര്യങ്ങളാണ്. നാലിനും നമ്മുടെ ജീവിതവുമായി ബന്ധവുമുണ്ട്.

ഒന്നാമതായി, **ഈശോ നിലത്ത് തുപ്പി.** 'സൂപ്പിനകത്ത് തുപ്പുക' എന്ന ഒരു തന്ത്രം മന:ശാസ്ത്രത്തിലുണ്ട്. രോഗിക്ക് ഇഷ്ടപ്പെട്ടതും എന്നാൽ അപകടകാരിയുമായ ഒന്നിനോടുള്ള ആസക്തി മാറ്റുന്നതിനുമുള്ള തന്ത്രമാണിത്. നാം ആസ്വദിച്ചു ഭക്ഷിച്ചു കൊണ്ടിരിക്കുന്നവയിൽ ആരെങ്കിലും കാർക്കിച്ച് തുപ്പിയാൽ നമുക്ക് ആ പ്രിയപ്പെട്ട ആഹാരത്തോട് അറപ്പ് തോന്നും. ദൈവം നമ്മുടെ ജീവിതമാകുന്ന സൂപ്പിനകത്ത് തുപ്പുന്ന പലയവസരങ്ങൾ ഉണ്ട്. പലവ്യക്തികളിലൂടെയും സാഹചര്യങ്ങളിലൂടെയും ഇത് സംഭവിക്കാം. ഈയവസരങ്ങളിൽ പരിഭവിക്കാതെ നമ്മുടെ ജീവിതങ്ങളെ പുന:പരിശോധിക്കണം. നിലത്ത് തുപ്പിയതിന് മറ്റൊരു അർത്ഥവും നൽകാം – ഈ മണ്ണിനോടും ലോകത്തോടും അനുരൂപരാകാതെ ജീവിക്കാൻ ഈശോ നമ്മെ ഉത്ബോധിപ്പിക്കുന്നു. ഈ മണ്ണിന്റെ മോഹങ്ങളുടെ ചെളിക്കുഴിയിൽ പന്നികളെപ്പോലെ തലതാഴ്ത്തി നില്ക്കാതെ ഉന്നതങ്ങളിലുള്ളവയെ ലക്ഷ്യമാക്കി



ഒത്തിരി മേഖല
കളിൽ അന്ധത ഇന്ന്
വ്യാപിച്ചിട്ടുണ്ട്.
സ്പോർട്സിന്റെ
അമിത ഭ്രമം
കൊണ്ട് അന്ധരായ
വർ, കാമവെറി
മൂത്ത് കാഴ്ച നഷ്ട
പ്പെടുന്നവർ, മദ്യാസ
ക്തികൊണ്ട്, മതമൗ
ലികത കൊണ്ട്,
പകയും വിദ്വേഷവും
കൊണ്ട്- അതുപോ
ലുള്ള തിന്മകളാൽ
തിമിരം ബാധിച്ചവർ.
ആത്മീയാന്ധത
ബാധിച്ച സോദരർ
ഇന്ന് കൊച്ചു കേരള
ത്തിൽ ക്രമാതീത
മായി പെരുകുക
യല്ലേ?

യാത്ര ചെയ്യാൻ കർത്താവ് ഓർമ്മപ്പെടുത്തുകയാണ്.

രണ്ടാമതായി, **ഈശോ ചെളിയുണ്ടാക്കി.** ദൈവം മനുഷ്യജീവിതത്തിലിടപ്പെടുന്നത് സാധാരണരീതിയിലാണ്. നിലത്ത് തുപ്പി ചെളിയുണ്ടാക്കുന്ന ദൈവം, അസാധാരണരീതിയിൽ ദൈവീക ഇടപെടൽ പ്രതീക്ഷിക്കുന്നവർക്കുള്ള മറുപടിയാണ്. നമ്മുടെ 'ദൈവം ഇമ്മാനുവേലാണ് - കൂടെ വസിക്കുന്നവൻ'. അവൻ പലപ്പോഴും സൂപ്പർമാനെപ്പോലെ ഇടപെടാറില്ല. ഒരു കനൃകയിൽ വന്ന് നിറഞ്ഞ് ഏറ്റവും എളിയ പുൽക്കൂട്ടിൽ പിറന്ന്, സാധാരണ ജീവിത സാഹചര്യങ്ങളിലൂടെ അസാധാരണ ദൈവീകത വെളിപ്പെടുത്തുന്നവനാണവിടുന്ന്.

മൂന്നാമതായി, **കണ്ണിൽ ചെളിപുരട്ടി.** അന്ധനായവന്റെ കണ്ണിൽ ചെളിയുടെ ആവരണം അവനെ കൂടുതൽ ഇരുട്ടിലാക്കുന്നു. പ്രകാശം കയറുവാനുള്ള എല്ലാ പഴുതുകളും അടയ്ക്കുന്ന ദൈവം, ലോകവുമായുള്ള എല്ലാ ബന്ധത്തിൽ നിന്നും ഈ മനുഷ്യനെ വിഛേദിപ്പിക്കുന്നു. 'പറുദീസയുടെ കവാടം കണ്ടെത്തുന്നതിന് നാം നമ്മുടെ ഹൃദയത്തിന്റെ ഉള്ളറയിലേക്ക് തുളച്ച് കയറണം' എന്ന് വി.ഐസക് ദിസിറിയൻ പറയുന്നു. ആന്തരിക പ്രകാശം കണ്ടെത്താൻ ഹൃദയാന്തരങ്ങളിലേക്ക് നാം ഇറങ്ങണം. ബാഹ്യനയനങ്ങളടയുമ്പോൾ ആന്തരിക പ്രകാശങ്ങൾക്ക് തിളക്കം കൂടും; ബാഹ്യമായ തടസ്സങ്ങൾക്കിടയിലും ആന്തരികസ്വാതന്ത്ര്യം അനുഭവിച്ചവരാണ് വിശുദ്ധർ. ആത്മാവിന്റെ കനത്ത ഇരുണ്ട രാത്രികളിലൂടെ കടന്ന് പോയ വാഴ്ത്തപ്പെട്ട മദർ തെരേസയും, വി.കൊച്ചുത്രേസ്യയും, ആശ്രമത്തിന്റെ ഇരുണ്ട മുറികളിലകപ്പെട്ടപ്പോൾ, ആധ്യാത്മീക ഗാനങ്ങൾ രചിച്ച കുരിശിന്റെ വി.യോഹന്നാനും, വഴിയിൽ അന്ധനാക്കപ്പെട്ട പൗലോസും നമുക്ക് മാതൃകയാണ്.

ഇത്തരത്തിലുള്ള പ്രതിസന്ധികളിൽ തളരാതെ വിശുദ്ധരെപ്പോലെ കരുത്തരാകാൻ വി.തെർത്തുല്യന്റെ വാക്കുകൾ നമ്മെ ശക്തിപ്പെടുത്തട്ടെ, 'ഞങ്ങളെ പീഡിപ്പിക്കുക, ഞെരുക്കുക. എത്രയധികമായി ഞങ്ങളെ അമർത്തുന്നുവോ അത്രയധികം ഞങ്ങൾ വളരും, രക്തസാക്ഷികളുടെ നിണമാണ് പുതിയ ക്രിസ്ത്യാനികളെ ജനിപ്പിക്കുന്ന വിത്ത്.'

നാലാമതായി **സീലോഹായിൽ കഴുകുന്നു.** 'സീലോഹാ' എന്നാൽ 'അയയ്ക്കപ്പെട്ടവൻ' എന്നർത്ഥം. ദൈവത്തിൽ നിന്ന് അയയ്ക്കപ്പെട്ടവനായ ഈശോയെ നമ്മുടെ അടയ്ക്കപ്പെട്ട കണ്ണുകളെ, പ്രതിസന്ധിയിലിരിക്കുന്ന ജീവിതങ്ങളെ കഴുകി വിശുദ്ധീകരിക്കുമ്പോൾ, സാന്ത്വനത്തിന്റെ, സൗഖ്യത്തിന്റെ കുളിർമ ലഭിക്കും. ഹൃദയം ഉരുകി വരുന്ന അനുതാപത്തിന്റെ ജലത്തിൽ നമ്മെ കഴുകുമ്പോൾ പരിശുദ്ധാത്മാവിന്റെ കൃപകൾ നമുക്ക് ലഭിക്കും. നമ്മുടെ ജീവിതത്തിലെ സാധാരണ സംഭവങ്ങളിലൂടെ കടന്നുവന്ന് നമ്മെ അനുഗ്രഹിച്ച് കടന്ന് പോകുന്ന അവിടത്തെ മനസ്സിലാക്കാനാവാത്ത നാം കാഴ്ചയുള്ള അന്ധരായി മാറിയിരിക്കുകയാണ്.

ഇന്നത്തെ സുവിശേഷം വായിച്ച്, ധ്യാനിച്ച് നമ്മുടെ ജീവിതമൊന്ന് വിലയിരുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ ആത്മീയ അന്ധത നമ്മളിന്ന് തിരിയുന്നുണ്ടോ? ആ തിരിച്ചറിവിന്റെ നിറവിൽ അന്ധത നീക്കുവാനത്ര ശക്തമാണോ നമ്മുടെ വിശ്വാസം? പ്രകാശമായ യേശുവിനെ അനുഗമിച്ച് കൈവിളക്കുകളാകാൻ നമുക്ക് കഴിയുന്നുണ്ടോ? അതോ ഫരിസേയനെപ്പോലെ ഞങ്ങളും അന്ധരാണോ? എന്ന ചോദ്യത്തിൽ അവസാനിപ്പിക്കുകയാണോ നമ്മുടെ ധ്യാനം?

ഒത്തിരി മേഖലകളിൽ അന്ധത ഇന്ന് വ്യാപിച്ചിട്ടുണ്ട്. സ്പോർട്സിന്റെ അമിത ഭ്രമം കൊണ്ട് അന്ധരായവർ, കാമവെറി മൂത്ത് കാഴ്ച നഷ്ടപ്പെടുന്നവർ, മദ്യാസക്തികൊണ്ട്, മതമൗലികത കൊണ്ട്, പകയും വിദ്വേഷവും കൊണ്ട്- അതുപോലുള്ള തിന്മകളാൽ തിമിരം ബാധിച്ചവർ. ആത്മീയാന്ധത ബാധിച്ച സോദരർ ഇന്ന് കൊച്ചു കേരളത്തിൽ ക്രമാതീതമായി പെരുകുകയല്ലേ? ക്രിക്കറ്റ് കളിയുള്ളപ്പോൾ കളി കാണുന്ന മാതാപിതാക്കളും 'ക്ലാസ്സ് കട്ട് ചെയ്യുന്ന കുട്ടികളും' കാമവെറി മൂത്ത് കൊലപാതകവും ആത്മഹത്യയും നടത്തുന്ന കമിതാക്കളും മദ്യപാനം മൂലം അമ്മപെങ്ങന്മാരെ തിരിച്ചറിയാൻ കഴിയാതെ കുടുംബജീവിതത്തിന്റെ മഹത്വം മനസ്സിലാക്കാതെ പോകുന്നവരും ഇന്നിന്റെ അപകടകാരികളായ അന്ധന്മാരല്ലേ? മനുഷ്യത്വമില്ലാത്ത കാടത്തത്തിന്റെ തിമിരം ബാധിച്ചവർ.

പ്രകാശമായ ഈശോയിലുള്ള വിശ്വാസവും, മിശിഹാ അനുഭവവും മാത്രമേ നമ്മുടേയും ലോകത്തിന്റേയും അന്ധത നീക്കാൻ പര്യാപ്തമാകൂ. ഈശോയാകുന്ന-ശീലോഹായിൽ-അയക്കപ്പെട്ടവനിൽ- നമ്മെത്തന്നെ സ്നാനം ചെയ്ത്, ആത്മാവിൽ നിറഞ്ഞ് പര്യാപ്തരാകാം നമുക്ക്. യേശുവേ, അങ്ങയെ കാണാനുള്ള കാഴ്ചശക്തിയും അങ്ങയെ നൽകാനുള്ള ഉൾക്കാഴ്ചയും എനിക്ക് പ്രദാനം ചെയ്യേണമേ... ■

നീർച്ചാലുകൾ

ഫാ. എഡിസൻ യോഹന്നാൻ

# നീ നിത്യജീവിതത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു

എസെ: 37:12-14 | റോമ: 8:8-11 | യോഹ. 11:1-45

ഈ ജീവിതത്തിൽ നന്മകളെ ഈ ഭൂമിയിൽ അവശേഷിപ്പിച്ച് ഇവിടം വിട്ടുപോകേണ്ടവരാണ് മനുഷ്യരായ നാമെല്ലാം. ഇന്ന് നോമ്പുകാലത്തിലെ അഞ്ചാം ഞായർ. യേശുനാഥൻ പ്രവർത്തിച്ച അത്ഭുതങ്ങളിൽ യോഹന്നാൻ സുവിശേഷകന്റെ ഭാഷയിൽ 'അടയാളങ്ങളിൽ' അവസാനത്തെതാണ് ലാസറിന്റെ ഉയിർപ്പ് (യോഹ. 11: 1-45). യേശു സ്നേഹിച്ചവരെക്കുറിച്ചുള്ള ഒരു സുവിശേഷഭാഗം. ലാസറും, സഹോദരങ്ങളായ മാർത്തയും, മറിയവും ശിഷ്യരും പിന്നെ അവിടെ കൂടിയിരുന്ന ജനവും സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നു. ലാസർ ജീവിച്ചിരുന്നത് ജറുസലേം പട്ടണത്തിൽ നിന്ന് ഏകദേശം രണ്ടുമൈൽ അകലെയുള്ള ബഥാനിയാ എന്ന ഗ്രാമത്തിലായിരുന്നു. ഈ കുടുംബത്തിന് യേശുവിനോട് പ്രത്യേക കരുതൽ ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലോ ലാസർ രോഗബാധിതനായപ്പോൾ സഹോദരിമാർ യേശുവിനെ വിവരമറിയിച്ചത് (യോഹ. 11:3). യേശുവിന്റെ മുൻ സന്ദർശനങ്ങൾ ബഥാനിയ ഉൾപ്പെടുന്ന യൂദയാ പ്രദേശത്തെ യഹൂദ മതഅധികാരികൾക്ക് വിദ്വേഷമുളവാക്കിയിരുന്നു (യോഹ. 11:8). കൂടാതെ ഗലീലിയായിൽ നിന്ന് ഇവിടേക്ക് എത്തുവാൻ രണ്ടുദിവസത്തെ വഴി പിന്നിടണം.

യേശുവിന് മുൻപിൽ അവിടുത്തെ സ്നേഹിക്കുന്നവർക്കായി വന്നണയുന്ന തടസങ്ങൾ ഒന്നുമല്ലാതാകുന്നു. രണ്ടുദിവസം കഴിഞ്ഞ് യാത്രതുടങ്ങുന്ന യേശുവും ശിഷ്യരും നാലുദിവസം കഴിഞ്ഞ് ബഥനിയിൽ ലാസറിന്റെ വീട്ടിൽ എത്തുന്നു.

യേശുവിന്റെ സൗഖ്യാത്ഭുതങ്ങളിൽ വിശ്വസിച്ച മാർത്ത തന്റെ സഹോദരനെ രോഗാവസ്ഥയിൽ നിന്നും സുഖപ്പെടുത്താൻ യേശുവിന് കഴിയും എന്ന് വിശ്വസിച്ചിരുന്നു (യോഹ. 11:21). പക്ഷേ ഇപ്പോൾ അവൻ മരിച്ചു. " എന്നാൽ നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്നെനിക്കറിയാം" (യോഹ. 11: 22) എന്നവൾ യേശുവിനോട് പറഞ്ഞു. ദൈവം നമ്മുടെ പ്രാർഥനകൾ ശ്രവിക്കുമോ? ചോദിക്കുന്നതെന്തും തരുമോ? യോഹന്നാന്റെ ഭാഷ്യമനുസരിച്ച് രണ്ടു വ്യവസ്ഥകൾ ഇതിന് ബാധകം. ആദ്യമായി, നാം ചോദിക്കുന്ന കാര്യം ഉദ്ദേശശുദ്ധിയുള്ളതും ദൈവഹിതപ്രകാരമുള്ളതുമായിരിക്കണം. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവ് പുത്രനിൽ മഹത്വപ്പെടുത്താൻ വേണ്ടി ഞാൻ പ്രവർത്തിക്കും" (യോഹ. 14:13). "അവന്റെ ഇഷ്ടത്തിനനുസൃതമായി എന്തെങ്കിലും നാം ചോദിച്ചാൽ അവിടുന്ന് നമ്മുടെ പ്രാർഥന കേൾക്കും" (1 യോഹ. 5:14). രണ്ടാമതായി, നാം എങ്ങനെ ചോദിക്കുന്നു എന്നത്; ഇതിനായി ദൈവം ആവശ്യപ്പെടുംവിധം ജീവിക്കണം. 'നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിക്കുക, നിങ്ങൾക്ക് ലഭിക്കും" (യോഹ 15:7). മാർത്തയുടെ അപേക്ഷ ഈ വ്യവസ്ഥകൾ അനുസരിച്ചുള്ളവയായിരുന്നു; കൂടാതെ അവൻ യേശുവാണ് "ലോകത്തിലേക്ക് വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്ന്" വിശ്വസിച്ച് ഏറ്റുപറഞ്ഞു. പക്ഷേ യേശു എപ്രകാരമാണ് തന്റെ ദൗത്യം പൂർത്തിയാക്കുക എന്ന് അവൾക്ക് അറിയില്ല. തുടർന്ന് നടത്തിയ തന്റെ സഹോദരന്റെ ഉയിർപ്പിലൂടെ മരണത്തിനുമേൽ വിജയം നേടി ജീവൻ നൽകുന്നവനുമാണ് ക്രിസ്തു എന്നവൾ മനസ്സിലാക്കി. യേശുവാണ് കുരിശിലൂടെ മരണത്തിൽ നിന്നും ഉത്ഥാനം ചെയ്ത ക്രിസ്തു, ദൈവരക്ഷയുടെ വാഗ്ദാനം, ജീവനും പുനഃരുത്ഥാനവും."


യേശുവിന്റെ കാലയളവിലും മനുഷ്യജീവിതാന്ത്യത്തെക്കുറിച്ച് വിവിധ ചിന്തകൾ ഉണ്ടായിരുന്നു. സദുക്കായർ എന്ന യഹൂദ മതവിഭാഗത്തിലെ ആളുകൾ പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നത് മരണശേഷം ആത്മാവ് ശരീരത്തോടൊപ്പം നശിക്കുന്നു, സ്വർഗമോ നരകമോ ഇല്ലയെന്നും കൂടാതെ ന്യായവിധിയോ ശിക്ഷയോ ഇല്ല എന്നുമായിരുന്നു. യേശുവും ശിഷ്യരും മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നത് ഫരിസേയരുടെ യുഗാന്ത്യ ദർശനത്തോട് സാമ്യമുള്ള ചിന്താഗതിയാണ്. "അന്ത്യദിനത്തിലെ പുനഃരുത്ഥാനത്തിൽ അവർ ഉയർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം." എന്ന് മാർത്ത പറഞ്ഞത് (യോഹ. 11:24) പൊതുവായ ഉത്ഥാനത്തെക്കുറിച്ചാണ്. എന്നാൽ ലാസറിന്റെ ഉയിർപ്പ് പ്രത്യേക ഉത്ഥാനമാണ്; ദൈവത്തിന്റെ മഹത്വം വെളിപ്പെടാൻ വേണ്ടിയുള്ള അടയാളം, യേശുവിന്റെ ഉത്ഥാനത്തിന്റെ മുന്നാസ്വാദനം; കൂടാതെ മരണശേഷം മനുഷ്യൻ നിത്യജീവനിലേക്ക് നയിക്കപ്പെടാമെന്നുള്ള സൂചനയും പ്രത്യാശയും.

ഈ ഭൂമിയിലെ മരണം ഒരു നീണ്ട ഉറക്കമാണ്, വീണ്ടും ഉണരുവാനുള്ള ഉറക്കം; 'ബാലിക ഉറങ്ങുകയാണ്', 'ലാസർ ഉറങ്ങുകയാണ്' (യോഹ. 11: 11). ലാസറിന്റെ ഉയിർപ്പിലൂടെ യേശുവിന്റെ ഉത്ഥാനത്തിനായി ശിഷ്യരെ ഒരുക്കിയ യേശു മരണത്തെ നിത്യജീവിതത്തിലേക്കുള്ള വാതായനമായി കാണാൻ നമ്മെ പഠിപ്പിക്കുന്നു. ഉയിർപ്പിക്കപ്പെട്ട ലാസർ വീണ്ടും മരിച്ചു; എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പ് നിത്യജീവിതത്തിലേക്ക് ആണല്ലോ. നിത്യജീവിതത്തിലേക്ക് വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികളായ നാമെല്ലാവരും; ദൈവഹിതമനുസരിച്ചുജീവിച്ച് അവിടത്തെ പ്രിയപ്പെട്ടവരാകാം. ലാസറിനെ ഉയർപ്പിച്ച ക്രിസ്തുവിന് നമ്മെ പുതുജീവിതത്തിലേക്ക് നയിക്കുവാനാകും; നമ്മുടെ കെട്ടുകൾ അഴിക്കുവാനാകും (യോഹ. 11:44). ഈ തപസ്സുകാലത്തെ അവസാനത്തെ ദിനങ്ങൾ നമുക്ക് നവീകരണത്തിന്റെ, അനുരഞ്ജനത്തിന്റെ ദിനങ്ങളാക്കാം. ■



# വചനജ്വാല

**2020 ഏപ്രിൽ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



# നാം എന്തിന് ഭയപ്പെടണം അവൻ ഉയർപ്പിക്കപ്പെട്ടിരിക്കുന്നു

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

ഫെബ്രുവരി 26-ാം തീയതി നെറ്റിയിൽ ചാരം പൂശിക്കൊണ്ട് നാം തുടക്കം കുറിച്ച നീണ്ട 40 ദിവസത്തെ നോമ്പനുഷ്ഠാനങ്ങൾക്ക് പരിസമാപ്തി കുറിക്കുന്ന ഉയിർപ്പ് കാലത്തിന് തുടക്കം കുറിക്കുകയാണ് ഏപ്രിൽ മാസം. ഒപ്പം നമ്മുടെ ഇടവക - ഫെറോന - അതിരൂപതാതലത്തിൽ പുതിയൊരു പദ്ധതി വർഷത്തിന്, കർമ്മ പദ്ധതികൾക്ക് ആരംഭം കുറിക്കുന്ന മാസം കൂടിയാണ് ഏപ്രിൽ. അതിനാൽ തന്നെ ഈ മാസത്തെ കുടുംബ കൂട്ടായ്മ യോഗത്തിൽ യേശുവിന്റെ പുനരുത്ഥാനം നമ്മുടെ വിശ്വാസ വളർച്ചയിലും അനുദിന ജീവിതത്തിലും നൽകുന്ന സന്ദേശമെന്താണെന്നും ഒപ്പം കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ യൂണിറ്റ് - ഇടവകതലത്തിൽ വിഭാവന ചെയ്ത പ്രവർത്തനങ്ങൾ എത്രമാത്രം നടത്താൻ സാധിച്ചു, അതിലൂടെ കൈവരിച്ച നേട്ടം എന്തൊക്കെയാണ്, കഴിഞ്ഞ പദ്ധതി വർഷം ആസൂത്രണം ചെയ്തിട്ടും നടക്കാതെ പോയ പദ്ധതികൾ ഏവ, എന്തുകൊണ്ട് നടത്താൻ സാധിക്കാതെ പോയി, ഈ വർഷം വിഭാവന ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളും അവയുടെ ലക്ഷ്യങ്ങളും ഇത്തരം കാര്യങ്ങൾ ആത്മാർത്ഥതയോടും താല്പര്യത്തോടും കൂടി ചർച്ചാവിധേയമാക്കണം. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് യേശുവിന്റെ പുനരുത്ഥാനം. ഈശോ പ്രവർത്തിച്ച ഏറ്റവും വലിയ അത്ഭുതം അവിടുത്തെ ഉത്ഥാനമായിരുന്നു. ജീവന്റെ പുതിയനാളങ്ങൾ വിടർത്തുന്ന, മനുഷ്യാസ്തിത്വത്തിന് പുതിയ ചക്രവാളങ്ങൾ തുറന്നിടുന്ന, മനുഷ്യചരിത്രത്തിലെ ഏറ്റവും ശക്തമായ കുതിപ്പാണത്. മരണമെന്ന ഗുഹയിലൂടെ കടന്നുപോയ യേശു ഈ ലോകത്തിലേക്ക് തിരിച്ചുവരികയായിരുന്നില്ല, ഉത്ഥാനത്തിലൂടെ ജീവന്റെ ഒരു പുതിയ തലത്തിലേക്ക് പ്രവേശിക്കുകയായിരുന്നു. അത് യേശുവിനു വേണ്ടി മാത്രമായിരുന്നില്ല യേശുവിനോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാവർക്കും ജീവിന്റെ ആ പുതിയഘട്ടത്തിലേക്കുള്ള പാത തുറന്നിടാൻ വേണ്ടി മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റപ്പോൾ യേശുവിനുണ്ടായ ജീവൻ ജീവശാസ്ത്രപരമായ ജീവനല്ല. യേശുവിന്റെ പുനരുത്ഥാനം ജീവിതത്തിന്റെ തന്നെ ഒരു നൂതനരൂപത്തിന്റെ പിറവിയായിരുന്നു. മരണം, അഴിയൽ എന്ന സാധാരണജീവിതനിയമത്തിനു വിധേയമാകാത്തതാണത്. ഉത്ഥാനം ചെയ്തവന് കിട്ടിയത് അനശ്വരജീവനാണ്. നായീനിലെ വിധവയുടെ മകന്റെ കാര്യത്തിലോ, ബഥാനിയായിലെ ലാസറിന്റെ കാര്യ

ത്തിലോ, ജെയ്റോസിന്റെ മകളെ ഉയിർപ്പിച്ചപ്പോൾ സംഭവിച്ചതുപോലെയോ മുമ്പത്തെപ്പോലെ ഭൗതിക ജീവിതത്തിലേക്കല്ല ക്രിസ്തു തിരിച്ചെത്തിയത്. അവർ മൂന്നു പേരും ഈ ലോകജീവിതത്തിലേക്കാണ് തിരിച്ചെത്തിയത്. പിന്നീട് മരിക്കുകയും ചെയ്ത രസതന്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും നിയമങ്ങളാൽ നിയന്ത്രിക്കപ്പെടാത്ത നിത്യജീവിതത്തിലേക്കാണ് ക്രിസ്തു ഉയിർത്തെഴുന്നേറ്റത്. ജീവിതത്തിന് പുത്തൻ ഉണർവും പ്രത്യാശയും ഉത്തരവാദിത്ത ബോധവും നൽകുന്നതാണ് യേശുവിന്റെ ഉത്ഥാനം. ഈ ചിന്തയോടുകൂടി നമുക്ക് ഇന്നത്തെ കുടുംബ കൂട്ടായ്മ യോഗത്തിൽ താല്പര്യപൂർവ്വം പങ്കുചേരാം.

## 4. യേശുവിനെ ക്ഷണിക്കൽ

യേശുവിന്റെ പുനരുത്ഥാനത്തിലൂടെ നമുക്ക് ലഭിച്ച പ്രത്യാശയിൽ ഉറച്ച് നിന്നു കൊണ്ട്, അനുദിനജീവിത ക്ലേശങ്ങളെ തരണം ചെയ്യാനുള്ള ശക്തി യാചിച്ചുകൊണ്ട് നിത്യജീവൻ പകരുന്ന നീർച്ചാലായ യേശുവിനെ ഈ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**മർക്കോ 16:1–13**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

- പാലസ്തീനായിലെ ശവകുടീരങ്ങളുടെ കവാടം കടന്ന് പടിയിറങ്ങിച്ചെന്നാൽ ഒരു മുറിയിലാണെത്തുക. ആ മുറിയുടെ ഭിത്തിയിലാണ് കല്ലിൽ വെട്ടിയുണ്ടാക്കിയ കല്ലറ. യേശുവിനെ അടക്കിയ ശവകുടീരത്തിന്റെ കല്ലാണ് യഹൂദനേതാക്കൾ മുദ്രവച്ച് അടച്ച് കാവൽ ഏർപ്പെടുത്തിയത്.
- പ്രിയപ്പെട്ടവരെ അടക്കിയാൽ അവരോട് സ്നേഹമുള്ളവർ മൂന്നുദിവസം അവരുടെ കല്ലറ സന്ദർശിക്കുന്ന പതിവ് പാലസ്തീൻകാർക്കുണ്ട്. ശവകുടീരത്തിന്റെ വാതിൽക്കൽ നിന്ന് ആര് കല്ലുരുട്ടിമാറ്റും എന്ന ചിന്തയോടെയാണ് മഗ്ദലേനമറിയവും കൂട്ടരും കല്ലറയിങ്കലേക്ക് വരുന്നത്.
- യേശുവിനെ സംസ്ക്കരിച്ചിടത്ത് ആദ്യം അവന്റെ ശരീരം കണ്ടില്ല എന്നതാണ് ഉത്ഥാന ചിന്തയിലേക്കു നയിക്കുന്ന ആദ്യസൂചന.
- ഉത്ഥാനത്തിനുതടസ്സം കേവലമൊരു കല്ലല്ല. കല്ലുപോലെ ഉറച്ചുപോയ മനുഷ്യന്റെ അവിശ്വാസമാണ്. ഓരോ മനുഷ്യന്റേയും ജീവിതത്തിൽ അവിശ്വാസത്തിന്റെ കല്ല് തട്ടിമാറ്റപ്പെടുന്ന ദിവസമാണ് ഉത്ഥാനതിരുനാൾ.
- ജീവിതപ്രതിസന്ധികളിൽപ്പെട്ട് നട്ടം തിരിഞ്ഞ് നിരാശപ്പെടുന്നവരുടെ ജീവിതത്തിലേക്ക് ദൈവം മാലാഖമാരെ അയച്ച് അവരുടെ ജീവിതങ്ങൾക്കും ഉത്ഥാനവെളിച്ചം നൽകും. യേശുവിലുള്ള അടിയുറച്ച വിശ്വാസമാണ് എല്ലാ പ്രതിബന്ധങ്ങളേയും പ്രാരാബ്ധങ്ങളേയും നേരിടാൻ ഓരോ വ്യക്തിയേയും കുടുംബത്തേയും സഹായിക്കുക.
- നമ്മുടെ ജീവിതത്തിലെ സഹനങ്ങൾക്കു പുറകിൽ സമാനമായ ദൈവികപദ്ധതിയുണ്ടെന്ന് ശൂന്യമായ കല്ലറ വ്യക്തമാക്കുന്നു. ദൈവത്തിലാശ്രയിക്കുന്നവർക്ക് എല്ലാം അവിടുന്ന് നന്മയ്ക്കായ് മാറ്റും.
- നിരാശയോടെ കല്ലറ തേടിവന്നവർ ആനന്ദത്തോടെ ആ സദ്വാർത്ത പ്രഘോഷിക്കാനുള്ള ഉത്തരവാദിത്വവും ഏറ്റെടുത്ത് മടങ്ങുന്നു. യേശുവിലൂടെ ദൈവം ലോകത്തിനു നൽകിയ രക്ഷയെ, പ്രത്യാശയെ പ്രഘോഷിക്കുന്നതിനുള്ള കടമ ഓരോ ക്രൈസ്തവനുമുണ്ട്.
- തിന്മയുടെ വിജയം കണ്ട് നാം ഭയപ്പെടേണ്ടതില്ല. ദുഃഖവെള്ളിയിൽ നിന്ന് ഉത്ഥാനത്തിന്റെ ആഹ്ലാദത്തിലേക്ക് ഏതാനും മണിക്കൂറുകളുടെ അകലമേയുള്ളൂവെന്ന് യേശുവിന്റെ പുനരുത്ഥാനം നമ്മെ ഓർമ്മിപ്പിക്കുന്നു.
- തന്റെ പുനരുത്ഥാനത്തിലൂടെ നമ്മുടെ നശ്വരജീവിതങ്ങളെ മിശിഹാ ദൈവീക ജീവിനിലേക്ക് ചേർക്കുന്നു. ഈ നിത്യജീവനാണ് നമ്മുടെ പ്രത്യാശ.
- മരണത്തെ അതിജീവിച്ചുകൊണ്ടുള്ള യേശുവിന്റെ പുനരുത്ഥാനവും അത് നൽകുന്ന ഉൾക്കാഴ്ചകളും നിരാശയുടെ പടുകുഴിയിലകപ്പെട്ട് നഷ്ടധൈര്യരായി ജീവിതം അവസാനിപ്പിക്കാതെ പ്രത്യാശയോടെ ജീവിതത്തെ അഭിമുഖീകരിക്കുവാനുള്ള കരുത്ത് പകരുന്നു.
- പുതിയ പദ്ധതി വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നാം വിഭാവന ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളും യൂണിറ്റ് അംഗങ്ങൾക്കും ഇടവക മക്കൾക്കും യേശുവിന്റെ ഉത്ഥാന അനുഭവം, പ്രത്യാശ സ്വായത്തമാക്കുവാനും അത് പങ്കുവക്കുവാനുമുള്ള പ്രചോദനമേകുന്നു.

നമുക്കു ചുറ്റും വർദ്ധിച്ചുവരുന്ന മരണ സംസ്ക്കാരത്തെ അതിജീവിച്ച് ജീവ സംസ്ക്കാരത്തിന്റെ വക്താക്കളാകുവാനുള്ള പ്രചോദനമേകുന്നു.

- യൂണിറ്റിന്റെ, ഇടവകയുടെ, സഭയുടെ വളർച്ചയിൽ ഉത്തരവാദിത്തത്തോടെ പങ്കുചേരാൻ നമ്മെ പ്രാപ്തരാക്കുന്നു.

## 8. ചർച്ച

a. യേശുവിന്റെ ഉയിർപ്പിലുള്ള വിശ്വാസം നമുക്കു ചുറ്റുമുള്ള തിന്മകളെ, അന്ധകാരശക്തികളെ അതിജീവിക്കുന്നതിനുള്ള ശക്തിയായ് അനുഭവപ്പെടുന്നുണ്ടോ?

b. കഴിഞ്ഞ പദ്ധതിവർഷം ഓരോ ശുശ്രൂഷാ സമിതിയും നമ്മുടെ ഇടവകയിൽ, യൂണിറ്റിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ഏവ?

c. ഈ വർഷം നടപ്പിലാക്കുവാനായി ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ ഏവ?

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ഞങ്ങളെ വീണ്ടെടുത്ത ദൈവമേ, ദൈവവചനത്തിലൂടെയും ദിവ്യകാരുണ്യത്തിലൂടെയും അനുദിനജീവിതത്തിൽ ഉത്ഥിതനായ യേശുവിനെ സ്പർശിക്കാനും അനുഭവിക്കാനും, അതുവഴി ക്രിസ്തീയ പൂർണ്ണത പ്രാപിച്ച് നിത്യജീവിതത്തിലേക്ക് പ്രവേശിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# വിശ്വപ്രകാശ് സെൻട്രൽ സ്കൂൾ

**മങ്കാട്ടുകടവ്, തിരുമല.**

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആത്മീയആചാര്യനായ അഭിവന്ദ്യസൂസപാക്യം പിതാവിന്റെസ്വപ്നപദ്ധതിയാണ് തിരുമലയ്ക്കുസമീപം മങ്കാട്ടുകടവിൽ സ്ഥാപിതമായ "സെന്റർഓഫ് എക്സലൻസ്". അതിരൂപതയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കു കുടുംബങ്ങളിലെ സമർത്ഥരായ ആൺകുട്ടികളെയും പെകുട്ടികളെയും 5-ാം ക്ലാസ്സിൽ വച്ച്തിരഞ്ഞെടുത്ത് 12-ാം ക്ലാസ്സുവരെ സി.ബി.എസ്.ഇ സിലബസിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി അവരെ നല്ല സഭാസ്നേഹികളും രാജ്യസ്നേഹികളുമാക്കി മാറ്റുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. 2003 ൽ ചെറിയൊരുകാൽവയ്പോടെ അനേകരുടെ പ്രാർത്ഥനയോടും സാമ്പത്തികസഹായത്തോടുംആരംഭിച്ച ഈ സംരംഭം ഇന്ന് ഒരു പ്രസ്ഥാനമായി വളർന്നിരിക്കുന്നു. 2011 മുതൽ +2 വിജയിച്ച് പുറത്തുപോയ കുട്ടികൾ മെഡിസിൻ, എൻഞ്ചിനീയറിംഗ്, ബിസിഎ, സിഎ, ബിബിഎ, ബികോം, ഫിസിക്കൽ എജഡ്യൂക്കേഷൻ തുടങ്ങിയ ഡിഗ്രി കോഴ്സുകൾ ലോകത്തിന്റെവിവിധഭാഗങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്നു.

തിരുവനന്തപുരം അതിരൂപതയിലെ മക്കൾക്കായി ആരംഭിച്ച ഈ സ്ഥാപനം അയൽവാസികളുടെ അഭ്യർത്ഥന പ്രകാരം അവരുടെ മക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് 'വിശ്വപ്രകാശ് സെൻട്രൽ സ്കൂൾ' എന്ന പേരിൽ ഇന്ന് ഈപ്രദേശത്ത് പ്രശസ്തിയാർജ്ജിച്ചുവരുന്നു. വിദ്യാഭ്യാസം കച്ചവടമാക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കുറഞ്ഞ ചെലവിൽമെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതാണ് ഈ വിദ്യാലയത്തിന്റെ പ്രത്യേകത.

സർഗ്ഗാത്മകതയും, ധാർമ്മിക ഉത്തരവാദി




ത്തവും, മനോവികാരങ്ങളെ പക്വതയോടെ കൈകാര്യം ചെയ്യാനുള്ള കഴിവും, സാമൂഹിക അവബോധവുമുള്ള ധിഷണാശാലികളായ ഉത്തമ വിദ്യാർത്ഥി - വിദ്യാർത്ഥിനികളെ വാർത്തെടുക്കുകയാണ് സി.ബി.എസ്.ഇ അഫിലിയേഷനോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ആത്യന്തികമായ ഉദ്ദേശ്യം.

പ്രീ-പ്രൈമറിമുതൽ പ്ലസ്ടു വരെ 800 ലധികം വിദ്യാർത്ഥികളും 39 അദ്ധ്യാപകരും 28 അനദ്ധ്യാപകരും മൂന്നു വൈദീകരുമടങ്ങുന്നതാണ്വിശ്വപ്രകാശ്കുടുംബം. പാഠ്യവിഷയങ്ങൾക്കൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളുടെ സർവ്വോന്മുഖമായ വികാസം മുൻനിറുത്തിയുള്ള പഠനസമ്പ്രദായമാണ് ഇവിടെ പിൻതുടരുന്നത്. സി.ബി.എസ്.ഇ. സിലബസിൽ ഉന്നത പഠനനിലവാരത്തോടെ പുറത്തിറങ്ങുന്ന ഇവിടുത്തെ വിദ്യാർത്ഥികൾ രാഷ്ട്രത്തിന്റെസാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നു. വിവിധ മേഖലകളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

2017 - 2018, 2018 - 19 അദ്ധ്യയന വർഷങ്ങളിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ 100% വിജയംമേൽപ്പറഞ്ഞ വസ്തുതയെശരിവയ്ക്കുന്നു. 62 വിദ്യാർത്ഥികൾ 12-ാം ക്ലാസ്സിൽ പരീക്ഷ എഴുതി നൂറുശതമാനം വിജയംകരസ്ഥമാക്കി. 10 വിദ്യാർത്ഥികൾഎല്ലാവിഷയങ്ങൾക്കു എ1 നേടുകയും, 5 പേർ സി.ബി.എസ്.ഇ. മെരിറ്റ്സ് കോളർഷിപ്പിന് അർഹരാകുകയുംചെയ്തു. 18 ഡിസ്റ്റിംങ്ഷനും 34 ഫസ്റ്റ് ക്ലാസ്സുംഇതിൽ ഉൾപ്പെടുന്നു. 61 വിദ്യാർത്ഥികൾ 10-ാം ക്ലാസ്സിൽ നൂറുശതമാനം വിജയത്തോടൊപ്പം 10 എ1 ഉം 28 ഡിസ്റ്റിങ്ഷനും 23 ഫസ്റ്റ് ക്ലാസ്സും നേടി.

ഇംഗ്ലീഷ് പഠനമാദ്ധ്യമമായ ഈ വിദ്യാലയം വരുംഭാവിയിൽ വിദ്യാഭ്യാസ രംഗത്ത് ഒരു ഉത്കൃഷ്ട പഠനകേന്ദ്രമാകും എന്ന് പ്രത്യാശിക്കുന്നതോടൊപ്പം വിശ്വത്തിന് പ്രകാശമേകുന്ന യുവതലമുറയെ സജ്ജമാക്കുന്നതിനായി അശ്രാന്ത പരിശ്രമത്തോടെ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. ■

നേർക്കാഴ്ച

ജെ.സി



# കുടിയൊഴിക്കപ്പെടുന്ന തീരജനത

കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റിപാർപ്പിക്കുന്നതിനുവേണ്ടി സർക്കാർ തയ്യാറാക്കിയ പദ്ധതിയാണ് പുനർഗേഹം. പ്രതീക്ഷിത പദ്ധതി ചെലവ് 2450 കോടി. തീരത്തുനിന്ന് മാറി സുരക്ഷിത മേഖലയിലേക്ക് മാറിതാമസിക്കാൻ തയ്യാറാകുന്ന മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപ ധനസഹായം നൽകാൻ ലക്ഷ്യമിടുന്നതാണ് പദ്ധതി. ഭൂമിവാങ്ങാൻ ആറുലക്ഷവും ഭവനിർമാണത്തിന് നാലുലക്ഷവും ലഭിക്കും. അടുത്ത മൂന്നുവർഷത്തിനുള്ളിൽ നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതി, തീരത്തുനിന്ന് തങ്ങളെ തന്ത്രപരമായി കുടിയൊഴിപ്പിക്കാനുള്ള നീക്കമാണെന്ന് മത്സ്യത്തൊഴിലാളികളിലേറെപ്പേരും കരുതുന്നു. കടൽകയറ്റം (തീരശോഷണം) രൂക്ഷമാകുന്ന സാഹചര്യത്തിൽ പുനഃരധിവാസപദ്ധതി പൂർണമായി തള്ളിക്കളയാനും ഇവർക്ക് കഴിയുന്നില്ല. സർക്കാർ തയ്യാറാക്കിയ തീരദേശപരിപാലന നിയമലംഘനങ്ങളുടെ പട്ടികയിൽ ഭൂരിഭാഗവും മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളാണെന്ന് റിപ്പോർട്ടു പുറത്തുവന്നത് ഈയടുത്തകാലത്താണ്. ആശങ്കകൾ നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളിൽ മിക്കവരും കടുത്ത സമ്മർദ്ദത്തിലാണ്. ആറുലക്ഷം രൂപ ഭൂമി വാങ്ങാനും നാലുലക്ഷം രൂപ വീട് വയ്ക്കാനും. സ്ഥലത്തിന്റെ വില, രജിസ്ട്രേഷൻ ഫീസ്, എഴുത്തുകൂലി എന്നിവയുൾപ്പെടെയാണ് ആറുലക്ഷം അനുവദിക്കുക. ജനസാന്ദ്രതയേറിയ തീരങ്ങളിൽ ഈ തുക തീരെ അപര്യാപ്തമാണ്.

നിർബന്ധിച്ച് ഒരാളെയും കുടിയൊഴിപ്പിക്കില്ലെന്ന് സർക്കാർ വൃത്തങ്ങൾ പറയുന്നുവെങ്കിലും പദ്ധതിയോട് സഹകരിക്കാത്തവർക്ക് കടൽക്ഷോഭം മൂലം വീടിനും ഭൂമിക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സർക്കാർ ധനസഹായത്തിന് അർഹതയില്ലെന്നും ഉത്തരവിൽ പറയുന്നു. 590 കിലോമീറ്റർ വരുന്ന കേരള തീരത്ത് 350 കിലോമീറ്ററും അതിരൂക്ഷമായ കടൽകയറ്റഭീഷണി നേരിടുന്നു. തീരത്തെ ഇല്ലാതാക്കുന്ന വികസന പദ്ധതികൾ നടപ്പാക്കുന്ന സർക്കാർ തന്നെയാണ് ഇന്നത്തെ സ്ഥിതിക്ക് കാരണമെന്ന് മത്സ്യത്തൊഴിലാളികൾ ആരോപിക്കുന്നു. വിഴിഞ്ഞം തുറമുഖം തന്നെയാണ് ഏറ്റവും നല്ല ഉദാഹരണം.

വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നത് 18,685 കുടുംബങ്ങളാണ്. ഭൂമി ലഭ്യത കുറഞ്ഞ തീരദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിക്കാനാണ് സർക്കാർ നിർദേശിക്കുന്നത്. തിരുവനന്തപുരത്ത് തീരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രദേശങ്ങൾ നഗരപ്രദേശങ്ങളിലാണ്. വിഴിഞ്ഞത്തിന് വടക്കുള്ള ഈ പ്രദേശങ്ങളിൽ ഉയർന്ന വസ്തുവില കാരണം പുനർവാസത്തിന് പത്തുലക്ഷം രൂപ തികയില്ല. അതുകൊണ്ടുതന്നെ വലിയതുറ-മുട്ടത്തറ ഭാഗത്ത് കെട്ടികൊടുത്തതുപോലെ നഗരപ്രദേശങ്ങളിലുള്ള തീരവാസികളെ പുനഃരധിവസിപ്പിക്കാൻ സർക്കാർ തയ്യാറാവണം. പുനഃരധിവാസം ആവശ്യമാണ്. ഭൂമിവില അടിസ്ഥാനമാക്കി നഷ്ടപരിഹാരം നിശ്ചയിക്കണം. ഫ്ളാറ്റുകൾ നൽകുന്നുവെങ്കിൽ മെച്ചപ്പെട്ട സൗകര്യം ഉറപ്പാക്കുകയും വേണം. മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരഹരിക്കാനും സർക്കാർ സന്നദ്ധമാകണം.


ഫാത്തിമ മാതാ ഇടവക
കഴക്കൂട്ടം
വിശുദ്ധ
ഔസേപ്പിതാവിന്റെ
തിരുന്നാൾ
2020 മാർച്ച് 13 മുതൽ മാർച്ച് 19 വരെ
2020 മാർച്ച് 19
വ്യാഴം രാവിലെ 10 മണിക്ക്
അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ
ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയും
തുടർന്ന് സ്നേഹവിരുന്നും
ഏവർക്കും സ്വാഗതം...
design & print
Romanson

Pub. Date : 01.03.2020
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto